

MARQUÉS DE SAN JUAN
DE PIEDRAS ALBAS
EX LIBRIS

# വിശുദ്ധ ത്രേസ്യാ

## ജീവചരിത്ര കുറിപ്പുകൾ

ഒരു കൎമ്മലീത്താ മിഷ്യനരിയാൽ രചിക്കപ്പെട്ടതു.

PRINTED AT THE INDUSTRIAL SCHOOL PRESS,

ERNAKULAM.

1915

# വിശുദ്ധ ത്രേസ്യാ

## ജീവചരിത്ര കുറിപ്പുകൾ

ഒരു കർമ്മലീത്താ മിഷ്യനറിയാൽ രചിക്കപ്പെട്ടതു്.

[ രണ്ടാം പതിപ്പ കോപ്പി-൨൦൦൦. ]

PRINTED AT THE INDUSTRIAL SCHOOL PRESS,
**ERNAKULAM.**
**1915.**

Examinavimus hoc opusculum et permittimus ut imprimatur.

FR. BERNARDUS A JESU,

*Archiep. Verap.*

***Ernakulam, 12th Oct. 1915.***



വിശുദ്ധ ത്രേസ്യാ.

## അവതാരിക.

---

കർമ്മലീത്താ സഭയെ നവീകരിച്ച വിശുദ്ധ ത്രേസ്യാ, മോക്ഷഭാഗ്യ പ്രാപ്തയാണെന്നു പ്രസ്താവിക്കപ്പെട്ടിട്ട് ൟ ൧൯൨൨-ാമാണ്ടിൽ മൂന്നു നൂററാണ്ടുകൾ പൂർത്തിയായിരിക്കുന്നു. ആ ശതാബ്ദ ത്രയോത്സവത്തെ കൊണ്ടാടുന്ന ൟ വിശിഷ്ട സന്ദർഭത്തിൽ പ്രസ്തുത മഹാത്മാവിന്റെ ദീർഘമായ ജീവ ചരിത്രത്തിലടങ്ങിയിരിക്കുന്ന ഏതാനും പ്രധാന സംഭവങ്ങളെ പൊതുജന സമക്ഷത്തിൽ സമർപ്പിക്കണമെന്നുള്ള മുഖ്യോദ്ദേശത്തോടു കൂടിയാണു ൟ ചെറു പുസ്തകത്തെ ഞങ്ങൾ പ്രസിദ്ധീകരിക്കുന്നതു്.

മേല്പറയപ്പെട്ട ശതാബ്ദ പൂർത്തിയാഘോഷങ്ങളെ അംഗീകരിച്ചും പ്രോത്സാഹിപ്പിച്ചും, നിത്യസ്മരണെയ്ക്കർഹനായ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഇപ്പോൾ കർമ്മലീത്താ സഭയുടെ ജനറൽ അഥവാ സർവ്വാദ്ധ്യക്ഷ സ്ഥാനം വഹിക്കു

ന്ന നി. വന്ദ്യനായ ക്ലെമൻറച്ചനു ഒരു വിശേഷമായ തിരുവെഴുത്തയച്ചിട്ടുണ്ടായിരുന്നു. അതിനെ, സംക്ഷേപമായ ൟ ജീവചരിത്ര കുറിപ്പുകളോടു താരതമ്യപ്പെടുത്തി നോക്കിയാൽ അതിൻെറ ഒരു പരിഭാഷ ഇവിടെ മുഖവുരയായി ചേക്കാൻ വേണ്ടും യോഗ്യത ൟ ചെറിയ പുസ്തകത്തിനില്ലെന്നു സ്പഷ്ടമാകും. അതിനാൽ കത്തോലിക്കാ വായനക്കാർ അറിഞ്ഞിരിക്കേണ്ടതായ ആ തിരുവെഴുത്തിൻെറ പരിഭാഷ ഇതിൻെറ അവസാനത്തിൽ ഒരു അനുബന്ധമായി ചേൎത്തിരിക്കുന്നു.

വിശുദ്ധ ത്രേസ്യായിൽ വിസ്മയനീയമായി പ്രശോഭിച്ചിരുന്ന വിശ്വാസം, ഉപവി, എന്നീ ദൈവിക പുണ്യങ്ങളെക്കുറിച്ചു അതിൽ പരിശുദ്ധ പിതാവു് പ്രത്യേകം പ്രസ്താവിച്ചതിൻെറശേഷം, ആ സുകൃതിനി, തനിക്കു നേരിട്ട അനവധി വിഘ്നങ്ങളെ ക്രൂട്ടാക്കാതെ, കൎമ്മലീത്താ സഭയെ പരിഷ്ക്കരിക്കുന്ന മഹത്തായ ജോലിയെ നി

ർപ്പിച്ചതിൽ കാണിച്ച ധീരോദാത്തത യെപ്പററി വിചിന്തനം ചെയ്യിരിക്കുന്നു. ഗഹനങ്ങളായ ദൈവശാസ്ത്ര തത്വങ്ങ ളെക്കുറിച്ചു ത്രേസ്യാ പുണ്യവതി എഴുതി യിട്ടുള്ള ആശ്ചര്യകരങ്ങളായ പുസ്തകങ്ങ ളിലേയ്ക്കു പരിശുദ്ധ പിതാവു് നമ്മുടെ ശ്രദ്ധയെ ആകർഷിക്കയും അവയെ വാ യിക്കണമെന്നു ഉദ്ബോധിക്കയും ചെ യ്തുകൊണ്ടാണു് ആ തിരുവെഴുത്തിനെ അ വിടുന്നു സമാപിപ്പിച്ചിട്ടുള്ളതു്. അവിടുന്നു അരുളിച്ചെയ്യുന്നതു കേൾക്കുക: "അവയി ൽ ഗ്രഹിക്കാൻ ഏററം പ്രയാസമുള്ള അ ദ്ധ്യാത്മ ജീവിത തത്വങ്ങളെ അത്ഭുതകര മായ വ്യക്തിയോടും സൂക്ഷ്മത്തോടുംകൂടി വി വരിച്ചിരിക്കുന്നതായി നാം കാണുന്നു. ആ ത്മിക ജീവിതത്തിന്നു ഗുരുനാഥന്മാരായി രിക്കുന്നവർ ഈ പുണ്യവതിയെ അവരു ടെ വഴികാട്ടിയായി സ്വീകരിച്ചിരിക്കുന്ന തു് അകാരണമായിട്ടല്ല. തിരുസ്സഭ ഒ രു വേദപാരംഗതനെപ്പോലെ വിശു ദ്ധ ത്രേസ്യായെ ബഹുമാനിക്കുകയും അ

വിടത്തെ സ്വൎഗ്ഗീയോപദേശമാകുന്ന ആഹാരത്താൽ സകലരും പോഷിപ്പിക്കപ്പെടുവാനും അവിടത്തെ ഭക്തിയാകുന്ന അഗ്നിയാൽ സകലരും കത്തിയെരിവാനും സംഗതിയാകേണമെന്നു ദൈവത്തോടു പ്രാൎത്ഥിക്കയും ചെയ്യുന്നു."

ഠരം കുറിപ്പുകളെ വായിക്കുന്നവർ ഇതിൽ അവിടവിടെ അദ്ധ്യാത്മാൎത്ഥ സമ്പൂൎണ്ണങ്ങളായ ചില വാക്യങ്ങളെ കാണാതിരിക്കയില്ല. അതുകൾ, കൎമ്മലീത്താ സഭയുടെ നവീകരണക്കാരത്തിയോടു ഭക്തിബഹുമാനമുള്ളവൎക്കു സ്വല്പമെങ്കിലും പ്രയോജനകരമായി തീൎന്നാൽ ഞങ്ങൾ കൃതാൎത്ഥരായി. അങ്ങിനെ സംഭവിക്കട്ടെയെന്നാണു ഞങ്ങളുടെ ഹൃദയ പൂൎവ്വകമായ ആഗ്രഹവും പ്രാൎത്ഥനയും.

വിശുദ്ധ ത്രേസ്യായുടെ

# ജീവചരിത്രം

വി. ത്രേസ്യായുടെ മാതാപിതാക്കന്മാർ- അവരുടെ ദൈവ ഭക്തിയും ഉത്തമ ദൃഷ്ടാന്തവും- പരിശുദ്ധന്മാരുടെ ജീവചരിത്ര പാരായണം- വി. ത്രേസ്യാ വേദസാക്ഷിയാകാനായി വീട്ടിൽനിന്നു ഒളിച്ചുപോകുന്നു- ബാല മനസ്സ്.

വിശുദ്ധ ത്രേസ്യാ ൧൫൧൫ മാൎച്ച് മാസം ൨൮-ാംതു സ്പെയിൻ രാജ്യത്ത് ആവിലാ നഗരത്തിൽ ജനിച്ചു. ത്രേസ്യാ പുണ്യവതിയുടെ പിതാവായ സെപ്പേദായിലെ സാഞ്ചേസ് അൽഫോൻസൂസിന് ഒന്നാമത്തെ വിവാഹത്തിൽ മൂന്നു മക്കളും രണ്ടാമത്തെ വിവാഹത്തിൽഒമ്പതുമക്കളുമുണ്ടായിരുന്നു. നമ്മുടെ ഈ ചരിത്രനായികയുടെ അമ്മയുടെ അഥവാ സാഞ്ചേസിന്റെ രണ്ടാമത്തെ ഭാൎയ്യയുടെ പേർ ബെയാത്രിസ് അഹുമ്മാദാ എന്നായിരുന്നു. ഈ മാതാപിതാക്കന്മാർ അസാമാന്യമായ ദൈവ ഭയവും സുകൃതവുമുള്ളവരായിരുന്നു. വിശുദ്ധ ത്രേസ്യാതന്നെ ഇവരെക്കുറിച്ചു താഴെ കാണും പ്രകാരം സാക്ഷികരിച്ചിരിക്കുന്നു: "എനിക്കു ദൈവഭയവും ഭക്തിയുമുള്ള പിതാവും മാതാവുമുണ്ടായിരുന്നു. എന്റെ പിതാവും മാതാവും നന്മയെ അല്ലാതെ മറ്റൊന്നിനെയും മാനിക്കുന്നതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. നമ്മുടെ കൎത്താവും തന്റെ പ്ര

സാദ റ രത്താൽ എന്നെ സഹായിച്ചു. ഞാൻ ഇത്രയധികം ദുസ്സ്വഭാവിയല്ലായിരുന്നെങ്കിൽ എന്നെ നല്ലവളാക്കാൻ ഇവയെല്ലാം മതിയാകുമായിരുന്നു". (ജീവ. I)

കുട്ടികൾക്കു മാതാപിതാക്കന്മാർ ഒരു കണ്ണാടി പോലെയാണ്. മാതാപിതാക്കന്മാരിൽ പ്രതിബിംബിക്കുന്ന പുണ്യങ്ങളെ അനുകരിക്കാൻ മക്കൾക്കു താല്പര്യമുണ്ടാകുമെന്നുള്ള വാസ്തവം ഈ പുണ്യവതിയുടെ ചരിത്രത്തിൽനിന്നും ഒരിക്കൽകൂടി സ്പഷ്ടമാകുന്നു. വിശുദ്ധ ത്രേസ്യായുടെ മാതാപിതാക്കന്മാരുടെ ഭക്തിയുക്തമായ ഉപദേശങ്ങളും ദൃഷ്ടാന്തങ്ങളും ആ പുണ്യവതിയുടെ മനസ്സിനെ ശൈശവം മുതൽ ദൈവ ശുശ്രൂഷയിലേയ്ക്കു തിരിച്ചു.

കാലക്രമേണ നമ്മുടെ പുണ്യവതിയുടെ അത്ഭുതകരമായ പ്രവൃത്തികളിൽ പ്രത്യക്ഷപ്പെട്ട ഭക്തിയും ദൈവ സ്നേഹവും അവർക്കു ജന്മസിദ്ധമായിരുന്നു എന്നു പറയാം.

ഏഴു വയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ പരിശുദ്ധന്മാരുടെ ജീവ ചരിത്രങ്ങളെ വായിക്കുന്നതു ത്രേസ്യാ പുണ്യവതിക്കു വളരെ സന്തോഷമുള്ള കാര്യമായിരുന്നു. വേദസാക്ഷികൾ സ്വർഗ്ഗത്തെ ആദായവിലയ്ക്കു വാങ്ങിയവരാണെന്നു അവിടത്തേയ്ക്കു തോന്നുകയും ഒരു വേദസാക്ഷിയായി മരിക്കാൻ വളരെ ആഗ്രഹിക്കയും ചെയ്തു. വേദസാക്ഷികളായിതീരാനുള്ള മാർഗ്ഗത്തെപ്പറ്റി ഈ പുണ്യവതിയും അവരുടെ ഇളയ സഹോദരനായ റൊഡ്രിഗോയും തമ്മിൽ പലപ്പോഴും ആലോചന നടത്തിവന്നു. ഈ വിഷയത്തെക്കുറിച്ചു അവർ തമ്മിൽ പല വാദപ്രതിവാദങ്ങ

ളും നടത്തിയതിന്റെ ശേഷം വിശ്വാസത്തെക്കുറിച്ചു തല വെട്ടപ്പെടുന്നതിന്നായി "മൂരന്മാരുടെ" രാജ്യത്തേയ്ക്കു പോകാൻ അവർ തീൎച്ചയാക്കി.

മേല്പറയപ്പെട്ട അസാധാരണ യാത്ര കഴിക്കാനായി ഒരു രണ്ടു കുട്ടികളുംകൂടി ഉത്സാഹപൂൎവ്വം പുറപ്പെട്ടു എങ്കിലും സ്വഭവനത്തിൽനിന്നു മൂന്നു നാഴിക ദൂരെ അമായാ എന്ന പാലത്തിന്മേൽ വച്ചു് അവരുടെ ഇളയപ്പൻ അവരെ കാണുകയും അദ്ദേഹം അവരുടെ അമ്മയുടെ പക്കലേക്കു അവരെ തിരികെ കൊണ്ടുപോരുകയും ചെയ്തു. ക്രിസ്തുവിനുവേണ്ടി മരിക്കണമെന്നുള്ള ആലോചന, ഇപ്രകാരം വിഫലമായിത്തീൎന്നതിനാൽ, വീട്ടിൽതന്നെ വാനപ്രസ്ഥന്മാരായ സന്ന്യാസികളെപ്പോലെ ജീവിക്കാനാണു പിന്നെ അവർ നിശ്ചയിച്ചതു്. ഇതിന്നായി അവിടെയുണ്ടായിരുന്ന തോട്ടത്തിൽ അവർ ചെറിയ കല്ലുകൾ പെറുക്കിവച്ചു് ആശ്രമങ്ങൾ കെട്ടിയുണ്ടാക്കി; എന്നാൽ അവ, ത്രേസ്യാ പുണ്യവതി തന്നെ എഴുതിയിരിക്കുന്നതുപോലെ, ഉടനെ ഇടിഞ്ഞു വീണുപോയിരുന്നു.

പ്രാൎത്ഥിക്കാനായി, പ്രത്യേകം കൊന്ത ജപിക്കാൻവേണ്ടി മറ്റുള്ളവരുടെ കൂട്ടത്തിൽനിന്നു മാറി തനിച്ചിരിക്കാൻ വിശുദ്ധ ത്രേസ്യാ തരം നോക്കുക പതിവായിരുന്നു. എന്തുകൊണ്ടെന്നാൽ പരിശുദ്ധ കന്യാസ്ത്രീമറിയത്തോടുള്ള പ്രത്യേക ഭക്തിയെ പുണ്യവതിയുടെ അമ്മ അവരുടെ ബാല ഹൃദയത്തിൽ ഉല്പാദിപ്പിച്ചിട്ടുണ്ടായിരുന്നു. മറ്റുള്ള കുട്ടികളോടുകൂടി കളിക്കുമ്പോൾ സന്ന്യാസാശ്രമങ്ങൾ കെട്ടിയും കന്യാസ്ത്രീകളായും കളിക്കുന്നതിൽ ത്രേസ്യാ പുണ്യവതി വ

ളരെ സന്തോഷം കാണിക്കയും ഒരു കന്യാസ്ത്രീയാക ണമെന്നു ആഗ്രഹിക്കയും ചെയ്യുവന്നു.

ചെറിയ കുട്ടികളുടെ മനോഗതി, മാതാപിതാക്ക ന്മാരിൽനിന്നു അവർക്കു ലഭിക്കുന്ന പരിശീലനത്തെ അനുസരിച്ചിരിക്കുമെന്നു, മക്കളുണ്ടാവാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ളവർ ഓർമ്മിക്കേണ്ടതാണ്. ദൈവസ്നേ ഹവും ഭക്തിയും അവരുടെ ബാല ഹൃദയങ്ങളിൽ പതിക്കുന്നതിന്നായി അതുകളെ ഭക്തി സംബന്ധമാ യ നല്ല പുസ്തക വായനയാൽ പോഷിപ്പിക്കേണ്ടതു എത്രയൊ പ്രാധാന്യമുള്ള ഒരു സംഗതിയാണെന്നും അവർ ഓർമ്മിക്കട്ടെ. ത്രേസ്യാ പുണ്യവതിതന്നെ പ റയുന്നതാവിതു്: "ഞങ്ങൾ വായിച്ചിരുന്നതിൽ ശി ക്ഷയും സൌഭാഗ്യവും നിത്യമാണെന്നു പറഞ്ഞിരു ന്നതു കണ്ടു് ഞങ്ങൾ അത്യധികം ആശ്ചര്യപ്പെട്ടു. ഞ ങ്ങൾ ഇതിനെക്കുറിച്ചു പലപ്പോഴും സംസാരിക്കാറു ണ്ടായിരുന്നു. 'എന്നും, എന്നും, എന്നേയ്ക്കും' എന്ന ക്രൂ ടക്കുടെ ആവർത്തിച്ചു പറയുന്നതു് ഞങ്ങൾക്കു വളരെ സന്തോഷകരമായിരുന്നു. ഠൗ വാക്കുകളെ ഇടവിടാ തെ ഉച്ചരിച്ചു വന്നതു നിമിത്തം, ഞാൻ ഒരു കു ട്ടിയായിരിക്കുമ്പോൾതന്നെ സത്യത്തിന്റെ മാർഗ്ഗത്തെ ക്കുറിച്ചുള്ള ഒരു സ്ഥിരമായ ധാരണ നമ്മുടെ കർത്താ വു എനിക്കു നൽകി."

കൊച്ചു കുട്ടികളുടെ മനസ്സും ഹൃദയവും, ഒന്നും എഴുതപ്പെട്ടിട്ടില്ലാത്ത വെള്ളക്കടലാസുപോലെയാ ണ്. ചെറുപ്പത്തിൽതന്നെ, ദൈവ ഭയവും, നല്ല നടത്തയും, സന്മാർഗ്ഗ പഠന തത്വങ്ങളും അവയിന്മേ ൽ എഴുതുകയോ പതിക്കയോ ചെയ്യുാൽ അനന്ത രകാലങ്ങളിലും അവയെല്ലാം അവരുടെ ഹൃദയ

ങ്ങളിൽ എഴുതിയിരിക്കുന്നതായി കാണപ്പെടും. തിന്മയാണു അവയിൽ പതിച്ചതെങ്കിൽ, വാദ്ധക്യത്തിൽ തിന്മതന്നെ മുതിർന്നുവരും. ഇതു വേദാംഗങ്ങളിൽനിന്നും തെളിവാകുന്നു. "പൈതൽ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; എന്നാൽ അവൻ വൃദ്ധനാകുമ്പോൾ അതിനെ വിട്ടുമാറുകയില്ല." (സുഭാ. 22-6) 'നിന്റെ പുത്രനു അവന്റെ വഴിയെ കാണിക്കുക.' (സർവ്വ. പ്രസംഗി. 30-9) 'അവന്റെ ബാല്യത്തിൽ സ്വാതന്ത്ര്യം കൊടുക്കരുതു.' (സർവ്വപ്ര. 30-11) 'അവൻ ശാഠ്യക്കാരനായി വളരാതിരിപ്പാൻവേണ്ടി അവൻ ചെറുപ്പമായിരിക്കുമ്പോൾ തന്നെ അവന്റെ കഴുത്തിനെ വളയ്ക്കുകയും അവൻ പൈതലായിരിക്കുമ്പോൾതന്നെ അവന്റെ പാർശ്വങ്ങളെ അടിച്ചു പരത്തുകയും ചെയ്ക.'(സർവ്വപ്ര. 30-12.)

---

## രണ്ടാം അദ്ധ്യായം.

---

വി. ത്രേസ്യായുടെ അമ്മയുടെ മരണം - കന്യാസ്ത്രീമറിയത്തെ അവിടന്നു തന്റെ അമ്മയായിസ്വീകരിക്കുന്നു - കെട്ടുകഥാ പാരായണം ആഡംബരപ്രിയമുള്ള ചങ്ങാതിമാരോടുള്ള സംസർഗ്ഗം മുതലായവയാലുണ്ടായ ആപത്തു് - മാതാപിതാക്കന്മാൎക്കു അനുകരണീയമായ ഒരു ദൃഷ്ടാന്തം - സജ്ജന സംസർഗ്ഗത്തിന്റെ ഗുണം - വി. ത്രേസ്യാക്കുണ്ടായ രോഗ ബാധ - പിശാചിന്റെ പരീക്ഷ.

---

വിശുദ്ധ ത്രേസ്യാക്കു പന്ത്രണ്ടു വയസ്സു തികയുന്നതിനു മുമ്പു് അവിടത്തെ അമ്മ മരിച്ചുപോയി. ഉട

നെതന്നെ തനിക്ക നേരിട്ട നഷ്ടം അവിടുന്ന ഗ്രഹിച്ചു. വിശുദ്ധ ത്രേസ്യാ ഒരം മഹാദുഃഖത്തിൽ നിമഗ്നയായി പരിശുദ്ധ കന്യാസ്ത്രീ ദേവമാതാവിന്റെ ഒരു സ്വരൂപത്തിൻ മുമ്പാകെ ചെന്ന് കണ്ണുനീർ ഒലിപ്പിച്ചുകൊണ്ടു തന്റെ അമ്മയായിരിക്കേണമെന്ന ആ മാതാവിനോട്ട അപേക്ഷിച്ചു. ഇതു തന്റെ പച്ചപ്പരമാർത്ഥം കൊണ്ടുചെയ്തു ഒരു പ്രവൃത്തിയായിരുന്നു എങ്കിലും വളരെ പ്രയോജനകരമായി പരിണമിച്ചു എന്ന ത്രേസ്യാ പുണ്യവതി ഉറപ്പു പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ: ആ രാജകന്യക ത്രേസ്യായുടെ പ്രാർത്ഥനകളെയെല്ലാം അനുകൂലതയോടെ സ്വീകരിച്ചു. താൻ നേർവഴിയിൽ നിന്ന സ്വല്പം തെറ്റിപ്പോകാൻ തുടങ്ങിയപ്പോൾ വീണ്ടും സ്വധർമ്മ ബോധമുണ്ടാക്കിയ ദൈവ കൃപ, ഒരം പരിശുദ്ധ മാതാവിന്റെ മദ്ധ്യസ്ഥാപേക്ഷകൻ മൂലമാണു ലഭിച്ചതെന്നു വിശുദ്ധ ത്രേസ്യാ വിശ്വസിച്ചുവന്നു. തന്റെ ചെറുപ്പകാലത്തിൽ ഏറെയധികം അനുഗ്രഹങ്ങളും ഉപകാരങ്ങളും ദൈവത്തിൽ നിന്ന പ്രാപിച്ചിരുന്നിട്ടും അവയെക്കുറിച്ചു നന്ദിയില്ലാതെ ആത്മിക കാൎയ്യങ്ങളിൽ മാന്ദ്യം ജനിപ്പിച്ച തന്റെ മനോദൈന്യത്തെ ത്രേസ്യാപ്പുണ്യവതി വളരെയധികം വലുതായി ഗണിക്കയും തന്റെ ശുഷ്ക്കാന്തിക്കുറവിനേയും അതിൽനിന്നുണ്ടായ ഫലങ്ങളേയും കുറിച്ചു ഇടവിടാതെ ദുഃഖിക്കയും ചെയ്തു പതിവായിരുന്നു.

ത്രേസ്യാ പുണ്യവതി, തനിക്ക അകപ്പെടാൻ കഴിയുമായിരുന്ന കണികളിൽ വെച്ചു ഏററം ആപല്ക്കരമായ ഒന്നിലാണു ഒരം സന്ദർഭത്തിൽ ചെന്നുചാടിയതു്. നേരംപോക്കിന്നുള്ള പുസ്തകവായനയും, മോടി

ക്കാരായ കൂട്ടുകാരുമായിരുന്നു മേല്പറഞ്ഞ കണി. ആ കാലത്തു ആഖ്യായികകൾ എന്നു പറയപ്പെടുന്ന കെട്ടുകഥാ പുസ്തകങ്ങൾ സ്പെയിൻ രാജ്യത്തു ധാരാളം വായിക്കപ്പെട്ടുവന്നു. വിശുദ്ധ ത്രേസ്യായുടെ അമ്മ മരിക്കുന്നതിന്നു സ്വല്പം മുമ്പു ഒരം തരം കുറെ പുസ്തകങ്ങൾ കിട്ടുകയും വളരെ താല്പര്യത്തോടെ അവയെ വായിക്കാൻ ആരംഭിക്കയും ചെയ്തു. പിതാവിനെ അറിയിക്കാതെയാണു അവിടന്നു ഒരം പുസ്തകങ്ങൾ വായിച്ചിരുന്നതു്. അദ്ദേഹം അറിഞ്ഞാൽ വളരെ കോപിക്കുമായിരുന്നു.

ഏകദേശം ഒരം സമയത്തുതന്നെ ത്രേസ്യായുടെ പ്രായക്കാരിയായ ഒരു ചാർച്ചക്കാരത്തി അവരെ കൂടക്കൂടെ ചെന്നുകാണ്മാൻ ആരംഭിച്ചു. ഒരം പെൺകുട്ടിയുമായുള്ള സംഭാഷണം ത്രേസ്യായിൽ വലിയ ഒരു മാറ്റം വരുത്തി. മുമ്പിലത്തെ ഭക്തികൃത്യങ്ങളിൽ വളരെയെല്ലാം ഉപേക്ഷിച്ച് രാത്രിയും പകലും കെട്ടുകഥ വായിക്കാനായി പല മണിക്കൂറുകളോളം അവിടന്നു സന്തോഷപൂർവ്വം വിനിയോഗിച്ചു. മോടിയായ വസ്ത്രങ്ങളിൽ ത്രേസ്യായുടെ പ്രിയം ജനിച്ചു. ദുരുദ്ദേശമൊന്നുമുണ്ടായിരുന്നില്ലെങ്കിലും മറ്റുള്ളവരുടെ പ്രീതി സമ്പാദിക്കണമെന്നുള്ള താല്പര്യവുമുണ്ടായി. ഒരം സംഗതിയേപ്പറ്റി വിശുദ്ധ ത്രേസ്യാ പറയുന്നതാവിതു: ചുരുക്കിപ്പറഞ്ഞാൽ 'എന്റെ ആത്മാവിന്നു പുണ്യത്തിലുണ്ടായിരുന്ന സഹജമായ താല്പര്യത്തിന്റെ ലേശംപോലും ശേഷിക്കാതിരിക്കത്തക്കവണ്ണമുള്ള ഒരു വലിയ മാറ്റം, ഒരംയാളുടെ സംഭാഷണം എന്നിൽ വരുത്തി. ഒരു ഉപദേശം കൊടുക്കുന്നതായാൽ, കുട്ടികൾ ചെറുപ്പമായിരിക്കുമ്പോൾ

അവരോട്ട സഹവാസം ചെയ്യാൻ അനുവദിക്കപ്പെടുന്നവരെപ്പററി മാതാപിതാക്കന്മാർ പ്രരെ ശ്രദ്ധയുള്ളവരായിരിക്കണമെന്നു ഞാൻ പറയും. എന്തുകൊണ്ടെന്നാൽ അതിൽനിന്ന വളരെ അനത്ഥങ്ങൾ ഉണ്ടാകുന്നു; നമ്മുടെ സ്വാഭാവിക മനോഗതി നന്മയിലേയ്ക്കു എന്നതിനേക്കാൾ തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നു.' വിശുദ്ധ ത്രേസ്യാ പിന്നെയും തുടന്നു പറയുന്നു: 'നല്ല ചങ്ങാതിമാരുടെ മഹത്തായ ഗുണം ഇതിൽ നിന്നു എനിക്കറിയാം. ആ ഇളംപ്രായത്തിൽ ഞാൻ സജ്ജനങ്ങളുടെയിടയിലായിരുന്നുവെങ്കിൽ ഞാൻ പുണ്യത്തിൽ തീച്ചയായും ഉറച്ചു നില്ക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ ആ കാലത്തു ദൈവഭയം എന്നെ പഠിപ്പിപ്പാൻ ഒരാളെ ഞാൻ കണ്ടെത്തിയെങ്കിൽ എന്റെ ആത്മാവിനു വീഴ്ചയുണ്ടാകാത്ത അത്ര വളരുമായിരുന്നു. (വി. ത്രെ. ജീ. ച. 2-ാം അ.) "പരിശുദ്ധന്മാരോടുകൂടെ നീയും പരിശുദ്ധനായിരിക്കും; ദുഷ്ടന്മാരോടുകൂടെ നീയും ദുഷ്ടനായിരിക്കും." (സ. 17-26, 27.) എന്നു ദാവീദ് ദീഘദശിയും പറഞ്ഞിട്ടുണ്ടല്ലൊ.

മേല്പറയപ്പെട്ട മാസങ്ങളിൽ വിശുദ്ധ ത്രേസ്യായുടെ ശുഷ്കാന്തി ക്രമേണ കുറഞ്ഞു. എങ്കിലും അവിടന്നു ഒരു ചാവുദോഷത്തിന്റെ അപകടത്തിൽ ഉൾപ്പെട്ടിട്ടില്ലെന്നു അവിടത്തെ ജീവചരിത്രമെഴുതിയ റിബേരാഎന്ന മഹാൻ ഉറപ്പുപറയുന്നു. രസകരമായ സംഭാഷണങ്ങളിലും വിനോദങ്ങളിലും അവിടത്തേയ്ക്കു സന്തോഷം ജനിച്ചതു നേരുതന്നെ; എങ്കിലും സ്പഷ്ടമായ തിന്മയേക്കുറിച്ചു അവിടത്തേയ്ക്കു അത്യന്തം വെറുപ്പുണ്ടായിരുന്നു. അവിടത്തെ ഭക്തി തീക്ഷ്ണത വളരെ

കുങ്ങളു എന്നു അവിടത്തെ പിരാവു കാണുകയും അതിന്നുള്ള കാരണം അദ്ദേഹത്തിന്ന മനസ്സിലാകയും ചെയ്തു. എന്നുവരികിലും അതു മനസ്സിലായിട്ടില്ലെന്നു നടിച്ചുകൊണ്ടു," അപ്പോൾ പതിനഞ്ചു വയസ്സു പ്രായമുണ്ടായിരുന്ന തന്റെ പുത്രിയെ അദ്ദേഹം ആവിലായിലുള്ള അഗസ്റ്റീനിയ കന്യാസ്ത്രീകളുടെ മഠത്തിൽ ആക്കി. അവിടെ വിശുദ്ധ ത്രേസ്യായുടെ തരക്കാരായ അനേകം യുവതികൾ പഠിക്കുന്നുണ്ടായിരുന്നു. മാതാപിതാക്കന്മാൎക്കു എത്ര അനുകരണീയമായ ഒരു ദൃഷ്ടാന്തമാണിതു്! മക്കളുടെ തെററുകളെ തിരുത്തുകയും അവൎക്കു നല്ല മാൎഗ്ഗം കാണിച്ചുകൊടുക്കയും പാപത്തിന്നുള്ള അവസരങ്ങളിൽനിന്നു അവരെ മാററുകയും ചെയ്യാൻ മാതാപിതാക്കന്മാർ കടപ്പെട്ടവരാകുന്നു.

മഠത്തിൽ ചെന്നതിന്റെ ശേഷം ആദ്യത്തെ എട്ടു ദിവസങ്ങളിൽ അവിടത്തേയ്ക്കു് വളരെ സന്തോഷക്കേറവുതോന്നി. അതു കഴിഞ്ഞപ്പോഴെയ്ക്കും തന്റെ പണ്ടത്തെ വ്യൎത്ഥമായ വിനോദങ്ങൾ മനസ് ലോകത്തോടുള്ള ബന്ധം വേർപെട്ടതിനാൽ ഈ പുതിയ അവസ്ഥയിൽ അവിടത്തേയ്ക്കു ക്രമേണ തൃപ്തി ജനിച്ചു. അവിടെ താമസിച്ചു പഠിച്ചിരുന്ന കുട്ടികളുടെ ഗുരുനാഥയായിരുന്ന ഒരു കന്യാസ്ത്രീയുടെ ഉപദേശങ്ങളാലും ഗുണദോഷങ്ങളാലും ത്രേസ്യാ പുണ്യവതി തന്റെ മുമ്പിലത്തെ ഭക്തി ശുഷ്കാന്തിയെ വീണ്ടും പ്രാപിക്കയും ദൈവത്തെ ഉത്തമമായവിധം സേവിക്കാൻ മതിയായ അന്തസ്സിൽ അവിടന്നു തന്നെ വാഴുന്നതിന്നായി ഹൃദയ പൂൎവ്വം പ്രാൎത്ഥിക്കേണമെന്നു കന്യാസ്ത്രീകളോടു അപേക്ഷിക്കയും ചെയ്തു.

പിശാച് അവിടത്തെ പരീക്ഷിക്കുന്നതിനു മുടക്കം വരുത്തിയില്ല. എഴുത്തുകളും സമ്മാനങ്ങളും വഴ്യായി ലോകവും അവിടത്തെ വിശ്രമജീവിതത്തെ കലക്കാൻ ശ്രമിച്ചു. എങ്കിലും അതെല്ലാം വേഗം തീൎന്നു; അവിടത്തെ ആത്മാവു് ചെറുപ്പകാലത്തിലെ നല്ല തഴക്കങ്ങളിലേക്കു് പിന്തിരിഞ്ഞു. നമ്മുടെ പുണ്യവതിതന്നെ ഇങ്ങിനെ പറഞ്ഞിരിക്കുന്നു: സജ്ജനങ്ങളുടെ കൂട്ടത്തിൽ വസിപ്പാൻ ഇടവരുന്നവരോടു ദൈവം കാണിക്കുന്ന മഹാ കൃപയെ ഞാൻ അറിഞ്ഞു'.

മുൻ പറഞ്ഞ കന്യാസ്ത്രീ, പുണ്യത്തെപ്പറ്റിയുള്ള ഗൌരവമായ ചിന്തകളെ വിശുദ്ധ ത്രേസ്യായുടെ മനസ്സിൽ ഉളപ്പിക്കയും കീഴെവരുന്ന സുവിശേഷ വാക്യത്തെ അവരോടു ആവൎത്തിച്ചു പറകയും ചെയ്തു: "വിളിക്കപ്പെട്ടവർ അനേകരാകുന്നു, തെരിഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം'. ദൈവത്തിന്നു വേണ്ടി സമസ്തവും പരിത്യജിക്കുന്നവൎക്കു് അവിടന്നു നല്കുന്ന സമ്മാനത്തെപ്പറ്റി ആ കന്യാസ്ത്രീ പലപ്പോഴും സംസാരിക്കാറുണ്ടായിരുന്നു. ഈ നല്ല ചങ്ങാതിത്വം ദുഷ്ടസംസൎഗ്ഗത്താലുണ്ടായ തഴക്കങ്ങളെ വേരോടെ പറിച്ചുകളഞ്ഞു് നിത്യകാൎയ്യങ്ങളിൽ വീണ്ടും ചിന്ത ജനിപ്പിക്കയും കന്യാസ്ത്രീയാകുന്നതിന്നു അവിടത്തേക്കു് അടുത്ത കാലത്തുണ്ടായ അനിഷ്ടത്തെ കുറെയൊക്കെ മാററുകയും ചെയ്തു.

ഇങ്ങിനെ ആ കന്യകാമഠത്തിൽ ഒന്നര സംവത്സരം താമസിച്ചുവരവേ, പുണ്യവതിക്കു ആപല്ക്കരമായ ഒരു ദീനം പിടിച്ചു. അതിനാൽ ത്രേസ്യാ പു

ണ്യവതിയുടെ പിതാവു അവിടത്തെ ഒരു സഹോദരിയെ കാണാനായി നാട്ടംപുറത്തുള്ള ഒരു ഗ്രാമത്തിലേക്ക് പുണ്യവതിയെ കൂട്ടികൊണ്ടുപോയി. അവിടെനിന്നും തന്റെ പിതാവിന്റെ സഹോദരനെ കാണാനായി വിശുദ്ധ ത്രേസ്യാ പോകയും അദ്ദേഹത്തോടുകൂടി ഏതാനും ദിവസം ഭക്തികരമായി കഴിക്കയും ചെയ്തു. അവിടെയുള്ള തന്റെ താമസത്തെപ്പററി വിശുദ്ധ ത്രേസ്യാ എഴുതിയിരിക്കുന്നതു ഇപ്രകാരമാണ്: "ഞാൻ അവിടെ ഏതാനും ദിവസങ്ങൾ മാത്രമെ താമസിച്ചുള്ളു എങ്കിലും, സമസ്തവും ശൂന്യംപോലെയാണെന്നും ലോകം മായവും ക്ഷണത്തിൽ കഴിഞ്ഞുപോകുന്നതുമാണെന്നും കുട്ടിക്കാലത്തു ഞാൻ കേട്ടിരുന്ന സത്യത്തെ, അവിടെ കേൾക്കകയും വായിക്കകയും ചെയ്ത ദൈവ വചനങ്ങളും എന്റെ ഇളയപ്പന്റെ നല്ല സംഭാഷണങ്ങളും, എന്റെ ഹൃദയത്തിൽ പതിപ്പിച്ച ധാരണമൂലം എനിക്ക ഗ്രഹിപ്പാൻ സംഗതിയായി'. പിതാവിന്റെ ഭവനത്തിലേയ്ക്കു മടങ്ങി ചെന്നതിന്റെ ശേഷം സന്യാസ ജീവിതത്തിൽ പ്രവേശിക്കണമെന്നുള്ള ആലോചന കുറെ നാളത്തേക്കുണ്ടായി. മൂന്നു മാസങ്ങളോളം അവിടന്നു തന്നോടുതന്നെ നല്ല സമരം നടത്തി. കന്യാസ്ത്രീയാകുന്നതിന്നു മനസ്സു സമ്മതിച്ചില്ലെങ്കിലും സന്യാസ ജീവിതമാണു ഏററം നല്ലതും അപകടമില്ലാത്തതുമെന്നു ത്രേസ്യാ പുണ്യവതി കണ്ടു. തന്റെ ആരോഗ്യഹീനത നിമിത്തം സന്യാസ ജീവിതത്തിലെ കഷ്ടപ്പാടുകൾ സഹിക്കാൻ പ്രാപ്തിയുണ്ടാകയില്ലെന്നാണ് പിന്നിട്ടു പിശാച്ചു തോന്നിച്ചതു്. എന്നാൽ മിശിഹാ അനുഭവിച്ച കഷ്ട

പ്പാടുകളെക്കുറിച്ചുള്ള ചിന്തയാൽ പിശാചിന്റെ ആക്രമണത്തെ അവിടന്ന തടുത്തു.

———:o:———

## മൂന്നാം അദ്ധ്യായം.

വി. ത്രേസ്യാ കന്യാസ്ത്രീയാകാൻ തീൎച്ചയാക്കുന്നു - സ്വജനങ്ങളെ വിട്ടുപിരിഞ്ഞപ്പോഴുണ്ടായ ദുഃഖം - ആത്മിക കാൎയ്യങ്ങളിലുണ്ടായ അരോചകം - ആരംഭകാലത്തെ കഠിന പരീക്ഷ - സന്യാസ വാഗ്ദത്തം ചെയ്യുപ്പോഴുണ്ടായ സന്തോഷം - അനന്തരമുണ്ടായ കഠിന വ്യാധി - മരണാവസ്ഥ - മൂന്നുവത്സരത്തെ അരിഷ്ടതകൾ - ജപധ്യാന പരിശീലനം - ദൈവൈക്യവരം.

---

കടശി, വിശുദ്ധ ജെറോമിന്റെ ലേഖനങ്ങൾ വായിച്ചതിന്റെ ഫലമായി, ഒരു കന്യാസ്ത്രീയാകാൻ ത്രേസ്യാ പുണ്യവതി തീൎച്ചയാക്കി. പിതാവു ഇതിനു സമ്മതം കൊടുത്തില്ലെങ്കിലും നമ്മുടെ പുണ്യവതി ആവിലായിലുള്ള "ഇൻകാർനേഷ്യൻ" (തിരുവവതാരത്തിന്റെ) കൎമ്മലീത്താ കന്യാസ്ത്രീകളുടെ ആശ്രമത്തിലേക്കു (൧൫൩൫ നവമ്പർ ൨-ാംനു-) പോയി. പിതാവിനേയും മറ്റു ചാൎച്ചക്കാരേയും വിട്ടുപിരിഞ്ഞപ്പോൾ തനിക്കുണ്ടായ മഹാ ദുഃഖത്തെപ്പറ്റി അവിടന്നു താഴെ വരുംപ്രകാരം പറഞ്ഞിരിക്കുന്നു: "എന്റെ പിതാവിന്റെ വീടു വിട്ടുപോന്നപ്പോൾ, എനിക്കുണ്ടായ സങ്കടത്തിന്റെ ആധിക്യത്താൽ, മരണവേദന അതിൽ വലുതായിരിക്കുമെന്നു ഞാൻ വി

ഭപ്പിക്കുന്നില്ല, എന്നല്ലതു കേവലം പരമാത്മാ ണ്; എന്തുകൊണ്ടെന്നാൽ എന്റെ ശരീരത്തിലെ സകല അസ്ഥികളും നുറുങ്ങിപ്പോയപോലെ എനിക്കു തോന്നി."

കുറെ നാളായിട്ടു ത്രേസ്യാ പുണ്യവതി, അരൂപിയുടെ വാൎച്ച അഥവാ ആത്മിക കാൎയ്യങ്ങളിലുള്ള അഭിരുചിക്കുറവുനിമിത്തം ബുദ്ധിമുട്ടുകയായിരുന്നു. എന്നാൽ അവിടുന്നു സന്യാസവസ്ത്രം ധരിച്ചപ്പോൾ നമ്മുടെ കൎത്താവു ആ നിരുത്സാഹതയെ ഏററം വാത്സല്യമുള്ള ഭക്തിയായി മാററി. അതിനാൽ ഭക്തി സംബന്ധമായ സകല സംഗതികളും അവിടത്തേയ്ക്കു പ്രിയമുള്ളതായിത്തീൎന്നു. മുറികൾ അടിച്ചു വാരുകയോ, അതുപോലെയുള്ള മററു വേലകളിൽ ഏൎപ്പെട്ടിരിക്കയൊ ചെയ്യുമ്പോൾ, മുമ്പ്, ഒരു സമയം ഉട്ടത്തുചമയാനും മററു വ്യൎത്ഥ കാൎയ്യങ്ങൾക്കുമാണല്ലൊ താൻ ഉപയോഗിച്ചിരുന്നതെന്നുള്ള ഓൎമ്മ, തന്നെ ആശ്ചൎയ്യപ്പെടുത്തത്തക്കതിന്മണ്ണമുള്ള അസാധാരണ സന്തോഷത്താൽ തന്റെ ഹൃദയത്തെ നിറച്ചിരുന്നുവെന്നു ത്രേസ്യാപുണ്യവതി ഉറപ്പുപറയുന്നു. തന്റെ ഒരു അന്തസ്സിൽ വളരെ സന്തുഷ്ടിയുണ്ടായിരുന്നെങ്കിലും നോവിസ്യാത്തിൽ അഥവാ പുതു സന്യാസികളുടെ പരീക്ഷാകാലത്ത് അവിടത്തേയ്ക്കു മാനസികമായ പല കഠിന പരീക്ഷകളുമുണ്ടായി.

അവിടുന്നു ൧൫൩൪ നവമ്പർ മാസത്തിൽ അസാമാന്യ ഭക്തിശുഷ്ക്കാന്തിയോടുകൂടി സന്യാസ വാഗ്ദത്തം ചെയ്തു. അപ്പോഴുണ്ടായ സന്തോഷത്തെ വൎണ്ണിക്കാൻ ത്രേസ്യാ പുണ്യവതിയുടെ വാക്കുകൾതന്നെ ഇവിടെ ചേൎക്കുന്നതു വിഹിതമായിരിക്കും; 'പര

മദൈവമേ! എന്റെ ആശ്രയമേ!......എന്റെ സന്യാസ വാഗ്ദത്തിന്റെ അവസ്ഥാന്തരങ്ങളും, ഞാൻ ആ വാഗ്ദത്തം ചെയ്തപ്പോഴുണ്ടായിരുന്ന വലിയ മനഃസ്ഥൈര്യവും ആനന്ദവും, നിന്നോടുള്ള എന്റെ ജ്ഞാന വിവാഹ സമ്മതവും ഓൎക്കുമ്പോൾ അതു എങ്ങിനെ വിവരിക്കേണ്ടു എന്നു എനിക്കറിവാൻമേലാ. കണ്ണുനീരുകൂടാതെ എനിക്കു അതിനെപ്പറ്റി സംസാരിപ്പാൻ പാടില്ല. എന്റെ കണ്ണുനീരുകൾ രക്തക്കണ്ണുനീരാകേണ്ടിയിരുന്നു; എന്റെ ഹൃദയം പൊട്ടിത്തകരേണ്ടിയിരുന്നു. എന്നാലും നിനക്കു വിരോധമായി ആ ദിവസം മുതൽ ഞാൻ ചെയ്തിട്ടുള്ള ദ്രോഹങ്ങൾ (തന്റെ കുറവുകളെയാണ് ഇവിടെ ദ്രോഹങ്ങൾ എന്നു പറയുന്നതു്.) നിമിത്തം അതൊന്നും വലിയ കഷ്ടപ്പാടുകൾ ആകയില്ല......' ത്രേസ്യാ പുണ്യവതിക്കു ദൈവത്തോടുള്ള ഭക്തിശുഷ്കാന്തിയും നന്ദിയും ഠരം വിനയമുള്ള വാക്കുകൾ നല്ലവണ്ണം പ്രകാശിപ്പിക്കുന്നു.

അവിടത്തെ ജീവിത ക്രമത്തിലും ഭക്ഷണത്തിലുമുണ്ടായ മാറ്റം, അവിടന്നുതന്നെ പറഞ്ഞിട്ടുള്ളതുപോലെ, അവിടത്തെ ആരോഗ്യത്തിനു ദോഷകരമായിത്തീൎന്നു. അവിടന്നു സന്യാസ വാഗ്ദത്തം ചെയ്യുന്നതിനുമുമ്പ് തന്നെ ബാധിച്ചിരുന്ന ഒരു രോഗം, അതില്പിന്നെ സകലരേയും പരിഭ്രമിപ്പിക്കത്തക്കവണ്ണം വളരെ കൂടുതലായി. കൂടക്കൂടെ ഛൎദ്ദിയുമുണ്ടായിരുന്നു. ഈ ദീനത്തിനു വൈദ്യന്മാർ തക്കതായ യാതൊരു മരുന്നും കണ്ടില്ല. പുണ്യവതിയുടെ പിതാവു ആ കന്യാസ്ത്രീമഠത്തിൽനിന്നും അവിടത്തെ മാറ്റി താമസിപ്പിച്ചു. ആ മഠത്തിൽ ഇങ്ങിനെ

യുള്ളവരെ പുറത്തയപ്പാൻ പാടില്ലെന്നുള്ള കാനോനാ നിയമം ആ കാലത്തു നടപ്പിലാക്കീട്ടുണ്ടായിരുന്നില്ല.

എന്നാൽ ചികിത്സകൾകൊണ്ടു അവിട്ടത്തെ സുഖക്കേടു വൎദ്ധിക്കമാത്രമെ ചെയ്തുള്ളു. കഠിന വീൎയ്യമുള്ള ഔഷധങ്ങളുടെ പ്രയോഗത്താൽ മൂന്നു മാസത്തേയ്ക്കു അവിടുന്നു കഠോര വേദനകൾ അനുഭവിച്ചു. അതിന്റെ ശേഷം അവിടത്തെ രോഗം സുഖപ്പെടുകയില്ലെന്നു പറഞ്ഞു വൈദ്യന്മാർ കൈയ്യൊഴികയാണു ചെയ്തതു്. ദൈവം അവിടത്തേയ്ക്കു വളരെ സഹനശക്തി നൽകി. യോബിന്റെ പുസ്തകം വായിച്ചിരുന്നതും തനിക്കു വളരെ ആശ്വാസജനകമായിരുന്നു.

൧൫൩൯-ലെ ആഗസ്റ്റ് മാസത്തിൽ നാലു ദിവസത്തോളം ത്രേസ്യാ പുണ്യവതി മരണാവസ്ഥയിൽ കിടന്നിരുന്നു. ആ ദിവസങ്ങളിൽ നിമിഷംതോറും അവിടുന്നു മരിക്കുമെന്നു എവരും പ്രതീക്ഷിച്ചുകൊണ്ടിരുന്നു. ഒരിക്കൽ അവിടുന്നു മരിച്ചുപോയെന്നു കരുതി ആശ്രമത്തിൽ ഒരു കുഴികൂടെ തയ്യാറാക്കി. അവിട്ടത്തെ പിതാവു തടസ്ഥം പറകയും ദേഹത്തിൽ ജീവനുള്ള ചില ലക്ഷണങ്ങൾ കാണപ്പെടുകയും ചെയ്തിട്ടില്ലാഞ്ഞെങ്കിൽ ശവസംസ്കാരം നടത്തപ്പെടുമായിരുന്നു. വിശുദ്ധ ത്രേസ്യായ്ക്കു കയ്യൊ, കാലൊ, തലയൊ, വലത്തുകയ്യിന്റെ ചെറുവിരൽ ഒഴികെ വേറെ വല്ല ഭാഗമൊ അനക്കാൻ മേലായിരുന്നു എന്നാണു അവിടുന്നു പറഞ്ഞിരിക്കുന്നതു്. ആരെങ്കിലും ശരീരത്തിൽ എവിടെയെങ്കിലും തൊടുന്നതു അസഹനീയമാകത്തക്കവണ്ണം ദേഹമാസകലം വേദനയുണ്ടായിരുന്നു. വേദന ഒരുവിധം ശമിച്ചപ്പോൾ കന്യാസ്ത്രീമ

മത്തിലേയ്ക്കു തിരികെ പോകേണമെന്നു കലശലായ ആഗ്രഹം ജനിച്ചതിനാൽ, അവിടത്തെ ശരീരം മുമ്പനുഭവിച്ച വേദനയാൽ ഒരു അസ്ഥിക്കൂടുപോലെ ശോഷിച്ചും മൃതശരീരത്തെക്കാൾ മോശമായും ഇരുന്നിട്ടും തന്നെ മറ്റുള്ളവരെക്കൊണ്ടു എടുപ്പിച്ചു കന്യാസ്ത്രീമഠത്തിലേയ്ക്കു കൊണ്ടുപോയി. അവിടന്നു എട്ടുമാസക്കാലത്തിലധികം ഈ സ്ഥിതിയിൽ കിടക്കയും ഏകദേശം മൂന്നുവത്സരത്തോളം തീരെ നടക്കാൻ മേലാതെയിരിക്കയും ചെയ്തു.

നമ്മുടെ പുണ്യവതി ഈ അരിഷ്ടതകളെ ദൈവതിരുമനസ്സിനുള്ള പൂർണ്ണ അനുസരണത്തോടും വളരെ സന്തോഷത്തോടും ഹൃദയ ഉണർച്ചയോടുംകൂടെ സഹിച്ചു. ഈ കഷ്ടതകളിൽ ജപധ്യാനം അവൾക്കു വളരെ സഹായമായിരുന്നു. മുമ്പിലത്തെക്കാൾ താല്പൎയ്യത്തോടുകൂടി ആ തഴക്കത്തിലേയ്ക്കു താൻ പിന്തിരികയും ചെയ്തു.

ഈ ദീനത്തിന്റെ ആരംഭത്തിൽ, കന്യാസ്ത്രീമഠത്തിൽനിന്നു പുണ്യവതിയെ തന്റെ സഹോദരിയുടെ പക്കലേയ്ക്കും ഏറെത്താമസിയാതെ അവിടെനിന്നു നാട്ടുംപുറത്തേയ്ക്കും കൊണ്ടുപോയപ്പോൾ ജപധ്യാനത്തെപ്പറ്റി പ്രതിപാദിക്കുന്നതും ഒരു ഫ്രാൻസിസ്കൻ പാദ്രിയാൽ (ഓസ്സുനയാൽ) എഴുതപ്പെട്ടതുമായ ഒരു ചെറിയ പുസ്തകത്തെ തന്റെ ഇളയപ്പൻ (പീറ്റർ) അവിടത്തേയ്ക്കു കൊടുത്തു. പുണ്യവതിക്കു ഈ പുസ്തകത്തോടു വളരെ പ്രീതി തോന്നുകയും തന്റെ സർവ്വശക്തിയേയും പ്രയോഗിച്ചു അതിൽ വിവരിച്ചിട്ടുള്ള ജപധ്യാനമുറയെ അനുകരിക്കാൻ തീർച്ചയാക്കുകയും ചെയ്തു.

ആദ്യംമുതല്ക്കുതന്നെ, ആത്മശക്തികളെയെല്ലാം ദൈവത്തിൽ ലയിപ്പിക്കുന്ന ദൈവൈക്യത്തെ പ്രാപിപ്പാൻ തക്കവണ്ണമുള്ള ജ്ഞാനവരം തനിക്കു നൽകപ്പെട്ടു. താൻ പലപ്പോഴും ചെയ്തിരുന്ന ഒരു മാതിരി ധ്യാനജപം കുറെനേരം മാത്രമെ നിലനിന്നുള്ളുവെന്നു വിശുദ്ധ ത്രേസ്യാതന്നെ പറഞ്ഞിരിക്കുന്നു. എങ്കിലും അതിന്റെ ഫലങ്ങൾ ശേഷിച്ചിരുന്നു. വിശുദ്ധ ത്രേസ്യാക്കു അപ്പോൾ ൨൦ വയസ്സു പ്രായം മാത്രമെ ആയിരുന്നുള്ളുവെങ്കിലും, മേല്പറഞ്ഞ കാരണത്താൽ അവിടന്നു ലോകത്തെ തീരെ വെറുക്കുകയും അതിന്റെ നിസ്സാരമായ നീർപ്പോളകളെ വൃഥാ തേടി നടക്കുന്നവരെക്കുറിച്ചു പരിതപിക്കയും ചെയ്തിരുന്നതായി കാണപ്പെട്ടു. നമ്മുടെ ദൈവവും നമ്മുടെ കർത്താവുമായ ഈശോമിശിഹാ തന്റെ ഉള്ളിൽ എഴുന്നള്ളിയിരിക്കുന്നുണ്ടെന്നു നിരൂപിക്കുവാൻ അവിടന്നു തന്റെ സമസ്ത ശക്തിയോടുംകൂടെ പ്രയത്നിച്ചു. അവിടത്തെ മാനസിക ജപധ്യാനത്തിന്റെ രീതി അതുതന്നെയായിരുന്നു.

## നാലാം അദ്ധ്യായം.

വി. ത്രേസ്യാ യൗസേപ്പു പുണ്യവാന്റെ മദ്ധ്യസ്ഥതാൽ സുഖംപ്രാപിച്ച വിവരം - യൗസേപ്പു പുണ്യവാന്റെ മാദ്ധ്യസ്ഥത്തിൽ നിന്നുണ്ടാകുന്ന ഗുണങ്ങളെപ്പററി ഈ പുണ്യവതിതന്നെ എഴുതിയിട്ടുള്ളതു്.

ഇങ്ങിനെ മൂന്നു വത്സരത്തോളം കഷ്ടപ്പെട്ടതിന്റെ ശേഷം മഹിമയുള്ള പരിശുദ്ധ യൌസേപ്പിന്റെ മദ്ധ്യസ്ഥാപേക്ഷയാൽ ത്രേസ്യാ പുണ്യവതി

പൂൎണ്ണ സുഖം പ്രാപിച്ചു. യൌസേപ്പു പുണ്യവാനോടു അവിടുന്ന എളിമയോടും താല്പൎയ്യത്തോടും കൂടെ പ്രാൎത്ഥിച്ചുവന്നിരുന്നു. ഇതിനെപ്പറ്റി പുണ്യവതി തന്നെ പറയുന്നതു കേൾക്കുക: "ഞാൻ വളരെ ചെറുപ്പമായിരുന്നിട്ടും പക്ഷവാതത്താൽ എത്ര അവശതയിലായി എന്നും ലോക വൈദ്യന്മാർ എന്നോടു പ്രവൃത്തിച്ചതെങ്ങിനെയെന്നും കണ്ടപ്പോൾ എന്നെ സുഖപ്പെടുത്താനായി സ്വൎഗ്ഗവൈദ്യന്മാരോടു അപേക്ഷിക്കാൻ ഞാൻ തീൎച്ചപ്പെടുത്തി. എന്റെ പരിപാലകനും നാഥനുമായി ഞാൻ മഹിമയുള്ള പരിശുദ്ധ യൌസേപ്പിനെ സ്വീകരിച്ചു്, എന്നെ അങ്ങെയുടെ പക്കൽ ഹൃദയപൂൎവ്വം ഏല്പിച്ചു. എന്റെ ഈ വിഷമതയിൽ നിന്നും, എന്റെ ആത്മാവു നഷ്ടപ്പെട്ടു പോകുന്നതിനേയും എന്റെ മാനത്തേയും സംബന്ധിക്കുന്നതായ ഇതിലും ഏറെ പ്രാധാന്യമുള്ള വേറെ വിഷമതകളിൽനിന്നും, എന്റെ പിതാവും നാഥനുമായ ഈ പുണ്യവാൻ എന്നെ രക്ഷിച്ചു എന്നും, എനിക്കു അപേക്ഷിക്കാൻ അറിയാവുന്നതിലധികം സഹായങ്ങൾ എനിക്കു ചെയ്തുതന്നു എന്നും ഞാൻ വ്യക്തമായി കണ്ടു. ഞാൻ എപ്പോഴെങ്കിലും എന്തെങ്കിലും അപേക്ഷിച്ചിട്ടു അദ്ദേഹം സാധിച്ചു തരാതിരുന്നിട്ടുള്ളതായി ഞാൻ ഓൎമ്മിക്കുന്നില്ല. ഈ സ്തുതിക്കപ്പെട്ട പുണ്യവാൻ മൂലമായി ദൈവം എനിക്കു് ചെയ്തിട്ടുള്ള ഉപകാരങ്ങളെക്കുറിച്ചും അവിടുന്ന എന്നെ ഏതെല്ലാം ആത്മ ശരീരാപത്തുകളിൽനിന്ന രക്ഷിച്ചു എന്നതിനെക്കുറിച്ചും ചിന്തിക്കുമ്പോൾ ഞാൻ വിസ്മയഭരിതയായി തീരുന്നു. ചില പ്രത്യേക ആവശ്യങ്ങളിൽ നമ്മെ സഹായിപ്പാൻ മാത്രമെ മറ്റുള്ള പുണ്യവാന്മാ

ക്കു് നമ്മുടെ കൎത്താവു വരം കൊടുത്തിട്ടുള്ളു എന്നു തോന്നുന്നു. എന്നാൽ ഈ കരുണയുള്ള പുണ്യവാന്നു്, എല്ലാററിലും നമ്മെ സഹായിപ്പാൻ അനുഗ്രഹം നൽകിയിട്ടുണ്ടെന്നു എനിക്കു അനുഭവപ്പെട്ടിരിക്കുന്നു; ഭൂമിയിൽ നമ്മുടെ കൎത്താവുതന്നെ അങ്ങേയ്ക്കു കീഴ്പ്പെട്ടിരുന്നതുകൊണ്ടു (പരിശുദ്ധ യൌസേപ്പിനു നമ്മുടെ കൎത്താവിന്റെ പിതാവെന്നുള്ള സ്ഥാനപ്പേരും അവിടുത്തെ രക്ഷകസ്ഥാനവും ഉണ്ടായിരുന്നതിനാൽ അങ്ങേയ്ക്കു നമ്മുടെ കൎത്താവിനോടു കല്പിക്കാൻ പാടുണ്ടായിരുന്നല്ലൊ) ഇപ്പോൾ സ്വൎഗ്ഗത്തിൽ അവിടുന്നു തന്റെ അൎത്ഥനകളെയെല്ലാം സാധിച്ചു കൊടുക്കുന്നു എന്നു നമ്മെ മനസ്സിലാക്കാൻ നമ്മുടെ കൎത്താവു ഇഷ്ടപ്പെടുന്നു. പരിശുദ്ധ യൌസേപ്പിന്റെ പക്കൽ തങ്ങളെത്തന്നെ സമൎപ്പിക്കാൻ ഞാൻ വേറെയാളുകളോടും പറഞ്ഞിട്ടുണ്ടു്. അവരും, ഇതു സ്വാനുഭവത്താൽ അറിഞ്ഞിരിക്കുന്നു. ഈ സത്യം പരിചയത്താൽ ബോദ്ധ്യപ്പെട്ടതു നിമിത്തം ഇയ്യിടെ അങ്ങേയുടെ ഭക്തന്മാരായിത്തീൎന്നിട്ടുള്ളവർ അനേകമുണ്ടു്".

"അവിടത്തെ തിരുനാളിനെ ഞാൻ കഴിയുന്നേടത്തോളം ആഘോഷപൂൎവ്വം കൊണ്ടാടിവരുന്നു...... ഈ മഹിമപ്പെട്ട വിശുദ്ധന്റെ ഭക്തന്മാരായിത്തീരുന്നതിനു സകലരേയും പറഞ്ഞു സമ്മതിപ്പിക്കാൻ കഴിഞ്ഞെങ്കിൽ കൊള്ളാമായിരുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിൽനിന്നു എത്രയധികം നന്മകൾ നമുക്കു മേടിച്ചുതരുവാൻ അങ്ങേയ്ക്കു കഴിയുമെന്നു ചിരകാല പരിചയത്താൽ ഞാൻ അറിയുന്നു. അങ്ങേയുടെ സാക്ഷാൽ ഭക്തനായിരിക്കയും പ്രത്യേക ശുശ്രൂഷകളാൽ അതിനെ വണങ്ങുകയും ചെയ്യു ഒരാ

ൻ ദൃശ്യമായ വിധത്തിൽ പുണ്യത്തിൽ അധികമധികം വൎദ്ധിക്കാതിരുന്നതായി ഞാൻ ഒരിക്കലും അറിഞ്ഞിട്ടില്ല. അങ്ങേപ്പക്കൽ തങ്ങളെത്തന്നെ ഏല്പിക്കുന്ന ആത്മാവുകളെ അങ്ങുന്നു പ്രത്യേകവിധത്തിൽ സഹായിക്കുന്നു. ഇപ്പോൾ കുറെ കൊല്ലങ്ങളായിട്ടു അവിടുത്തെ തിരുനാൾ ദിവസം എല്ലാപ്പോഴും ഞാൻ വല്ലതും അങ്ങയോടു അപേക്ഷിക്കുക പതിവാണ്. എല്ലാപ്പോഴും എനിക്കതു ലഭിച്ചിട്ടുമുണ്ട്. എന്റെ അപേക്ഷ ഏതെങ്കിലും പ്രകാരത്തിൽ ശരിയായിട്ടുള്ള വിധത്തിൽ തന്നെയല്ല എന്നായിരുന്നാൽ അവിടുന്നു എന്റെ നന്മക്കായി അതിനെ ശരിപ്പെടുത്തുന്നു".

"ഞാൻ എഴുതാൻ അധികാരമുള്ള ആളായിരുന്നു എങ്കിൽ, ഈ മഹിമയുള്ള പുണ്യവാൻ എനിക്കും മററുള്ളവൎക്കും (ദൈവത്തിൽനിന്നു) വാങ്ങിതന്നിട്ടുള്ള നന്മകളെക്കുറിച്ചു വളരെ സൂക്ഷ്മമായി വിവരിച്ചുപറയുന്നതു എനിക്കു സന്തോഷപ്രദമായിരുന്നേനെ".

"എന്റെ വാക്കുകളിൽ വിശ്വാസമില്ലാത്തവർ ദൈവസ്നേഹത്തെക്കുറിച്ചു ഇതിനെതന്നെത്താൻ ഒന്നു പരീക്ഷിച്ചു നോക്കുന്നതു നന്നായിരിക്കുമെന്നാണ് ഞാൻ പറയുന്നതു്; ഈ മഹിമയുള്ള പുണ്യവാനെ തന്നെത്തന്നെ സമൎപ്പിക്കയും അങ്ങയുടെ ഭക്തനായിരിക്കയും ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന വലിയ നന്മ അപ്പോൾ അവർ അനുഭവത്താൽ കാണും. പ്രാൎത്ഥനയിൽ പ്രതിപത്തിയുള്ളവൎക്കും ഈ പുണ്യവാനോടു ഒരു പ്രത്യേക വിധത്തിലുള്ള ഭക്തിയുണ്ടായിരിക്കണം; എന്തുകൊണ്ടെന്നാൽ ഉണ്ണിമിശിഹായോടുകൂടെ വളരെയൊക്കെ കഷ്ടപ്പെട്ട കാല

ത്തു് ദൈവദൂതന്മാരുടെ രാജ്ഞിക്കും ഉണ്ണിമിശിഹാ-
യ്ക്കും വിശുദ്ധ യൌസേപ്പു ചെയ്തു സഹായ പ്രവൃ-
ത്തികളെക്കുറിച്ചു നന്ദി പറയാതെ ആ രാജ്ഞിയെ
ക്കുറിച്ചു മനുഷ്യൎക്കാക്കെങ്കിലും വിചാരിക്കാൻ കഴിയു-
ന്നതെങ്ങിനെയെന്നു ഞാൻ അറിയുന്നില്ല. പ്രാൎത്ഥി-
ക്കേണ്ട വിധം പഠിപ്പിച്ചു കൊടുക്കാൻ ആരെയും
കണ്ടെത്താത്തയാൾ ഈ പുണ്യവാനെ തന്റെ ഗുരു-
നാഥനായി എടുക്കട്ടെ; അയാൾ വഴിതെറ്റി അല-
ഞ്ഞു നടക്കേണ്ടി വരികയില്ല”.

## അഞ്ചാം അദ്ധ്യായം.

ജപധ്യാനത്തിൽ അമാന്തം ജനിപ്പിക്കാൻ പിശാചു പ്ര-
യോഗിച്ച തന്ത്രം- വിശുദ്ധ ത്രേസ്യായ്ക്കു കൎത്താവു പ്രത്യക്ഷ-
നാകുന്നതു്- കമ്പസ്സാരക്കാരന്റെ ഉപദേശം- ജപധ്യാന-
ത്തെക്കുറിച്ചു വിശുദ്ധ ത്രേസ്യാ എഴുതിയിട്ടുള്ളതു്- അവിടു-
ത്തെയ്ക്കു ലഭിച്ച സ്വൎഗ്ഗീയാനന്ദം.

---

കാഴ്ചയിൽ നന്മയാണെന്നു തോന്നുന്ന കെണി-
കൾ കൊണ്ടല്ലാതെ സുകൃതവാന്മാരെ വഞ്ചിക്കാൻ
കഴികയില്ലെന്നു തന്ത്രക്കാരനായ പിശാചിന്നു നല്ല-
തിന്മണ്ണം അറിയാം. മുൻ വിവരിച്ചതുപോലെ, വി-
ശുദ്ധ ത്രേസ്യാ ജപധ്യാനത്തിൽ ദൈവത്തോടൊന്നിക്കു-
ന്ന ഭാഗ്യകരമായ സ്ഥിതിയെ പ്രാപിച്ചിട്ടുണ്ടായി-
രുന്നു. അങ്ങിനെയിരിക്കെ പെട്ടെന്നു അവിടുന്നു മുഖ-
ത്തെ കൎത്താവിൽനിന്നു തിരിപ്പിച്ചു കളയാമോ? പാ

ട്ടില്ലല്ലോ. അതിനാൽ പിശാചിന്റെ കൌശലങ്ങ
ൾ നന്മയുടെ രൂപത്തിൽ തിന്മയിലേക്കു വിശുദ്ധ
ത്രേസ്യായെ ആകർഷിച്ചു. ജപധ്യാനത്തിൽ ദൈവ
ത്തോടു ഇത്ര അധികമായും ഇത്ര അടുത്തും സം
ഭാഷണം ചെയ്വാൻ തനിക്കു യോഗ്യതയില്ലെന്നു
അവിടുന്നു വിചാരിച്ചതിനാൽ അതിൽ ഉദാസീനത
കാണിക്കാൻ തുടങ്ങി. അതു എളിമയുടെ ഒരു ല
ക്ഷണമെന്നാണു് തന്നെത്താൻ വിചാരിച്ചതു്. ത
ന്നെക്കാൾ അധികം പുണ്യമുള്ള വേറെ പലരും
മേൽപ്രകാരം ഉദാസീനത കാണിച്ചുവരുന്നതിനാ
ൽ ആ പ്രവൃത്തി പാപകരമാകയില്ലെന്നു അവിടുന്നു
കരുതി. ഇതിന്റെ ഫലം ഉടനെ കണ്ടു. അവിടുന്നു
ദൈവത്തോടു സംഭാഷണം ചെയ്വാൻ അമാന്തിച്ചു തു
ടങ്ങിയ ഉടനെ ആശ്രമവാതുക്കലോ അഴിയിട്ടിട്ടുള്ള
കിളിവാതുക്കലോ ചെന്നു ലൌകികന്മാരോടു സം
സാരിക്കുന്നതിൽ വിരോധമില്ലെന്നു തോന്നി. എ
ങ്കിലും നമ്മുടെ കർത്താവു ഈ തിന്മയെ കാ
ണ്മാൻ വിശുദ്ധ ത്രേസ്യാക്കു് പ്രകാശം നൽകി. ഒ
രു ദിവസം അവിടുന്നു അഴിയിട്ട വാതുക്കൽനിന്നു
ഒരു പുതിയ ചങ്ങാതിയോടു സംസാരിച്ചു നിൽക്കു
മ്പോൾ അവിടത്തേക്കു് നമ്മുടെ കർത്താവു പ്രത്യക്ഷ
നായി. തന്റെ നടപടിയിൽ നമ്മുടെ കർത്താവിനു്
അശേഷം തൃപ്തിയില്ലെന്നു തോന്നുവാൻ തക്കതി
ന്വണ്ണം മുഖം കറുപ്പിച്ചു നിൽക്കുന്നതായിട്ടാണു് അ
വിടുത്തെ ആത്മദൃഷ്ടിയിൽ കാണപ്പെട്ടതു്. ഈ വ
ലിയ തിന്മയെ മനസ്സിലാക്കാൻ പല മുന്നറിവുക
ളും ദിവ്യ പ്രേരണകളും ഉണ്ടായിട്ടും അവയുടെ
നേരെ കണ്ണടച്ചു കളഞ്ഞതു കേവലം അന്ധതമാ

യിപ്പോയി എന്നും അതു വലിയ കുററമാണെന്നു വിശുദ്ധ ത്രേസ്യാ തന്നെത്തന്നെ കഠിനമായി ശാസക്കയും സകല സന്യാസികളും ഠരം കാൎയ്യത്തിൽ കരുതലുള്ളവരായിരിക്കണമെന്നു താല്പൎയ്യമായി അപേക്ഷിക്കയും ചെയ്യുന്നു. അവിടുന്നു പറയുന്നതിപ്രകാരമാണ്: "വേറൊരു സമയം ഞാൻ ആയാളോടുകൂടെയായിരിക്കുമ്പോൾ, ഞങ്ങൾ — ഞങ്ങൾ രണ്ടുപേരും അവിടെയുണ്ടായിരുന്ന മററാളുകളും — ഒരു വലിയ തവളയേപ്പോലെ എന്തോ ഒന്നു ഞങ്ങളുടെ നേരെ ഇഴഞ്ഞു വരുന്നതു കണ്ടു. ഠരം തരം ജന്തുക്കൾക്കു സഹജമായുള്ളതിൽ അധികം വേഗത്തിലായിരുന്നു അതിൻെറ വരവ്. ആ തരം ഒരു ഇഴജന്തു മദ്ധ്യാഹ്ന സമയം ആ സ്ഥലത്തുനിന്നു വന്നതെങ്ങിനെയെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു പ്പൊരിക്കലും അങ്ങിനെയുണ്ടായിട്ടില്ല. അതിന്നു ഒരു അൎത്ഥമുണ്ടായിരിക്കണമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെയൊരു വികാരമാണ് അതു എന്നിൽ ഉണ്ടാക്കിയതു്. പിന്നെയൊരിക്കലും അതു് എൻെറ ഓൎമ്മയിൽനിന്നു വിട്ടുപോയിട്ടുമില്ല".

നമ്മുടെ പുണ്യവതിയുടെ കുമ്പസ്സാരം കേട്ടിരുന്ന ദോമ്നിക്കൻ സഭക്കാരനായ ഒരു പാദ്രി, ജപധ്യാനം ചെയ്യിരുന്ന പതിവിനെ വിട്ടുകളഞ്ഞതു വലിയ അപകടമാണെന്നു പുണ്യവതിയെ ധരിപ്പിക്കാൻ പ്രയാസപ്പെടുകയും അതിനു മുടക്കം വരുത്തരുതെന്നു ചുമതലപ്പെടുത്തുകയും ചെയ്തു. അവിടുന്നു വീണ്ടും തൻെറ ൨൮-ാമത്തെ വയസ്സിൽ അതു ആരംഭിച്ചു; ആ സമയം മുതൽ ഒരിക്കലും അതിനു മുടക്കം വരുത്തിയിട്ടില്ല. എങ്കിലും പിന്നെയും വളരെ

നാളത്തേയ്ക്കു് തന്നെ കാണാനായി അഴിവാതുക്കൽ വരുന്നവരെ വിശുദ്ധ ത്രേസ്യാ സന്ദർശിച്ചുവന്നു. ഈ കാൎയ്യങ്ങളെ അവിടുന്നു തന്റെ ജപധ്യാനത്തിൽ കണ്ടുപിടിക്കാറിരുന്നില്ല. എന്നാലും ദൈവത്തെ പൂൎണ്ണമായി അനുഗമിക്കയോ അല്ലെങ്കിൽ ലൌകികന്മാരെ അശേഷം ഉപേക്ഷിക്കയോ ചെയ്വാൻ അവിടുത്തേക്കു് ധൈൎയ്യമുണ്ടായില്ല. ഈ സ്ഥിതിയിൽ തനിക്കു ദൈവ മാധുൎയ്യത്തെയോ ലോക തൃപ്തിയേയോ ആസ്വദിക്കാൻ കഴിഞ്ഞില്ലെന്നു അവിടുന്നു പറഞ്ഞിട്ടുള്ളതിൽനിന്നു് ആ കാലത്തു അവിടുത്തെ സ്ഥിതി എന്തായിരുന്നുവെന്നു സ്പഷ്ടമാകുന്നുണ്ടു്. എന്തുകൊണ്ടെന്നാൽ ലൌകികന്മാരോടുകൂടെ ആയിരുന്നപ്പോൾ ദൈവത്തോടുള്ള തന്റെ കടമയെക്കുറിച്ചുള്ള ഓൎമ്മ അവിടുത്തേയ്ക്കു ദുഃഖം ജനിപ്പിച്ചിരുന്നു. ദൈവത്തോടു സംഭാഷണം ചെയ്തിരുന്നപ്പോൾ ലോകസ്നേഹവും ലോകവാസനകളും അവിടുത്തെ മനസ്സിനെ കലക്കിയിരുന്നു. (എന്നാലും തന്റെ ഭക്തി കൃത്യങ്ങളിലും ധ്യാനങ്ങളിലും മധുരതരമായ ആശ്വാസങ്ങളെ ദൈവം ദയാപൂൎവ്വം നൽകിവന്നു.) വിശുദ്ധ ത്രേസ്യാ പറയുന്നതായതു്: "ഞാൻ ഏകദേശം ഇരുപതു വത്സരങ്ങളോളം വീണും എണീറ്റും ഈ പരീക്ഷയിൽ കൂടി കടന്നു; ഞാൻ വളരെ കുറവുകളോടുകൂടിയാണു് എണീറ്റതു്; എന്തുകൊണ്ടെന്നാൽ ഞാൻ വളരെ വേഗം വീണ്ടും വീണു്." ദൈവശുശ്രൂഷയിൽ അഭിവൃദ്ധിപ്പെടുന്നതിന്നു തടസ്ഥമായിരുന്ന പാപദോഷങ്ങളേയും ന്യൂനതകളേയുമാണു് അവിടുന്നു വീഴ്ചകളെന്നു പറയുന്നതു്.

വിശുദ്ധ ത്രേസ്യാ തുടരെ അനുതാപിക്കയും വളരെ അധികമാക്കിപ്പാകയും ചെയ്തിരുന്ന ഒരം കാലങ്ങൾ, അവിടത്തെ കാണ്മാൻ ചെന്നിരുന്നവരുമായി ഗൌരവം വിടാതെ വിനോദിച്ചിരുന്നതിലാണ് മുഖ്യമായി അടങ്ങിയിരുന്നതെന്നും, അവിടത്തെ സ്വഭാവ മാധുൎയ്യവും ഹൃദയ ഗുണവുമാണ് അതിലേക്കു പ്രേരിപ്പിച്ചിരുന്നതെന്നും അവിടത്തെ കമ്പസ്സാരക്കാർ അങ്ങിനെ ചെയ്യാൻ തന്നെ അനുവദിക്കുകയും ഉത്സാഹിപ്പിക്കയും ചെയ്തിരുന്നുവെന്നും ഒരം വിശുദ്ധയുടെ ആഭ്യന്തര സ്ഥിതികളെപ്പറ്റി തനിക്കു നേരിട്ടുള്ള അറിവിനെ അടിസ്ഥാനമാക്കി യെപ്പെസ മെത്രാൻ നമ്മോടു ഉറപ്പു പറയുന്നു. എന്നിട്ടും അവയെ തന്റെ ആത്മിക പൂൎണ്ണതയ്ക്കു തടസ്ഥങ്ങളായി അവിടന്നു വിചാരിച്ചു. സ്വാനുഭവത്താൽ താൻ അറിഞ്ഞതിനെ നമ്മോടു പറയാമെന്നു ഉറപ്പായി പറഞ്ഞുകൊണ്ടു, വിശുദ്ധ ത്രേസ്യാ എന്താണ് ചെയ്യുന്നതു? ജപധ്യാനാരൂപി ലഭിപ്പാനും അതിനെ വളൎത്തിക്കൊണ്ടു വരുവാനും ദൈവത്തോടുള്ള സ്നേഹത്തെ പ്രതി സകലരും സൎവ്വാത്മനാ ശ്രമിക്കണമെന്നു എല്ലാവരോടും താല്പൎയ്യത്തോടുകൂടി അപേക്ഷിക്കയും, യാതൊന്നും ഭയപ്പെടുവാനില്ലാത്തതും ആശാസ്യമായ വലുതെയൊക്കെ അടങ്ങിയിരിക്കുന്നതുമായ ആ മഹത്തായ നന്മ, ആരും നഷ്ടപ്പെടാതിരിക്കാൻ ഹൃദയംഗമമായ വിധത്തിൽ അനുശാസിക്കയും ചെയ്തിരുന്നു. "ജപധ്യാനത്താൽ സ്വൎഗ്ഗത്തിലേക്കുള്ള മാൎഗ്ഗത്തെ യഥാൎത്ഥമായി മനസ്സിലാകാൻ നാം പഠിക്കുന്നു. ദൈവം തന്നെത്തന്നെയും തന്റെ ആത്മിയ കൃപക

ളേയും നമ്മുടെ ആത്മാവുകളിലേക്കു ആനയിക്കുന്ന പടിവാതിൽ ഇതാകുന്നു. ദൈവത്തെ തന്റെ സ്നേഹിതനായി സ്വീകരിച്ച യാതൊരുത്തനും ദിവ്യപ്രതാപവാനായ അങ്ങുന്നു മതിയായ സമ്മാനം കൊടുക്കാതിരുന്നിട്ടില്ല" എന്നു വിശുദ്ധ ത്രേസ്യാ പറഞ്ഞിരിക്കുന്നു.

അവിടുന്നു പിന്നെയും പറയുന്നതാവിതു: "ജപധ്യാനം എന്നുവെച്ചാൽ നമ്മെ സ്നേഹിക്കുന്നു എന്നു നാം അറിയുന്ന ദൈവത്തോടു സ്നേഹമായി പെരുമാറുകയും അങ്ങേയോടു കൂടക്കൂടെയും രഹസ്യത്തിലും സംഭാഷിക്കയും ചെയ്കയാകുന്നു. അങ്ങുന്നിനിയും സ്നേഹിക്കാത്തവർ ജപധ്യാനത്താൽ കൂടക്കൂടെ അങ്ങേയുടെ ആത്മീയ സഹവാസത്തിലിരിക്കാൻ തങ്ങളെത്തന്നെ നിർബന്ധിക്കയും അവർ അങ്ങേയുടെ സ്നേഹത്തെ പ്രാപിക്കുന്നതുവരെ ഈ പടിവാതുക്കൽക്കൂടെ കടക്കയും ചെയ്യണം."

"നാം ദൈവത്തിന്നെതിരെ വാതിൽ അടച്ചുകളഞ്ഞാൽ അവിടുന്നു നമ്മുടെ പക്കൽ വരികയോ തന്റെ പ്രസാദവരങ്ങളാൽ നമ്മെ സമ്പന്നന്മാരാക്കുകയോ ചെയ്യുന്നതെങ്ങിനെയാണെന്നു എനിക്കറിഞ്ഞുകൂടാ. തന്റെ സകല ദാനങ്ങളോടുംകൂടെ നമ്മോടു സഹവാസം ചെയ്വാൻ അവിടുത്തേക്കു അളവറ്റ ആഗ്രഹമുണ്ടെങ്കിലും, നമ്മുടെ ഹൃദയങ്ങൾ ഇതരകാര്യങ്ങളിൽ ഏർപ്പെടാതെ തനിച്ചിരിക്കുന്നതായും തന്നെ കൈക്കൊള്ളാനുള്ള ആഗ്രഹത്താൽ എരിയുന്നതായും അവിടുന്നു കാണണം" എന്നു പുണ്യവതി പറയുന്നു.

ഇങ്ങിനെ അനേകം കൊല്ലങ്ങളെ (പുണ്യവതി

യുടെ അഭിപ്രായത്തിൽ) പല ന്യനതകളോടുകൂടെയാണെങ്കിലും, ജപധ്യാനത്തിൽ വ്യയം ചെയ്യുതിൻെറശേഷം അവിടന്ന തൻെറ ആത്മാവിൽ ശ്രദ്ധേയമായ ഒരു മാററം കണ്ടു. ഒരു ദിവസം പ്രാൎത്ഥനമുറിയിലേക്കു പോകുമ്പോൾ നമ്മുടെ രക്ഷകൻെറ കഷ്ടാനുഭവത്തിൽ അങ്ങെ ശരീരം മുറിവുകളാൽ നിറഞ്ഞിരിക്കുന്ന പ്രകാരമുള്ള ഒരു പടം കണ്ടു്, ത്രേസ്യാ പുണ്യവതിയുടെ ഹൃദയത്തിൽ അത്യധികമായ അനുകമ്പയുണ്ടായി അതു പൊട്ടിപ്പോകുമെന്നു തോന്നി. ഉടനെ ആ പടത്തിൻെറ മുമ്പിൽ സാഷ്ടാംഗം വീണു കണ്ണനീരൊലിപ്പിച്ചുകൊണ്ടു് മേലിൽ ഒരിക്കലും തന്നെ ദ്രോഹിക്കാതിരിക്കാൻ ശക്തി നൽകേണമെന്നു നമ്മുടെ കൎത്താവിനൊടു അവിടന്ന അപേക്ഷിച്ചു. വിശുദ്ധ മരിയ മഗ്ദലേനയുടെ പ്രത്യേക ഭക്തിക്കാരത്തിയായിരുന്നതിനാൽ ആ വിശുദ്ധയുടെ അരൂപിയോടു യോജിച്ചുകൊണ്ടു് ഈശോയുടെ തൃപ്പാദത്തിങ്കൽ, തന്നെ വച്ചു്, തൻെറ കണ്ണനീരിനെ തിരസ്കരിക്കരുതെന്നു രക്ഷകനോടു യാചിക്കുന്നതു അവിടത്തേക്കു് വളരെ ആനന്ദകരമായിരുന്നു.

ത്രേസ്യാ പുണ്യവതിക്കു ഏററം വാത്സല്യമുണ്ടായിരുന്ന വിശുദ്ധന്മാരിൽ ഒരാൾ, അവിടന്ന ആദ്യം ചേൎന്ന കന്യകാമഠത്തിൻെറ പരിപാലകനും അത്ഭുതഭാജനമായ അനുതാപിയുമായ വിശുദ്ധ അഗസ്റ്റീനായിരുന്നു. ആ സിദ്ധൻെറ "പാപസങ്കീൎത്തനം" എന്ന പുസ്തകം അവിടന്ന വായിച്ചു. ആ പുസ്തകവായന അവിടുത്തെ ഹൃദയത്തെ വല്ലാതെ ഇളക്കിയതിനാൽ തൻെറ കരച്ചിലിനെ നമ്മുടെ കൎത്താ

വു കേട്ടരുളേണമെന്നും, തന്റെ കണ്ണുനീരിനെ കടാക്ഷിക്കേണമെന്നും തന്റെ അരിഷ്ടതകളിൽ അനുകമ്പയുണ്ടാകണമെന്നും നമ്മുടെ കർത്താവിനോടു ഭക്തി തീക്ഷ്ണതയോടെ അപേക്ഷിച്ചു. (നാം അവിടത്തെ ജീവചരിത്രത്തെ പരിശോധിക്കുന്തോറും അവിടത്തെ എളിമ അധികം പ്രകാശിക്കുന്നതാണു.) അന്നുതൽ മനസ്താപത്തിലും ദൈവ സ്നേഹത്തിലും ത്രേസ്യാ പുണ്യവതി അധികം സമയം വ്യയം ചെയ്യാൻ തുടങ്ങി.

അന്യൂനമായ വിധത്തിൽ ദൈവത്തെ സ്നേഹിക്കണമെന്നു ത്രേസ്യാ പുണ്യവതി തീർച്ചപ്പെടുത്തിയ ഉടനെ അവിടത്തെ ആത്മാവിന് നൂതനവും അസാധാരണവുമായ ഓരോ ആശ്വാസങ്ങളും ഉപകാരങ്ങളും അനവധി സ്വർഗ്ഗീയാനന്ദങ്ങളും നമ്മുടെ കർത്താവു നൽകുവാൻ ആരംഭിച്ചു. അവിടന്നു [illegible] ആശ്വാസങ്ങൾ ലഭിക്കാൻ ഒരിക്കലും ആഗ്രഹിച്ചില്ല. വളരെ ആത്മിക വരൾച്ച ഉണ്ടായപ്പോൾ സ്വല്പം ആത്മികാശ്വാസം നൽകണമെന്നു കർത്താവിനോടു ഒരിക്കൽ മാത്രമെ താൻ അപേക്ഷിച്ചിട്ടുള്ളുവെന്നു അവിടുന്നു പറയുന്നു. എന്നാൽ താൻ ചെയ്ത നിശ്ചയമെന്താണെന്നു അവിടുന്നു ചിന്തിച്ച ഉടനെ വലിയ പരിഭ്രമമുണ്ടായി. അതിനെപ്പററി പുണ്യവതി ഇപ്രകാരം പറഞ്ഞിരിക്കുന്നു: "തന്നെ (ദൈവത്തെ) ഒരിക്കലും ദ്രോഹിക്കാതിരിക്കാൻ വേണ്ടിയ അനുഗ്രഹം നൽകേണമെന്നും ഞാൻ ചെയ്തുപോയ പാപങ്ങളെ ക്ഷമിക്കണമെന്നും മാത്രമെ ഞാൻ അപേക്ഷിച്ചുള്ളു; എന്തെങ്കിലും ആത്മികാനന്ദത്തെ മനഃപൂർവ്വം ഞാൻ ആഗ്രഹിച്ചിട്ടില്ല." അവിടത്തെ ആ

ത്മാവിന്റെ ദാർഢ്യവും ദൈവത്തോടുള്ള സ്നേഹവും ഈ വാക്കുകളിൽനിന്നു സ്പഷ്ടമാകുന്നു. ഈ സ്നേഹം വെറും മനോരഥമോ മനോസങ്കല്പമൊ അല്ലായിരുന്നു. അതു യഥാർത്ഥമായതും വളരെ ഫലസിദ്ധിയുള്ളതുമായിരുന്നു. പല ഏർപ്പാടുകളിലും, അതു വ്യക്തമായി പ്രകാശിക്കുകയും ചെയ്തു.

## ആറാം അദ്ധ്യായം.

ത്രേസ്യാ പുണ്യവതിക്കു പിശാചു ബാധയുണ്ടെന്നു സംശയിക്കപ്പെടുന്നു- അവിടത്തേയ്ക്കുണ്ടായ ആനന്ദ പാരവശ്യവും ദൈവ സ്പർശവും- പത്രോസ് ദെ അൽക്കാന്ത്ര പുണ്യവാന്റെ അഭിപ്രായം- ആഭ്യന്തരമായും ബാഹ്യമായും ഉണ്ടായ ക്ലേശങ്ങൾ- നരക ദർശനം- ആത്മരക്ഷയിലുള്ള ശുഷ്കാന്തി.

ഈ കാലത്തു നമ്മുടെ പുണ്യവതി തന്റെ ആത്മിക ഉപദേഷ്ടാക്കന്മാർക്കു നല്ലവണ്ണം മനസ്സിലാവാത്ത ആത്മ സംബന്ധമായ ഞെരുക്കങ്ങളാലും ആധികളാലും നിറഞ്ഞതായ ഒരു ഘട്ടത്തിലേയ്ക്കാണു പ്രവേശിക്കുന്നത്. ജസുവീത്താ സഭക്കാരനായ ബൽത്താസർ അൽവരേസ് പാദ്രി നമ്മുടെ പുണ്യവതിയുടെ ആത്മഗുരുവായിരുന്ന ഈ കാലത്തു അവിടുന്നു വളരെ സങ്കടങ്ങൾ അനുഭവിച്ചു. ആറു പ്രസിദ്ധന്മാരായ സന്യാസികൾ ഏകോപിച്ചു അവിട

ന്നു പിശാചിനാൽ വഞ്ചിക്കപ്പെട്ടുവരുന്നതായി രിച്ചുപ്പെടുത്തുകയും, ബർത്തൊസർ പാദ്രി അവരോടൊരുമിച്ചു അവിടത്തെ പക്കൽ പോയി ഇത്ര കൂടക്കൂടെ കുർബാന കൈക്കൊള്ളരുതെന്നും, ഇത്ര നിഷ്ക്കർഷയായ ഏകാന്ത ജീവിതം കഴിക്കരുതെന്നും, തന്റെ ആശ്രമ ചട്ടത്താൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നതിലധികം സമയം ധ്യാനിക്കരുതെന്നും പുണ്യവതിയോടു കല്പിക്കാൻ അദ്ദേഹത്തെ പറഞ്ഞു സമ്മതിപ്പിക്കയും ചെയ്തു. തന്റെ സാക്ഷാൽ സഖിമാർപോലും പുണ്യവതിയെ പിശാചു സംസർഗ്ഗമുള്ള ഒരാളായി ഗണിച്ചു. എങ്കിലും നമ്മുടെ കർത്താവു തന്നോടുകൂടെ ഉണ്ടായിരുന്നു. ഒരു ദിവസം ദീർഘവും കഠിനവുമായ ആത്മിക ശൂന്യതയും സങ്കടവും അനുഭവിച്ചതിന്റെ ശേഷം പുണ്യവതിക്കു പെട്ടെന്നു ഒരു ആനന്ദ പാരവശ്യം ഉണ്ടാകയും തന്റെ ഉള്ളിൽ കീഴെ പറയും പ്രകാരം ഒരു സ്വരം കേൾക്കയും ചെയ്തു. "മകളെ! ഭയപ്പെടേണ്ടാ, എന്തുകൊണ്ടെന്നാൽ ഞാനാണ്; ഞാൻ നിന്നെ ഉപേക്ഷിക്കയില്ല. ഭയപ്പെടേണ്ട." അവിടത്തെ മനസ്സു തൽക്ഷണം ശാന്തമായും നിശ്ചഞ്ചലമായും പ്രകാശ പരിപൂർണ്ണമായും തീർന്നു.

ആഭ്യന്തര ജീവിതത്തിൽ മറ്റു പല പുണ്യവാളന്മാരേക്കാൾ അധിക പരിചയമുണ്ടെന്നോ അതിസ്വഭാവികമായ ജപധ്യാന വരത്തിൽ അധികം നിപുണതയുണ്ടെന്നോ കാണപ്പെടുന്ന പത്രോസ് ദെ അൽക്കാന്ത്ര പുണ്യവാൻ ഒരിക്കൽ പല ദിവസങ്ങളോളം വിശുദ്ധ ത്രേസ്യായോടു സംഭാഷണം ചെയ്കയും ആ പുണ്യവതിയിൽ പരിശുദ്ധാരൂപിയുടെ അത്ഭുതകരമായ വരങ്ങളുണ്ടെന്നുള്ളതിനു നിസ്തർക്ക

മായ ചില അടയാളങ്ങൾ കാണകയും ആ സുകൃതി നി പഠിപ്പുള്ള വിദ്വാന്മാരുടെയും സജ്ജനങ്ങളുടെയും വിരോധംകൊണ്ടു സങ്കടപ്പെട്ടുന്നതിനെപ്പററി ഏററനുശോചിക്കയും ചെയ്തു. എങ്കിലും പുണ്യവതി തന്റെ ഞെരുക്കങ്ങളുടെയും അരിഷ്ടതകളുടെയും അവസാനത്തിൽ എത്തിയിട്ടില്ലെന്നു ആ മഹാത്മാവു മുൻകൂട്ടി പറകയും ചെയ്തു.

പത്രോസ് ദെ അൽക്കാന്ത്ര പുണ്യവാൻ മേൽ പറഞ്ഞപ്രകാരം തീരുമാനിച്ചതിന്റെ ശേഷം ബൽത്താസർ പാദ്രി തന്നെയല്ല വളരെ ദൈവ ഭക്തിയും പഠിപ്പും അധികാരവും ഉള്ള വേറെ പലരും, വിശുദ്ധ ത്രേസ്യായുടെ ജപധ്യാനത്തിലും ആനന്ദ പാരവശ്യത്തിലും അവിടുന്നു അതി സ്വാഭാവികമായ വിധത്തിൽ ദൈവാരൂപിയാൽ നടത്തപ്പെടുന്നുവെന്നുള്ളതിനു ഏററവും വ്യക്തവും സുസമ്മതവുമായ അടയാളങ്ങളും കാരണങ്ങളും ഉണ്ടെന്നു നിസ്സംശയമായി പ്രസ്താവിച്ചു.

വിശുദ്ധ ത്രേസ്യാതന്നെ ഏഴുതിയിട്ടുള്ള സ്വന്തചരിത്രത്തിൽ അവിടത്തേക്കനുഭവഗോചരമായ അത്ഭുത സംഗതികളെക്കുറിച്ചു ഒരു സാമാന്യവിവരണം കൊടുത്തിട്ടുണ്ടു്. അവിടത്തേക്കു ചിലപ്പോൾ ഇരുളടഞ്ഞ മനസ്സു്, കഠിനമായ ആത്മ ക്ലേശം മുതലായ ആഭ്യന്തര ദുഃഖഹേതുക്കൾ ഉണ്ടായി. അവയെ പിന്തുടൎന്നു എല്ലായ്പോഴും മഹത്തായ അനവധി നന്മകൾ ലഭിച്ചുവന്നു. സ്വൎണ്ണം തട്ടാന്റെ മൂശയിൽനിന്നെന്നപോലെ ഈ സങ്കടങ്ങളിൽനിന്നു ത്രേസ്യാ പുണ്യവതിയുടെ ആത്മാവു അധികം പരിശുദ്ധമായും മാറേററിയതായും വെളിയിലേക്കു വന്നു. ഈ

ആഭ്യന്തര ക്ലേശങ്ങൾ കൂടാതെ അവിടത്തേയ്ക്കു ചില പ്പോൾ ബാഹ്യമായ അതായതു പുറമേയുള്ള അരിഷ്ട തകളും നേരിട്ടിരുന്നു. കൂടക്കൂടെ അവിടന്നു പിശാ ചിനെ ബീഭത്സമായ രൂപത്തിൽ കണ്ടു. എങ്കിലും അവരെ കുരിശൊ വിശുദ്ധ ജലമോകൊണ്ടു അവി ടുന്നു ആട്ടിക്കളഞ്ഞിരുന്നു. ആ സ്ഥലത്തെല്ലാം വിശു ദ്ധ ജലം തളിച്ചാൽ അവർ ഒരിക്കലും മടങ്ങി വന്നി രുന്നില്ലെന്നു അവിടന്നു പറയുന്നു.

ഒരു ദിവസം ത്രേസ്യാ പുണ്യവതി ജപധ്യാനത്തി ൽ ആയിരുന്നപ്പോൾ ഒരു കാഴ്ചയിൽ നരകത്തെ ക ണ്ടു. അതിനേപ്പററി താഴെ വരുംപ്രകാരം അവിട ന്നു വിവരിച്ചിരിക്കുന്നു:—"വളരെ താണതും ഇരുണ്ട തും അടവായതുമായ അഗ്നിച്ചൂളപോലെയുള്ള ഒരു ഇടുങ്ങിയ ദിർഘവഴിയിൽക്കൂടെയാണ് (അതിലേയ്ക്കു ള്ള) പ്രവേശം എന്നു തോന്നി. തറ, നനഞ്ഞതും ചളി നിറഞ്ഞതും അത്യന്തം അഴുക്കായുള്ളതും സാംക്രമിക വ്യാധികളുടെ ദുർഗ്ഗന്ധങ്ങളെ പുറപ്പെടുവിക്കുന്നതും അറപ്പു തോന്നുന്ന കൃമികളാൽ മൂടപ്പെട്ടതുമായിക്ക ണ്ടു. അതിൻെറ അററത്ത് ചെറിയ ഒരു ഇടമതിലി ന്മേൽ തുറസ്സായ ഒരു സ്ഥലമുണ്ടായിരുന്നു. അതിൽ എന്നെ ബന്ധിച്ചിരിക്കുന്നതായി ഞാൻ കണ്ടു. അവി ടെ ഞാൻ അനുഭവിച്ചതിനോടു താരതമ്യപ്പെടുത്തി യാൽ ഇവയെല്ലാം കാണുന്നതുപോലും സന്തോഷ കരമായിരുന്നു. ഞാൻ പറയുന്നതിൽ അതിവർണ്ണന യില്ല. എന്നാൽ അപ്പോൾ ഞാൻ അനുഭവിച്ചതിനെ ക്കുറിച്ചു വിവരിക്കണമെന്നായാൽ എവിടംമുതൽ പ റഞ്ഞുതുടങ്ങണമെന്നു എനിക്കു അറിയാൻ മേലാ. അതു കേവലം അവർണ്ണനീയമാണ്. എൻെറ ആ

ത്മാവിൽ അഗ്നി പററിയതായി എനിക്കു തോന്നി. അതു വിവരിക്കുവാൻ സാദ്ധ്യമാകുന്നതെങ്ങിനെയെന്നു എനിക്കു കാണ്മാൻ വഹിയാ. എന്റെ ശരിര പീഡകൾ സഹിപ്പാൻവഹിയാത്തവയായിരുന്നു. ഈ ജീവിതത്തിൽ ഏററവും വേദനയുള്ള അരിഷ്ടതകളേയും, വൈദ്യൻ പറയുന്നതുപോലെ സഹിക്കപ്പെടാവുന്നതിൽ ഏററം വലിയവയേയും, ഞാൻ സഹിച്ചിട്ടുണ്ടു്. എന്നാലും എനിക്കു അപ്പോൾ—പ്രത്യേകം ആ പീഡകൾക്കു ഇടമുറിച്ചിലൊ ഏതെങ്കിലും അവസാനമൊ ഉണ്ടാകയില്ലെന്നു കണ്ടപ്പോൾ—ഉണ്ടായ ചേതോവികാരത്തോടു താരതമ്യപ്പെടുത്തിയാൽ മുൻ പറഞ്ഞവയെല്ലാം ഒന്നുമില്ലാത്തതുപോലെയായിരുന്നു. ഈ സങ്കടങ്ങൾ എന്റെ ആത്മാവിന്റെ വേദനയോടൊപ്പിച്ചുനോക്കിയാൽ വെറും ശൂന്യം തന്നെ. ഭാരമേററിയതുപോലെയും ശ്വാസം മുട്ടുന്നതുപോലെയും വേദനപ്പെടുന്നതുപോലെയും ഉള്ള അനുഭവം കുറയ്ക്കാൻ മാൎഗ്ഗമില്ലാത്തതും വളരെ ക്രൂരവുമായ പീഡയോടുകൂടി ചേൎന്നു് അത്യുഗ്രമായിത്തീൎന്നതിനാൽ അതിനേപ്പററി പറയേണ്ടതു എങ്ങിനെയെന്നു എനിക്കു അറിഞ്ഞുകൂടാ...... സകല സങ്കടങ്ങളേയും വേദനകളേയുംകാൾ വലുതായ ആ അന്തരംഗാഗ്നിയേയൊ നിരാശയേയൊ വൎണ്ണിപ്പാൻ ഞാൻ പ്രാപ്തയല്ല.”

“ആ നിൎഭാഗ്യകരമായ സ്ഥലത്തിൽ ആശ്വാസത്തെ ആശിപ്പാൻ തീരെ ശക്തിയില്ലാതെയിരുന്ന എനിക്കു ഇരിക്കാനൊ കിടക്കാനൊ കഴിവില്ലായിരുന്നു. അതിന്നു സ്ഥലമുണ്ടായിരുന്നില്ല. ചുവരിന്മേലുള്ള ഒരു ദ്വാരത്തിലെന്നപോലെ ആയിരുന്നു എന്നെ വച്ചി

രുന്നതു്. കണ്ടാൽതന്നെ ഭയങ്കരമായിരുന്ന ആ ഏവരുകൾ എല്ലാവശത്തുനിന്നും എന്നെ ചുററിയിരുന്നു. എനിക്കു ശ്വാസം കഴിപ്പാൻ മേലായിരുന്നു. വെളിച്ചമുണ്ടായിരുന്നില്ല. സമസ്തവും കൂരിരുട്ടായിരുന്നു. വെളിച്ചമുണ്ടായിരുന്നില്ലെങ്കിലും കാഴ്ചയിൽ സങ്കടം ജനിപ്പിച്ചിരുന്ന എല്ലാവസ്തുക്കളും കാണാമായിരുന്നതു എങ്ങിനെയെന്നു എനിക്കു മനസ്സിലാകുന്നില്ല."

"ആ കാഴ്ച എന്നെ വളരെ ഭയപ്പെടുത്തിയതുകൊണ്ടു (ഞാൻ എഴുതുന്ന ഈ സമയത്തുകൂടി ആ അതിഭയം എന്നിൽ ഉണ്ടു്.) അതുണ്ടായതു ഏകദേശം ആറു കൊല്ലത്തിനു മുമ്പായിരുന്നു എങ്കിലും അതിനേക്കുറിച്ചു വിചാരിക്കുമ്പോൾ ഇപ്പോഴും എന്റെ ശരീരത്തിനു സഹജമായുള്ള ചൂടു് പേടിയാൽ തണുത്തുപോകുന്നു......"

ഈ കാഴ്ച ഉണ്ടായതുമുതൽ, ശിക്ഷിക്കപ്പെട്ടവൻ നരകത്തിൽ ഒരു ക്ഷണനേരം അനുഭവിക്കുന്ന അറിഷ്ടതയോടു താരതമ്യപ്പെടുത്തിയാൽ നമ്മുടെ പുണ്യവരിക്കു സമസ്തവും സഹിക്കാവുന്നതായി തോന്നി. നശിച്ച അനേകം ആത്മാവുകളെ കണ്ടതിനാൽ ആ കാഴ്ച ത്രേസ്യാ പുണ്യവതിയെ ദുഃഖത്തിൽ നിമഗ്നയാക്കുകയും ആത്മാവുകളുടെ രക്ഷയെക്കുറിച്ചു അവിടത്തേയ്ക്കു് അത്യധികമായ ശുഷ്കാന്തി ജനിപ്പിക്കുകയും ചെയ്തു. ഒരിക്കലും അറുതിയില്ലാത്ത ആ കഷ്ടപ്പാടുകളിൽനിന്നു ഒരുത്തനെ രക്ഷിപ്പാനായി അനേകം തവണ മരിക്കാൻ അവിടത്തേയ്ക്കു് മനസ്സുണ്ടായിരുന്നു. "ഇവിടെ ഭൂമിയിൽ നാം പ്രത്യേകം സ്നേഹിക്കുന്ന ഒരാൾ വലിയ കഷ്ടപ്പാടിലൊ വേദനയിലൊ അക

പ്പെട്ടിരിക്കുന്നു എന്നു കണ്ടാൽ ആയാളോടു കരുണ കാണിപ്പാൻ നമ്മുടെ പ്രകൃതിതന്നെ നമ്മോടു പറയുന്നു. ആ വേദനകൾ വളരെ കഠിനമാണെങ്കിൽ നമുക്കുതന്നെ വിഷമത തോന്നുന്നു. അങ്ങിനെയെങ്കിൽ ഒരാത്മാവു എല്ലാ കഠിന വേദനകളേക്കാൾ ഏറ്റം വലിയ വേദനയിൽ എന്നന്നേക്കുമായി അകപ്പെടുവാനുള്ള അപകടത്തിൽ ഇരിക്കുന്നു എന്നു കാണുമ്പോൾ എന്തൊരു ചേതോവികാരമാണ് ഉണ്ടായിരിക്കേണ്ടതു? അതിനെ ആർക്കു സഹിപ്പാൻ കഴിയും? അത്യന്ത ദുഃഖം കൂടാതെ യാതൊരു ഹൃദയത്തിന്നും സഹിപ്പാൻ വഹിയാത്ത ഒരു വിചാരമാണ് അതു്. ഇവിടെ ജീവാവസാനത്തിലെങ്കിലും വേദനകൾ അവസാനിക്കുമെന്നും അവയ്ക്കു് ഒരു അതിരുണ്ടെന്നും നാം അറിയുന്നു. എന്നാലും അതു കാണുമ്പോൾ നമ്മിൽ വലിയ ആർദ്രത ജനിക്കുന്നു. മറ്റെ വേദനയ്ക്കു് അവസാനമില്ല. സാത്താൻ ദിവസന്തോറും ഇത്ര വളരെ ആത്മാവുകളെ കൊണ്ടുപൊയ്ക്കളയുന്നതു കാണുമ്പോൾ ശാന്തമായിരിപ്പാൻ കഴിയുന്നതെങ്ങിനെയെന്നു ഞാൻ അറിയുന്നില്ല" എന്നു പുണ്യവതി പറയുന്നു.

## ഏഴാം അദ്ധ്യായം.

സാധുലോക രക്ഷണം— ഐഹിക കാര്യങ്ങളിലുള്ള വെറുപ്പ് - ഒരു ദൈവദൂതൻ- ഹൃദയത്തിലുണ്ടായ മുറിവ് - അനുസരണം- പാവദോഷംപോലും ചെയ്യയില്ലെന്നുള്ള പ്രതിജ്ഞ- ദാരിദ്ര്യം- കന്യകാവ്രതം.

ത്രേസ്യാപുണ്യവതിയെ പലേ തരത്തിലുള്ള പരീ

ക്ഷകന്മാർ പരിശോധിക്കുന്നതിന്നു ദൈവം തിരുമനസ്സായതുകൊണ്ട് അവിടത്തെ പുണ്യം കുറെക്കൂടി സ്വഭാവമായി തീൎന്നതേയുള്ളു. അപ്രകാരം തന്നെ തനിക്കുണ്ടായ സ്വൎഗ്ഗീയ കാഴ്ചകൾ അവിടത്തേക്ക് ഒരു പുതിയ തേജസ്സിനെ നൽകി. മോക്ഷാനന്ദത്തെപ്പററി നമ്മുടെ പുണ്യവതിക്കുണ്ടായ ഒരു കാഴ്ചയിൽ തന്റെ മാതാപിതാക്കന്മാർ പരമാനന്ദത്തിൽ ഇരിക്കുന്നതായി കണ്ടു. മററു കാഴ്ചകളിൽ ആ മഹിമയുള്ള രാജ്യത്തിന്റെ അതിലേറെ മഹത്തായ രഹസ്യങ്ങളെ ദൈവം അവിടത്തേക്കു കാണിച്ചു കൊടുക്കയും ആ കാഴ്ചയാൽ വിസ്മയിച്ച് അതിൽനിന്നു ഐഹിക കാൎയ്യങ്ങളെ അത്യന്തം വെറുക്കുകയും ചെയ്തു. ഒരിക്കൽ അവിടുന്നു ഇപ്രകാരം ആശ്ചൎയ്യ പരവശയായി ഒരു മണിക്കൂർ നേരത്തോളം ഇരുന്നു. അപ്പോൾ നമ്മുടെ കൎത്താവു ഏററവും അത്ഭുതകരമായ കാൎയ്യങ്ങളെ കാണിച്ചുകൊണ്ട്. തന്റെ വിരോധികൾ എങ്ങിനെയുള്ളവരാണെന്നു നോക്കുവാനും അതിനെപ്പററി അവരോടു പറയാൻ മറന്നു പോകരുതെന്നും അരുളിച്ചെയ്തു.

ഒരു ദൈവത്തിൽ മൂന്നാളുകളുണ്ടെന്നുള്ള പരമരഹസ്യത്തെ ചിലപ്പോൾ ത്രേസ്യാപുണ്യവതി വളരെ വ്യക്തമായും ആശ്ചൎയ്യകരമായ വിധത്തിലും കാണുകയുണ്ടായി. പരിശുദ്ധ കുൎബ്ബാനയിൽ പല പരമ കാഴ്ചകളും കാണ്മാൻ അവിടത്തേക്കു കൃപ ലഭിച്ചു. (1) ചിലപ്പോൾ ഭാഗ്യപ്പെട്ട കന്യാസ്ത്രീമറിയത്തെ

---

(1) വിശുദ്ധ ത്രേസ്യാക്ക് പരിശുദ്ധ കുൎബ്ബാനയോടുള്ള അതിയായ ഭക്തിനിമിത്തം കുൎബ്ബാന എഴുന്നെള്ളിച്ചു വെച്ചിട്ടുള്ള ഏതെങ്കിലും പ്രാൎത്ഥനാലയത്തിലൊ ദേവാല

യും വിശുദ്ധ യൗസേപ്പ് നേയും മററു പുണ്യവാന്മാരേയും പലപ്പോഴും പല പദവിയിലുള്ള ദൈവ ദൂതന്മാരെയും അവിടുന്നു കണ്ടിരുന്നു. ഈ കാഴ്ചകളിൽ ഒന്നിനെ പുണ്യവതി താഴെ വരും പ്രകാരം

---

യത്തിലോ പ്രവേശിക്കുമ്പോൾ സ്വർഗ്ഗീയ മഹത്വത്തിൽ പ്രവേശിക്കുന്നതുപോലെ അവിടത്തേയ്ക്കു തോന്നിയിരുന്നു. ഈ പരമ രഹസ്യത്തെക്കുറിച്ചു അവിടത്തേയ്ക്കുണ്ടായിരുന്ന വിശ്വാസം അസാമാന്യമായിരുന്നു. മിശിഹാ ഭൂമിയിൽ മനുഷ്യരോടു സംഭാഷിച്ചിരുന്ന കാലത്തു ജീവിച്ചിരുന്നെങ്കിൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നവരെക്കുറിച്ചു അവിടത്തേയ്ക്കു പുച്ഛമാണു തോന്നിയിരുന്നത്. എന്തുകൊണ്ടെന്നാൽ; ഈ സ്നേഹത്തിന്റെ കൂദാശയിൽ അങ്ങുന്നു സാക്ഷാൽ എഴുന്നെള്ളിയിരിക്കെ ഇതിലധികം അവർക്കു വേണ്ടിയിരുന്നതു എന്താണെന്നു ത്രേസ്യാപുണ്യവതിക്കു മനസ്സിലായില്ല. നമ്മുടെ കർത്താവു തന്നോടു കൂടെ വസിപ്പാനായി തന്റെ പക്കൽ എഴുന്നെള്ളുന്നു എന്നു വിചാരിക്കയും സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജാവു വസിപ്പാൻ പോകുന്ന ഭവനം എത്ര മോശമാണെന്നു കണ്ടു എളിമപ്പെടുകയും ചെയ്യുന്നതായിരുന്നു, കുർബാന കൈക്കൊള്ളാനുള്ള അവിടത്തെ ഒരുക്കം. കുർബാന കൈക്കൊണ്ടതിന്റെശേഷം കൃതജ്ഞതാസ്തോത്രം ചെയ്തിരുന്നത് അരൂപിയിൽ ഈശോയുടെ തിരുവടികളിൽ സാഷ്ടാംഗം വീണു ബാഹ്യലോകത്തെ അശേഷം വിസ്മരിച്ചിട്ട് ഏററവും മഹാനായ ഒരു അതിഥിയോടു താൻ തനിച്ചിരുന്നു സംഭാഷണം ചെയ്യുന്നു എന്നു സങ്കല്പിച്ചുകൊണ്ടായിരുന്നു. ദീനമായിരിക്കുമ്പോൾ വിശുദ്ധ കുർബാന കൈക്കൊണ്ടതു നിമിത്തം അവിടത്തേക്കു പലപ്പോഴും പൂർണ്ണ സുഖം ലഭിച്ചിട്ടുണ്ടു. അപ്പോൾ കൈകൊണ്ടു എടുത്തു കളഞ്ഞതുപോലെ സുഖക്കേടുകൾ നീങ്ങിപ്പോയെന്നു അവിടന്നു ഉറപ്പായി പറയുന്നു. വിശുദ്ധ ത്രേസ്യാ ദിവസന്തോറും കുർബാന കൈക്കൊണ്ടിരുന്നു.

വിവരിച്ചിരിക്കുന്നു. "ഞാൻ ഒരു ദൈവ ദൂതനെ
എന്റെ സമീപം ഇടത്തു വശത്തു (സ്ഥൂല)
രൂപത്തിൽ കണ്ടു ...... അയാൾക്കു വളരെ വലിപ്പ
മുണ്ടായിരുന്നില്ല. പരിണാമത്തിൽ ചെറിയ ആളും
മഹാ സുന്ദരനും ആയിരുന്നു. ആകപ്പാടെ അഗ്നിമ
യമായി തോന്നുന്ന ഏററം ഉൽകൃഷ്ടന്മാരായ ദൈ
വദൂതന്മാരിൽ ഒരാളെപ്പോലെ അയാളുടെ മുഖം
ഉജ്ജ്വലിച്ചുകൊണ്ടിരുന്നു. അയാൾ ഖെരുബിം എന്നു
നാം പേരു പറയുന്നവരിൽ ഒരുവനായിരിക്കണം.
അയാളുടെ കയ്യിൽ ഒരു നീളമുള്ള സ്വർണ്ണക്കുന്തം
ഇരിക്കുന്നതു ഞാൻ കണ്ടു. അതിന്റെ ഇരിമ്പു
മുനയിന്മേൽ അല്പം തീയുള്ളതുപോലെ തോന്നി.
ചിലപ്പോൾ അയാൾ അതിനെ എന്റെ ഹൃദയ
ത്തിലേക്കു തറെക്കുകയും എന്റെ ഉള്ളററം കൂടി ക
ത്തിതുറിക്കുകയും ചെയ്യുന്നതുപോലെ എനിക്കു തോ
ന്നി. അയാൾ അതിനെ വെളിയിലേക്കു ഊ
രി എടുക്കുമ്പോൾ എന്റെ കരളും പുറത്തേക്കു
പോരുന്നതുപോലെയും വലിയ ദൈവ സ്നേഹ
ത്തോടുകൂടെ എന്നെ മുഴുവനും അഗ്നിയിൽ വിട്ടിട്ടു
പോകുന്നതുപോലെയും തോന്നി." ഈ മുറിവു ത
ന്റെ ആത്മാവിൽ വലിയ വേദനയുണ്ടാക്കി എന്നും
അതു ശരീരത്തേയും ബാധിച്ചു എന്നും വിശുദ്ധ ത്രേ
സ്യാ പറയുന്നു. എന്നാൽ ഈ കഠിന വേദനയോ
ടുകൂടെ അത്യധികമായി ആനന്ദവും ഉണ്ടാക പതി
വായിരുന്നു. അതുള്ളപ്പോൾ പരമാനന്ദ പാരവ
ശ്യത്തിൽ ആയ ഒരാളെപ്പോലെ യാതൊന്നും കാണ്മാ
നോ സംസാരിക്കാനൊ താല്പര്യമില്ലാതെയും ആ
വേദനയിൽ നിമഗ്നയായി രമിപ്പാൻ മാത്രം താല്പ

ഴ്ചപ്പെട്ടും അവിടുന്ന അങ്ങോട്ടും ഇങ്ങോട്ടും നടന്നുകൊണ്ടിരുന്നു. സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ കണ്ടെത്തപ്പെടാവുന്ന ഭാഗ്യത്തിൽവച്ച് അത്ു അവിടുത്തേയ്ക്ക് ഏററം വലിയതായിരുന്നു. വേഗത്തിൽ ദൈവത്തോടു ഐക്യപ്പെടുന്നതിന്നായി മരിക്കാനുള്ള വലിയ താല്പൎയ്യം അത് വിശുദ്ധ ത്രേസ്യായിൽ ജനിപ്പിച്ചു. ദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചു ദുഃഖങ്ങളനുഭവിക്കണമെന്നുള്ള തീക്ഷ്ണമായ കാംക്ഷയാണ് മുൻപറഞ്ഞ ആഗ്രഹത്തെ മിതപ്പെടുത്തിയിരുന്നത്. അവിടുന്ന ഇപ്രകാരം എഴുതിയിരിക്കുന്നു:

"കഷ്ടാരിഷ്ടതകൾ അനുഭവിക്കാനല്ലാതെ ഞാൻ ജീവിക്കണമെന്നുള്ളതിന്നു കാരണമില്ലെന്ന് എനിക്കു തോന്നുന്നു. ആകയാൽ അതിന്നായിട്ടാണ് ഏററം താല്പൎയ്യമായി ഞാൻ ദൈവത്തോടപേക്ഷിക്കുന്നത്. ചിലപ്പോൾ എന്റെ പൂൎണ്ണ ഹൃദയത്തോടു കൂടെ ഞാൻ അങ്ങയോടു ഇങ്ങിനെ പറയും: 'കൎത്താവേ, ഒന്നുകിൽ മരിക്കണം, അല്ലെങ്കിൽ പാടുപെടണം'; എനിക്കായിട്ടു മറെറാന്നും ഞാനപേക്ഷിക്കുന്നില്ല. നാഴിക മണി അടിക്കുമ്പോൾ എനിക്കു ആശ്വാസം തോന്നും. എന്തുകൊണ്ടെന്നാൽ എന്റെ ആയുസ്സുകാലത്തിൽ ഒരു മണിക്കൂറുകൂടെ കഴിഞ്ഞതിനാൽ ദൈവ ദൎശനത്തിലേയ്ക്ക് സ്വല്പംകൂടെ ഞാനടുത്തുവല്ലൊ എന്നു ഞാൻ നിരൂപിക്കുന്നു" ഇവയും, വേറെ അനേകം കാഴ്ചകളും പുണ്യവതിക്കുണ്ടായി. പരമാനന്ദപാരവശ്യം തന്റെ വിനയത്തേയും ദൈവസ്നേഹത്തേയും വൎദ്ധിപ്പിച്ചു. (1)

---

(1) ദിവ്യ കാഴ്ചകൾ എളിമയേയും ആത്മീക നന്മകളേയും വൎദ്ധിപ്പിക്കുകയും മനസ്സിൽ സമാധാനവും സന്തുഷ്ടി

പുണ്യവതിയ്ക്കു മററുള്ളസംഗതികളെക്കാൾ അനുസരണത്തിലാണു് മേന്മയുണ്ടായിരുന്നതെന്ന കാണുന്നു. എല്ലാ അവസരങ്ങളിലും തനിക്കുള്ള വെളിപാടിനെക്കാൾ ഈ പുണ്യത്തിന്ന അവിടുന്ന അധികം വിലവെച്ചിരുന്നു. വെളിപാടുകളിൽ പിശാചിന്ന തന്നെ വഞ്ചിപ്പാൻ കഴിയുമെന്നും അനുസരണത്തിൽ അങ്ങിനെ ചെയ്യാൻ സാധിക്കയില്ലെന്നും അവിടുന്ന പറയും.

ആശ്രമങ്ങളും മററു പല കാൎയ്യങ്ങളും ഏറെറടുത്തററ വിഷയത്തിൽ മിശിഹായുടെ കല്പന പരമകാൎയ്യയിലൊ മറേറാ കിട്ടീട്ടും അതുപ്രകാരം ചെയ്യാതെ ആ ദൈവ നിയോഗത്തെ നിഷ്പത്തിയാക്കാൻ അനുസരണ ചട്ടത്താൽ ദൈവ സ്ഥാനക്കാരിൽനിന്ന അനുവാദം അഥവാ കല്പന പ്രാപിക്കുന്നതുവരെ

---

യും ഉല്പാദിപ്പിക്കുകയും, ആത്മാവിലേക്കു പറയപ്പെട്ട വാക്കുകൾ ഊനമില്ലാത്ത പഠനത്തിന്ന യോജിച്ചിരിക്കുകയും ചെയ്യുന്നു എങ്കിൽ അവയെ വൎജ്ജ്യമായി കരുതാൻ കാരണമില്ല. എങ്കിലും സ്വന്ത വിധിയിന്മേൽ അങ്ങിനെയുള്ളവർ ആശ്രയിക്കരുതു്. ആളുകൾ കേവലം ന്യൂനതയില്ലാത്തവരായതുകൊണ്ടല്ല, ദിവ്യ കാഴ്ചകൾ നൽകപ്പെടുന്നതു്; ചിലപ്പോൾ അതുകൊണ്ടു ദുഷ്ടന്മാർ ശിഷ്ടന്മാരായി തിരിഞ്ഞേക്കാം. വിശുദ്ധി, വിനയമുള്ള ദൈവസ്നേഹത്തിലും പരസ്നേഹത്തിലും മാത്രം അടങ്ങിയിരിക്കുന്നതിനാൽ നമ്മുടെ ശ്രദ്ധ മുഴുവനും സാക്ഷാലുള്ള വിനയവും നമ്മുടെ കൎത്താവിനോടുള്ള സ്നേഹവും സമ്പാദിക്കുന്നതിൽ വയ്ക്കണം. ആത്മാവിൻെറ കാഴ്ചകളിൽ കാണപ്പെട്ടതു ആരാധിക്കാതെ സ്വൎഗ്ഗത്തിലുള്ള മിശിഹായെ ആരാധിക്കുന്നതും ദിവ്യ കാഴ്ചകൾ മനസ്സിനെ അങ്ങേ പക്കലേക്കു കൊണ്ടുപോകാനുള്ള ഒരു പ്രതിമ മാത്രമാണെന്ന വിചാരിക്കുന്നതും നല്ലതാകുന്നു. (ജോൺ ആവിലാ)

അവിടുന്നു കാത്തിരുന്നു. അനുസരണത്തെ, സന്ന്യാസജീവിതത്തിന്റെ ആത്മാവെന്നും പൂൎണ്ണമായ വിശുദ്ധിയിലേക്കുള്ള നിശ്ചയമായ കുറുക്കു വഴിയെന്നും നമ്മുടെ മനസ്സിനെ ദൈവതിരുമനസ്സിന്നു പൂൎണ്ണമായി കീഴ്പ്പെടുത്തുവാനും നമ്മുടെ മനഃക്ഷോഭങ്ങളെ കീഴടക്കുന്നതിനും ഉള്ള ഏററം ബലവത്തായ മാൎഗ്ഗമെന്നും പുണ്യവതി വിളിക്കുന്നു. അവിടുന്നു പറയുന്നു: “ജപധ്യാനത്തിൽ അനേകം ദിവസങ്ങൾ കഴിക്കുന്നതിനേക്കാൾ മനസ്താപവും ദുഃഖവും ഉള്ള ഹൃദയത്തിൽനിന്നു ദൈവത്തിങ്കലേക്കു നെടുവീൎപ്പിട്ടുകൊണ്ടു എളിമയുള്ള അനുസരണത്തിൽ ഒരു ദിവസം കഴിക്കുന്നതു വലിയ അനുഗ്രഹമാണെന്നു ഞാൻ വിചാരിക്കുന്നു.” മേലധികാരിയായിരിക്കുമ്പോൾ കൂടെയും പല ഉപായ വഴിക്കും മററുള്ളവൎക്കു കീഴ്പ്പെടുവാൻ അവിടുന്നു ശ്രമിച്ചിരുന്നു. അവിടത്തെ കുമ്പസാരക്കാരനെ ദൈവത്തെയെന്നപോലെ എല്ലായ്പോഴും അനുസരിച്ചിരുന്നു.

സകല കാൎയ്യങ്ങളിലും ഏററം പൂൎണ്ണമായി ദൈവത്തെ അനുസരിക്കണമെന്നുള്ള ആഗ്രഹത്താൽ, പൂൎണ്ണമായ അറിവോടുകൂടി ഒരിക്കലും ഒരു പാപദോഷം ചെയ്കയില്ലെന്നും എല്ലാ സംഗതികളിലും തനിക്കു ഏററവും ന്യൂനതയില്ലാത്തതായി തോന്നുന്നതു മാത്രമേ ചെയ്യുകയുള്ളുവെന്നും അവിടുന്നു ഒരു വ്രതം അനുഷ്ഠിച്ചു. തന്റെ അനന്തരഗാമികൾക്കു താൻ ദാനം ചെയ്തിട്ടുള്ള അത്ഭുതകരമായ പുസ്തകങ്ങൾ തന്റെ അനുസരണത്തിന്റെ ഫലമാണ്. (1)

(1) ത്രേസ്യാ പുണ്യവതിയാൽ എഴുതപ്പെട്ട പുസ്തക

അനുസരണത്തിന്റെ നാരായ വേരും മറ്റു പുണ്യങ്ങളുടെ സന്താന സമ്പന്നയായ മാതാവുമാകുന്ന എളിമയെ (ഈ പുണ്യവതിക്കു പരമ കാഷ്ഠയെക്കാൾ അതിനോടധികം ഇഷ്ടമുണ്ടായിരുന്നു) തന്റെ ശക്തിയായി അവിടന്നു കരുതി.

ത്രേസ്യാപുണ്യവതിക്കു ദാരിദ്ര്യം എന്ന പുണ്യത്തോടുണ്ടായിരുന്ന താല്പര്യവും അസാമാന്യമായിരുന്നു. ശരാഫികാഖ്യം ഫ്രാൻസീസ് പുണ്യവാൻ കൂടി ഈ വിഷയത്തിൽ വിശുദ്ധ ത്രേസ്യായെ അധികരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. (ആൽബൻ ബട്ട്ളർ-വി. ത്രേ. ച.) എന്തിലായാലും, ക്രമമല്ലാത്ത പ്രതിപത്തി ആത്മാവിന്റെ മേലോട്ടുള്ള ഗതിക്കു തടസ്ഥമായി തീരുന്നു എന്നു അവിടന്നു പറയാറുണ്ടായിരുന്നു. ഇങ്ങിനെ സംഭവിക്കാതിരിപ്പാനായി തന്റെ കീഴുള്ള കന്യാസ്ത്രീകൾ ഉപയോഗിച്ചിരുന്ന സാധനങ്ങളെയെല്ലാം കൂടക്കൂടെ മാറ്റുന്നതിന്നു അവിടന്നു അവരെ നിർബ്ബന്ധിച്ചിരുന്നു. എല്ലാം കുറച്ചുകുറച്ചു അവക്കു തീ

---

ങ്ങൾ കീഴെ പറയപ്പെടുന്നു: 1. ബാനേസിന്റെ കല്പനയാൽ എഴുതപ്പെട്ട ജീവചരിത്രം. 2 തന്റെ കന്യാസ്ത്രീകളുടെ നടത്തിപ്പിന്നായിട്ടുള്ള പരിപൂർണ്ണതാമാർഗ്ഗം. 3. തന്റെ ആശ്രമസ്ഥാപനങ്ങളുടെ ചരിത്രം. 4. ആത്മാവിന്റെ ആഭ്യന്തര കോട്ട. 5. ഉത്തമഗീത പുസ്തകത്തിന്റെ വ്യാഖ്യാനം. 6. കന്യകാമഠങ്ങളെ പരിശോധിക്കേണ്ടുന്ന വിധത്തെ പറ്റിയുള്ള ഉപദേശങ്ങൾ. 7. ദൈവസ്നേഹത്തെക്കുറിച്ചുള്ള സംഗീതം. 8. സ്പെയിനിലെ മെത്രാനായ ഫോൺ ഫലഫോക്സ് പ്രസിദ്ധീകരിച്ച എഴുത്തുകൾ.

ത്രേസ്യാ പുണ്യവതിയുടെ തിരുനാൾ ദിവസത്തിലുള്ള പ്രാർത്ഥനയിൽ "സ്വർഗ്ഗീയം" എന്നു തിരുസ്സഭയാൽ വിളിക്കപ്പെട്ടിരിക്കുന്ന അവിടത്തെ ആത്മീക പഠനം, വിശുദ്ധ

ളെ മോശമായ വസ്ത്രങ്ങളും താണതരം ഭക്ഷണങ്ങളും ഇടുങ്ങിയ മുറികളും അവശ്യാവശ്യമായിരുന്ന മറ്റു സാധനങ്ങളും മാത്രം മതിയെന്നാക്കി. (*) ആവശ്യത്തിലധികം വലിയതും മനോഹരവുമായ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിനു വിരോധമായി അവിടന്നു എത്രയും ഹൃദയംഗമമായ വിധത്തിലാണു പറഞ്ഞിട്ടുള്ളതു്. "അതു (ദാരിദ്ര്യം) ഐഹിക ജീവിത്തിലുള്ള സകല നന്മകളേയും അടക്കിക്കൊള്ളുന്ന ഒരു നന്മയാകുന്നു. അതു മഹത്തായ ഒരു സ്വത്താകുന്നു. പരം ജീവിതത്തിലുള്ള സകല സമ്പത്തുകളേയും അതാണു് ഭരിക്കേണ്ടതു്. അവയെ നിന്ദി

---

ന്മാരുടെ അരൂപിക്കു് അനുയോജ്യമായുള്ളതും ദിവ്യ ധ്യാനത്തിൽ എത്രയും പരിചയമുള്ള വിദഗ്ദ്ധന്മാരാൽ നന്നായി അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആകുന്നു.

അദ്ധ്യാത്മജ്ഞാനത്തിന്റെ എത്രയും രഹസ്യമായ കാര്യങ്ങൾ ഇതിൽ തുറന്നു കാണിച്ചിട്ടുണ്ടെന്നും പരിചയത്താൽ മാത്രമല്ലാതെ വാക്കുകളാൽ പഠിപ്പിക്കാൻ പാടില്ലാത്ത എത്രയും ദുർഗ്രാഹ്യമായ തത്വങ്ങളെ ആ വിഷയത്തിന്റെ സ്വഭാവം അനുവദിക്കുന്നതിലധികം വ്യക്തിയോടുകൂടി വിവരിച്ചിട്ടുണ്ടെന്നും എല്ലാവരും സമ്മതിക്കുന്നു. ഇതു്, അക്ഷരജ്ഞാനമില്ലാത്ത ഒരു സ്ത്രീ, പുസ്തകങ്ങളുടെയോ പഠിച്ചറിവിന്റെയോ തന്നെത്താൻ സമ്പാദിച്ച ചാതുര്യത്തിന്റെയോ സഹായം കൂടാതെ തനിച്ചെഴുതിയതാണു്. അനുസരണം അത്ഭുതങ്ങളെ പ്രവൃത്തിക്കുന്നു.

(*) എന്നാലും ദീനക്കാരെ പരിചരിക്കുന്നതിൽ അവിടത്തേക്കു് പ്രത്യേകം ശ്രദ്ധയുണ്ടായിരുന്നു. ആരോഗ്യമുള്ളവർക്കു അല്പം വല്ലതും പോരായ്കയുണ്ടായാലും രോഗികൾക്കു സൌകര്യമുണ്ടാക്കുന്നതാണു നല്ലതെന്നു അവിടന്നു പറഞ്ഞുവന്നു. വിസ്മയിക്കത്തക്ക ഒരു ക്ഷമാർപ്പണത്തിന്റെ (വി. ത്രേസ്യായുടെ) ഉപദേശത്തേയു

ക്കുന്നവൻ അപ്രകാരം ചെയ്യുന്നു.'' എന്നു പുണ്യവതി പറയുന്നു. "ദാരിദ്ര്യം എന്നുള്ള മതിൽ ശക്തിയുള്ളതാകുന്നു'' എന്നു ഒരിക്കൽ വിശുദ്ധ ക്ലാര പറഞ്ഞിട്ടുള്ളതുപോലെ ആ മതിലിനോടുകൂടെ എളിമകൊണ്ടുള്ള മതിലുകളെ യോജിപ്പിച്ച് അതുകളാൽ തന്റെ ആശ്രമങ്ങൾ ചുററപ്പെട്ടിരിക്കാൻ താൻ ആഗ്രഹിക്കുന്നു എന്നും വിശുദ്ധ ത്രേസ്യാ പറഞ്ഞിരിക്കുന്നു.

അവിടത്തെ കന്യകാവ്രത ശുദ്ധിയെപ്പററി അധികം ഒന്നുംപറയേണ്ട ആവശ്യമില്ല. അവിടത്തെ മുഖത്തിൽ പ്രശോഭിച്ചുകൊണ്ടിരുന്ന സങ്കോചം അഥവാ ഒതുക്കംതന്നെ കന്യാവ്രത വിശുദ്ധിയെ സ്നേഹിക്കണമെന്നുള്ളതിനെ പററിയുള്ള നിശ്ശബ്ദവും ശക്തിയേറിയതുമായ ഒരു പ്രസംഗമായിരുന്നുവെന്നു യെപ്പേസ് മെത്രാൻ സാക്ഷീകരിക്കുന്നു. ത്രേസ്യാപുണ്യവതിയുടെ ആയുഷ്കാലം മുഴുവനിലും മേല്പറഞ്ഞ പുണ്യത്തിനു വിരോധമായ യാതൊരു വിശേഷ

---

മാതൃകയേയും ലീനക്കാർ അനുകരിക്കുന്ന പക്ഷം, തീരെ പാവപ്പെട്ടവനായും യാതൊരാശ്വാസവും ഇല്ലാത്തവനായും കുരിശിന്മേൽ തൂങ്ങി മരിച്ച ഈശോമിശിഹായുടെ ജ്ഞാന പത്നികളാണു അവർ (കന്യാസ്ത്രീകൾ) എന്നും അങ്ങനെ അവർ തെരഞ്ഞെടുത്തിരിക്കയിൽ ദരിദ്രന്മാരായിരിക്കണമെന്നു തന്നെയല്ല, അസാമാന്യ തരത്തിലുള്ള വൈദ്യന്മാരെയോ ചികിത്സയേയോ അവർ തേടരുതെന്നും അവക്കു ലഭിക്കുന്നതുകൊണ്ടു തൃപ്തിപ്പെടണമെന്നും പോരായ്മകളെ ക്ഷമയോടുകൂടെ സഹിക്കണമെന്നും, പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കന്യകാമഠത്തിൽ പ്രവേശിക്കുമ്പോൾ ഇതിനെല്ലാം അവർ ഒരുങ്ങിയിരിക്കണം.

പരിക്ഷയുമുണ്ടായിട്ടില്ലെന്നു അദ്ദേഹത്തിനു നല്ല നിശ്ചയമുണ്ടായിരുന്നു.

## എട്ടാം അദ്ധ്യായം.

പുറജാതിക്കാരുടെ മാനസാന്തരത്തിലുള്ള താല്പൎയ്യം - കൎമ്മലീത്താ സഭയുടെ പരിഷ്കാരണം - അതിനുണ്ടായ തടസ്ഥം - ഒരു ദിവ്യ ദൎശനം - പുതിയ ആശ്രമസ്ഥാപനം - അതു കഴിഞ്ഞുണ്ടായ ബഹളം.

ഇൻഡ്യകൾ എന്ന് അന്നു പറയപ്പെട്ടിരുന്ന രാജ്യങ്ങളിൽ പോയിരുന്ന അൽഫോൻസ് മൻ ദൊനാദൊ എന്നു പേരായ ഒരു പ്രൻസിസ്കൻ സന്യാസി, അവിടങ്ങളിൽ മതസ്ഥാപനങ്ങൾ ഇല്ലാത്തതു നിമിത്തം അനേകലക്ഷം ആത്മാവുകൾ നശിച്ചുപോകുന്ന വിവരം നമ്മുടെ പുണ്യവതിയോടുപറഞ്ഞു. ഇതു തന്റെ ഹൃദയത്തെ വളരെ വേദനപ്പെടുത്തിയതിനാൽ അവിടന്നു കണ്ണുനീരിൽ മുങ്ങി ഒരു വനവാസമുറിയിലേയ്ക്കു ഓടിപ്പോയി. ഇത്ര വളരെ ആത്മാവുകളെ പിശാചു കൊണ്ടുപോകുന്നതിനാൽ ഒരാത്മാവിനെയെങ്കിലും കൎത്താവിന്റെ ശുശ്രൂഷയിലേക്കു തിരിച്ചു കൊണ്ടുപോരുവാൻ തനിക്കു മാൎഗ്ഗം ഉണ്ടാക്കി കൊടുക്കേണമെന്നു അങ്ങേയോടപേക്ഷിച്ചു. നമ്മുടെ ആത്മാവുകളെ കൎത്താവു എത്ര കഷ്ടപ്പെട്ടു വീണ്ടെടുത്തതാണെന്നു പുണ്യവതിക്കു നല്ല ബോധ്യമുണ്ടായിരുന്നു. നശിച്ചുപോകുന്ന സ്വൎണ്ണമോ വെള്ളിയൊ അല്ല, നമ്മുടെ കൎത്താവിന്റെ അമൂല്യമായ തിരു ര

കരം തന്നെ കൊടുത്തു വാങ്ങിയിട്ടുള്ള അനേകം ആത്മാവുകൾ പിശാചിന്നു ഇരയായി തീരുന്നു എന്നു കാണുന്നതു് അവിടത്തേയ്ക്കു സഹിക്കാൻ കഴിയാത്ത കാൎയ്യമായിരുന്നു. മതഭേദികൾ ഫ്രാൻസിലുണ്ടാക്കിയിരുന്ന അരിഷ്ടതകളേയും കുഴപ്പങ്ങളേയും, നാശങ്ങളേയും കുറിച്ചും വിശുദ്ധ ത്രേസ്യാ കേട്ടു് ഈ മഹാ തിന്മകളെ, പരിഹരിക്കുന്നതിന്നായി തന്റെ ശക്തിയിൽ അടങ്ങിയ വല്ലതും ചെയ്വാൻ അവിടന്നു നിശ്ചയിച്ചു. അവിശ്വാസത്തിൽ നശിച്ചു പോകുന്ന അസംഖ്യം ആത്മാവുകളിൽ ഒന്നിനെ മാത്രം വീണ്ടെടുക്കാനായി അനേകായിരം ആയുസ്സുകളെ ബലി കഴിച്ചാലും വേണ്ടതില്ലെന്നു തനിക്കു തോന്നിയെന്നു വിശുദ്ധ ത്രേസ്യാ പറയുന്നു.

ആകയാൽ മതഭേദികൾ കൊളുത്തിയ ഈ അഗ്നിയെ കെടുത്തുവാനായി വല്ലതും ചെയ്യുന്നതിനും മേൽ പറയപ്പെട്ട ലക്ഷോപിലക്ഷം അവിശ്വാസികളുടെ ആത്മരക്ഷയ്ക്കായിട്ടും തന്റെ ആത്മാവിന്റെ വിശുദ്ധീകരണത്തെ പൂൎണ്ണ ശക്തിയോടു കൂടി അഭിവൃദ്ധിപ്പെടുത്തുന്നതിനും ഏറ്റവും അന്യൂനമായ തപസ്സുകൊണ്ടു തന്റെ നിത്യ രക്ഷയെ പ്രാപിപ്പാനും വേണ്ടിയും തന്റെ സഭയിൽ ഒരു നവീകരണം ഏൎപ്പെടുത്തുവാൻ അവിടന്നു ആലോചിച്ചുറച്ചു.

യെരുസലേമിലെ കൎമ്മലീത്താ പാത്രിയാൎക്കീസായിരുന്ന ആൽബൎട്ടു് പുണ്യവാൻ ഉണ്ടാക്കിയ നിയമങ്ങൾ വളരെ കഠിനങ്ങളായിരുന്നു. എങ്കിലും കാലക്രമേണ പല വിധത്തിലും ആ നിഷ്ഠകളെ കുറച്ചുകയും ൧൪൩൧-ാമാണ്ടിൽ ൪-ാമത്തെ എവ്വ്ജേനിയൂസ് മാൎപ്പാപ്പായുടെ തിരുവെഴു

ത്താൽ കാഠിന്യം കുറക്കപ്പെട്ട നിയമത്തെ അംഗീകരിച്ചുറപ്പിക്കയും ചെയ്തു. പുണ്യവതി താമസിച്ചിരുന്ന ആശ്രമത്തിൽ വേറെ നിഷ്ക്കർഷക്കുറവുകളും നടന്നു വന്നിരുന്നു. സഭയുടെ ആദ്യ സ്ഥാപന നിയമങ്ങൾക്കനുസരിച്ചു ജീവിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹം കാണിച്ചതിനാൽ ഒരു മാന്യസ്ത്രീ ആ കാൎയ്യസാദ്ധ്യത്തിന്നായി ഒരു മഠം സ്ഥാപിക്കാൻ വേണ്ട പണം വിശുദ്ധ ത്രേസ്യായ്ക്കു കൊടുക്കാമെന്നു പറഞ്ഞു. ഈ ഉദ്ദേശത്തെ വിശുദ്ധ പത്രോസ് അൽകാന്ത്രയും വേറെയുള്ളവരും അംഗീകരിച്ചതുകൊണ്ട് ആ പ്രദേശങ്ങളിലെ കർമ്മലീത്താ സഭയുടെ പ്രൊവിൻഷ്യാലിനോടു അതിന്നായി അവിടന്നു അനുവാദം ചോദിച്ചു. അപേക്ഷാനുസരണം അനുവാദം കിട്ടുകയും പുണ്യവതി ആ കാൎയ്യസാദ്ധ്യത്തിന്നായിട്ടുള്ള വേല ആരംഭിക്കയും ചെയ്തു.

ദൈവ മഹത്വത്തിന്നായി ആരംഭിക്കുന്ന വേലകൾക്കു വിരോധികൾ ഉണ്ടാകുന്നതു സാധാരണമാണല്ലൊ. വിശുദ്ധ ത്രേസ്യായുടെ പരിശ്രമങ്ങൾ ആ നിയമത്തിന്നു വിരുദ്ധമായിരുന്നില്ല. ഈ വേലയ്ക്കു വിരോധമായി അനേകംപേർ ആവലാധി പറഞ്ഞതിനാൽ പ്രൊവിൻഷ്യൽ ഉടനെ അനുവാദം പിൻവലിച്ചു. അപ്പോൾ അവിടത്തെ കൂട്ടുകാരായ കന്യാസ്ത്രീകളിൽ നിന്നും, പ്രഭുക്കന്മാരിൽ നിന്നും, ജനങ്ങളിൽ നിന്നും ഉണ്ടായ വിരോധം ഒരു കൊടുങ്കാറ്റുപോലെ പുണ്യവതിയുടെ മേൽ പതിച്ചു. "മകളേ! അല്പം താമസിക്കുക; നീ മഹത്തായ കാൎയ്യങ്ങളെ കാണും" എന്നു ഒരു ദിവ്യ ദൎശനത്തിൽ നമ്മുടെ കർത്താവു തന്നോടു അരുളിച്ചെയ്ത വാക്കുകളു-

ടെ പൂൎത്തികരണത്തിൽ വിശ്വസിച്ചുകൊണ്ടു പുണ്യവതി അധൈൎയ്യപ്പെടാതിരുന്നു. ഈ വാക്കുകൾ കൎമ്മലീത്താ സഭയുടെ നവീകരണത്തെ സംബന്ധിച്ചായിരുന്നു എന്നുള്ളതിൽ അവിടത്തേയ്ക്കു അശേഷം സംശയമുണ്ടായിരുന്നില്ല. ഇവാന്നെസ് എന്ന പേരായ ദൊമ്മിനിക്കൻ സന്യാസി നമ്മുടെ പുണ്യവതിയെ വളരെ ധൈൎയ്യപ്പെടുത്തി. ഏകദേശം ഈ കാലത്തു (൧൫൬൨) സെനൊറ ദേലെചേൎദാ എന്നൊരു മഹതി തന്റെ ഭൎത്താവിന്റെ മരണത്താൽ വളരെ ദുഃഖിക്കയും ആവിലായിൽ താമസിച്ചിരുന്ന ത്രേസ്യായോടു അവിടെ നിന്നും അറുപതു നാഴിക ദൂരെ തൊലെദോവിലുള്ള തന്റെ ഭവനത്തിൽ വരുന്നതിനു ആജ്ഞാപിക്കേണമെന്നു കൎമ്മലീത്താക്കാരുടെ മേലദ്ധ്യക്ഷനോടു അപേക്ഷിച്ചു സമ്മതിപ്പിക്കയും ചെയ്തു. പുണ്യവതി തന്റെ സ്വയ നിഗ്രഹ ശീലങ്ങൾക്കും ഭക്തി കൃത്യങ്ങൾക്കും യാതൊരു കുറവും വരുത്താതെ ആറുമാസത്തിലധികകാലം അവിടെ ചെന്നു താമസിച്ചു.

അവിടെനിന്നു മടങ്ങിപ്പോകുന്നതിനു കുറച്ചു മുമ്പ് ആശ്രമ മേലദ്ധ്യക്ഷയുടെ തെരഞ്ഞെടുപ്പുണ്ടായപ്പോൾ ആ സ്ഥാനത്തിൽ അവിടത്തെ തെരഞ്ഞെടുപ്പിക്കേണമെന്നു കന്യാസ്ത്രീകൾ വളരെ താല്പൎയ്യപ്പെട്ടു. പുണ്യവതി ഈ വിവരം അറിഞ്ഞുടനെ ഇത്ര വലിയ ശത്രുത്വം തന്നോടു കാണിക്കരുതെന്നു താല്പൎയ്യമായി അപേക്ഷിക്കുന്നുവെന്നു അവൎക്കു എഴുതി അയച്ചു. എന്തുകൊണ്ടെന്നാൽ ദൈവത്തെക്കുറിച്ചു, ഏതു തരത്തിലുള്ള സങ്കടങ്ങൾ അനുഭവിക്കുന്നതിനും താൻ തയ്യാറാണെങ്കിലും ഈ ഉദ്യോഗം സ്വീകരി

പ്പാൾ തന്റെ മനസ്സ് ഒരു വിധത്തിലും തന്നെ അനുവദിച്ചില്ല. അവിടന്ന തെരഞ്ഞെടുപ്പ സമയത്ത് ഹാജരില്ലാഞ്ഞതിനെപ്പറ്റി ഒരു ദിവസം നമ്മുടെ കർത്താവിന നന്ദി പറഞ്ഞപ്പോൾ അങ്ങെന്ന ഒരു ദർശനത്തിൽ ഇപ്രകാരം അരുളിച്ചെയ്തു: "നീ ഒരു കുരിശിനെ ആഗ്രഹിക്കുന്നതിനാൽ ഭാരമേറിയ ഒന്ന നിനക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്നു. അതിനെ ഉപേക്ഷിക്കരുത്. എന്തുകൊണ്ടെന്നാൽ ഞാൻ നിന്നെ സഹായിക്കും. ധൈര്യത്തോടുകൂടി ശീഘ്രമായി പൊയ്ക്കൊൾക". ഈ കുരിശു ആശ്രമാദ്ധ്യക്ഷയുടെ സ്ഥാനമായിരിക്കും എന്ന ഭയപ്പെട്ടുകൊണ്ടു അവിടന്ന അത്യന്തം ദുഃഖിച്ചു കരഞ്ഞു. എന്നാൽ ആ സ്ഥാനത്തിൽ വേറൊരാൾ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നവെന്ന ഉടനെ കേൾപ്പാനിടയായി. അവിടന്ന ഈ കൃപയ്ക്കുവേണ്ടി ഏറ്റവും നിഷ്കപടമായി ദൈവത്തിന്ന നന്ദി പറഞ്ഞുകൊണ്ടു ആവിലായിലേക്കു പുറപ്പെട്ടു. എന്നാൽ മുൻ പറഞ്ഞ കുരിശ് അവിടെ, തന്നെ കാത്തിരിക്കയായിരുന്നു. ആവിലായിൽ എത്തിയ ദിവസം തന്നെ വൈകുന്നേരം തന്റെ പുതിയ ആശ്രമം പണിയുന്നതിന്ന അധികാരം നൽകുന്നതായി റോമയിലെ കല്പന അവിടെ കിട്ടി. അതിന്റെ ശേഷം പിറ്റേ-ൽ വിശുദ്ധ യൌസേപ്പിന്റെ നാമത്തിലുള്ള പുതിയ മഠം, ആവശ്യമുള്ള സകല അനുവാദങ്ങളോടുകൂടെ വിശുദ്ധ ബർത്തലോമായുടെ തിരുനാൾ ദിവസം സ്ഥാപിക്കപ്പെടുകയും പരിശുദ്ധ കുർബാന ആ പള്ളിയിൽ എഴുന്നെള്ളിച്ചു വെയ്ക്കപ്പെടുകയും ചെയ്തു. (*)

(*) ത്രേസ്യാ പുണ്യവതിയുടെ, വിവാഹം ചെയ്തു ക

ഇതിന്റെ ശേഷം പുണ്യവതിക്ക് വിരോധമായി പട്ടണത്തിൽ വലിയ ബഹളമുണ്ടായി. ഇൻകാർണേഷൻ കന്യകാമഠത്തിന്റെ (താൻ ആദ്യം ചേൎന്ന മഠം) മേലദ്ധ്യക്ഷ പുണ്യവതിയെ വിളിക്കാൻ ആളയച്ചു. അവിടന്ന ആദ്യം താമസിച്ചിരുന്ന ഇൻകാർണേഷൻ കന്യകാമഠത്തിൽതന്നെ പോയിരിക്കാൻ പ്രോവിൻഷ്യൽ ആജ്ഞാപിക്കയുമുണ്ടായി. പണ്ഡിതനായ ബാന്നെസ് എന്ന ഡൊമ്മിനിക്കൻ പാദ്രി ഇടപെട്ടില്ലെങ്കിൽ ആ പുതിയ ആശ്രമത്തെ തന്നെ പൊളിച്ചു കളയുമായിരുന്നു. ധൃതഗതിയിൽ അപ്രകാരം ചെയ്യരുതെന്ന അദ്ദേഹം ഗവണ്ണരോടും, മജിസ്ത്രേട്ടിനോടും പറഞ്ഞു അവരെ സമ്മതിപ്പിച്ചു. ത്രേസ്യാ പുണ്യവതിക്കായി തയ്യാറാക്കപ്പെട്ടിരുന്ന മുൻപറഞ്ഞ കുരിശ് ഇതായിരുന്നു. അവിടന്ന ഞെരുക്കമാകുന്ന ഈ കഠിന പെരു[illegible]ിനിടയിൽ ശാന്തമായിരുന്നുകൊണ്ടു ദൈവ മഹത്വത്തിന്നായിട്ടുള്ള പ്രസ്തുത വേലയെ അങ്ങേപ്പക്കൽ സമൎപ്പിച്ചു. നമ്മുടെ കൎത്താവു ഒരു ദൎശനത്തിൽ പ്രത്യക്ഷനായി പുണ്യ

---

രുസഹോദരിയായ ഗ്വിയമാർ എന്ന മദാമ്മ ഈ ആശ്രമം പണിയിക്കുന്നതിന്ന വളരെ സഹായങ്ങൾ ചെയ്തു. ഈ ഗ്വിയമാർ മദാമ്മയുടെ ഒരു കൊച്ചു കുട്ടിക്ക്, മേല്പറഞ്ഞ കെട്ടിടം പണിയുമ്പോൾ ഒരു മതില് വീണു കഠിനമായ ചതവു പററുകയും, ജീവന്റെ യാതൊരു ലക്ഷണവുമില്ലാതെ അതിനെ ത്രേസ്യാ പുണ്യവതിയുടെ പക്കൽ കൊണ്ടുചെല്ലുകയും ഉണ്ടായി. അവിടന്നു ആ കുട്ടിയെ എടുത്തു ദൈവത്തിങ്കലേക്കു നെടുവീൎപ്പിട്ടപേക്ഷിച്ചു. ഏതാനും ക്ഷണങ്ങൾ കഴിഞ്ഞപ്പോൾ ആ കുട്ടിയെ യാതൊരു കേടുംകൂടാതെ വിശുദ്ധ ത്രേസ്യാ അതിന്റെ അമ്മയെ ഏല്പിക്കയും ചെയ്തു.

വതിയെ ആശ്വസിപ്പിച്ചുകൊണ്ടു ഇപ്രകാരം അരുളിച്ചെയ്തു: “ഞാൻ ബലവാനാണെന്നു നീ അറിയുന്നില്ലേ? നീ എന്തിനെയാണു പേടിക്കുന്നതു്? മഠം നശിപ്പിക്കപ്പെടുകയില്ലെന്നു ഉറച്ചുകൊൾക. ഞാൻ നിന്നോടു വാഗ്ദാനം ചെയ്തിട്ടുള്ളവ എല്ലാം ഞാൻ പൂർത്തിയാക്കും”.

൧൫൬൨-ാമാണ്ടിന്റെ അവസാനത്തോടുകൂടി വിശുദ്ധ ത്രേസ്യായെ ഈ പുതിയ മഠത്തിലേക്കയക്കാൻ അവിടത്തെ മെത്രാൻ, പ്രോവിൻഷ്യലിനോടു സമ്മതം വാങ്ങി. ആ മഠത്തിലേയ്ക്കു പുണ്യവതിയോടു കൂടി പഴയ ആശ്രമത്തിൽനിന്നു ഭക്തി ശുഷ്കാന്തിയുള്ള നാലു കന്യാസ്ത്രീകളും കൂടെ പോയി. വേറെ പല ഭക്തിയുള്ള കന്യകകളും അവിടെ കൂടി സന്യാസ വസ്ത്രം സ്വീകരിച്ചു. ഇപ്രകാരമാണ് നവീകരിക്കപ്പെട്ട ഒന്നാമത്തെ കർമ്മലീത്താ ആശ്രമം സ്ഥാപിക്കപ്പെട്ടതു്. ഈ സുകൃതിനികളായ കന്യകകളിൽ ഓരോരുത്തരും തങ്ങളുടെ കൂടെയുള്ള ഉത്തമ മാതൃകയായ ആ മഹതിയുടെ അരൂപിയെ അനുകരിപ്പാൻ ശ്രദ്ധാപൂർവ്വം പരിശ്രമിച്ചു വന്നതിനാലും അവരുടെ ഭക്തിശുഷ്കാന്തി നിമിത്തവും വിശുദ്ധ യൌസേപ്പിന്റെ നാമത്തിലുള്ള ആ ചെറിയ കന്യകാമഠം ഭൂമിയിൽ ദൈവദൂതന്മാരുടെ ഒരു പറുദീസായായി കാണപ്പെട്ടു.

## ഒമ്പതാം അദ്ധ്യായം.

പുതിയ ആശ്രമസ്ഥാപനം - രണ്ടു കമ്മലീത്താ സന്ന്യാസികൾ - സന്ന്യാസികളുടെ രണ്ടു ആശ്രമങ്ങൾ - പരിഷ്ക്കരിക്കപ്പെട്ട സഭയുടെ അഭിവൃദ്ധി.

സാധാരണ റോമയിൽ വസിച്ചിരുന്ന കർമ്മലീത്താ സഭയുടെ ജനറൽ (റവേന്നായിലെ ജോൺ ബപ്റ്റീസ്റ്റ റൂബേയൊ) ൧൫൬൭-ൽ സ്പെയിനിലും ആവിലായിലും ചെല്ലുകയും ആ ആശ്രമ സ്ഥാപകയുടെ ജീവിതക്രമത്തേയും പുണ്യത്തേയും കുറിച്ചും അവിടെ ഏൎപ്പെടുത്തിയിരുന്ന ബുദ്ധിപൂൎവ്വകമായ നിയമങ്ങളെക്കുറിച്ചും വളരെ സന്തോഷിച്ച് ആ തരത്തിലുള്ള വേറെ ആശ്രമങ്ങളെ സ്ഥാപിക്കാൻ അനുവാദം നൽകുകയും ചെയ്തു. എന്നാൽ അവിശ്വാസികളുടേയും പാപികളുടേയും മാനസാന്തരത്തിൽ തനിക്കുണ്ടായിരുന്ന തീക്ഷ്ണമായ ശുഷ്കാന്തിയാൽ സന്ന്യാസികളുടെ ഏതാനും ആശ്രമങ്ങൾ കൂടി സ്ഥാപിക്കാൻ അവിടന്ന അദ്ദേഹത്തിന്റെ അനുവാദം ചോദിച്ചു. ആദ്യം രണ്ടു സന്ന്യാസാശ്രമങ്ങളെ സ്ഥാപിക്കുന്നതിന്നുമാത്രമെ അദ്ദേഹം അനുവദിച്ചുള്ളു. കന്ന്യാസ്ത്രീകൾക്കായിട്ടു രണ്ടാമതൊരാശ്രമം മെദിനാ ദെൽ കാമ്പൊ എന്ന സ്ഥലത്തും മൂന്നാമത്തേതു് വല്ലദോലീസ് എന്ന സ്ഥലത്തും നാലാമതൊന്നു തൊലേദോവിലും സ്ഥാപിച്ചതിന്റെ ശേഷം ത്രേസ്യാ പുണ്യവതിക്കു് തന്റെ പരിഷ്കരിക്കപ്പെട്ട നിയമങ്ങളെ അനുവൎത്തിക്കാൻ താല്പൎയ്യമുള്ള ര

ണ്ടു കർമ്മലീത്താ സന്യാസികളെ കാണുന്നതിന്നു ഇടയായി. ഇവർ ഈശോയുടെ അന്തോനിയെന്നും കുരിശിന്റെ യോഹന്നാൻ എന്നും പേരുള്ള രണ്ടു പട്ടക്കാരായിരുന്നു.

അവസരം കിട്ടിയ ഉടനെ ൧൫൬൮-ൽ ദുരുവേല്ലോ എന്നു പേരായ ഒരു കുഗ്രാമത്തിൽ അവിടന്നു സന്യാസികൾക്കായി ഒരാശ്രമം സ്ഥാപിച്ചു. അതിന്റെ പ്രിയോരായി മേല്പറഞ്ഞ അന്തോനി എന്ന വൈദികനെയാകുന്നു നിയമിച്ചതു്. ൧൫൬൯-ൽ പസ്ത്രാനാ എന്ന സ്ഥലത്തു വേറൊന്നും ഏർപ്പെടുത്തി. ഈ രണ്ടാശ്രമങ്ങളും — പ്രത്യേകം ഒടുക്കം പറഞ്ഞതു് — വളരെ ദരിദ്രാവസ്ഥയിലും, തിരെ അലങ്കാര രഹിതമായ സ്ഥിതിയിലും ആയിരുന്നു. തിരുസ്സഭയ്ക്കു് വിശുദ്ധിയിലും അറിവിലും പ്രസിദ്ധന്മാരായ അനേകം പുത്രന്മാരെ നൽകിയ, നവീകരിക്കപ്പെട്ട കർമ്മലീത്താ സന്യാസ സഭയുടെ പിള്ളത്തൊട്ടി ഇതായിരുന്നു. അതു ലോകം മുഴുവനും അഭിവൃദ്ധിപ്പെട്ടു വ്യാപിച്ചുകൊണ്ടുതന്നെ വരുന്നു. ഈ രണ്ടു സ്ഥാപനങ്ങളും ഉണ്ടാക്കിക്കഴിഞ്ഞതിന്റെ ശേഷം സന്യാസികൾക്കായിട്ടുള്ള മറ്റെല്ലാ സ്ഥാപനങ്ങളും ത്രേസ്യാ പുണ്യവതി കുരിശിന്റെ യോഹന്നാൻ പുണ്യവാന്റെ മേലന്വേഷണത്തിൽ ഏല്പിച്ചു. സ്നേഹിതന്മാരുടേയും ശത്രുക്കളുടേയും ഉപദ്രവങ്ങൾക്കിടയിലാണു് ത്രേസ്യാ പുണ്യവതി പുതിയ ആശ്രമങ്ങളെ സ്ഥാപിച്ചതു്. മരിക്കുന്നതിന്നു മുമ്പു ഇങ്ങിനെയുള്ള ൧൭ കന്യകാമഠങ്ങളെ കാണ്മാൻ അവിടത്തേയ്ക്കു ഭാഗ്യം സിദ്ധിച്ചു. നവീകരിക്കപ്പെട്ട കർമ്മലീത്താക്കാർ സ്പെയിനിൽ മാത്രമല്ല ഉണ്ടായതു്. ആ സഭ

മേല്പറഞ്ഞ രാജ്യത്തിന്റെ അതിൎത്തികളെ ക്ഷണത്തിൽ കടന്നു് അത്ഭുതകരമായ വേഗത്തോടുകൂടി ലോകം എങ്ങും പ്രചരിച്ചു. ഇപ്പോൾ പ്രസ്തുത സഭയുടെ ഒരു ഭവനമില്ലാത്ത പരിഷ്കൃതമോ അപരിഷ്കൃതമോ ആയ നാടില്ല. ആ എല്ലാ ഭവനങ്ങളിലും മോസസ്സിനെപ്പോലെ പ്രാൎത്ഥനയാൽ ദൈവകോപത്തിൽ നിന്നു ലോകത്തെ രക്ഷിക്കുന്ന അനേകം അംഗങ്ങളും ഉണ്ടു്. ഓരോ അംഗവും, ജപത്തിന്റെ ഒരു അപ്പസ്തോലനാണു്. ഈ അപ്പോസ്തലന്മാരുടെ ഓരോ പ്രാൎത്ഥനാകൃത്യവും, രക്ഷയുടെ ശക്തിമത്തായ പ്രേരണയായി പാപികളുടെമേൽ പതിക്കുന്നു.

കുരിശിന്റെ യോഹന്നാൻ പുണ്യവാനും ഗ്രസ്യൻ എന്ന പട്ടക്കാരനും മറ്റുള്ളവരും ഈ നവീകരണത്തെ പ്രചരിപ്പിക്കുന്നതിന്നായി ചെയ്ത പ്രയത്നങ്ങളും ഉത്സാഹങ്ങളും നിമിത്തം അവർ അനുഭവിക്കേണ്ടിവന്ന ഞെരുക്കങ്ങളെക്കുറിച്ചു ത്രേസ്യാപുണ്യവതിക്കു നിൎവ്യാജമായ ദുഃഖമുണ്ടായെന്നു ഇവിടെ പറയുന്നതു അസ്ഥാനത്തിലാകയില്ല. സമസ്തവും നഷ്ടമായെന്നുവെച്ചു അവർ നിരാശയിലായപ്പോൾ പുണ്യവതി അവരോടു ഇപ്രകാരം ഉറപ്പു പറഞ്ഞു. "നാം കഷ്ടപ്പെട്ടുമെങ്കിലും സഭ നിലനില്ക്കും; ദൈവത്തിനുവേണ്ടി കഷ്ടപ്പെടുന്നതിനേക്കാൾ വലുതായ എന്തു സന്തോഷമാണു് നമുക്കു അനുഭവിപ്പാൻ കഴിവുള്ളതു്? അങ്ങേപ്പക്കലേക്കു് നമ്മുടെ ആത്മാവിനെ നടത്തിക്കൊണ്ടു പോകാനുള്ള ഉറപ്പും നിശ്ചയവുമുള്ള വഴി കുരിശത്രെ. ആകയാൽ നാം അതിനെ ആശ്ലേഷിക്കയും സ്നേഹിക്കയും ചെയ്യട്ടെ. നമുക്കു കുരിശു

ണ്ടായില്ലെങ്കിൽ നമ്മുടെ നവീകരണത്തിന്നം, നമു ക്കെല്ലാവക്കും ദുരിതം.”

ത്രേസ്യാ പുണ്യവതി ദൈവത്തിൽ ആശ്ചൎയ്യകരമായ വിശ്വാസവും സകല വിഷമതകളിലും ആപത്തുകളിലും മനസ്സുറപ്പും ധൈൎയ്യവും പ്രദൎശിപ്പിച്ചു. ഇവയെല്ലാം തന്നേക്കുറിച്ചുള്ള അവിശ്വാസത്തിൽനിന്നാണു് ഉത്ഭവിച്ചതു്. നമ്മുടെ കൎത്താവു സത്യത്തെ വളരെ സ്നേഹിക്കുന്നവനാകുന്നുവെന്നും നാം എത്ര അല്പന്മാരെന്നും നമ്മിൽനിന്നുതന്നെ വരുന്നതായി യാതൊരു നന്മയുമില്ലെന്നും നാം അറിയുന്നതു് എളിമയെന്ന സത്യം വഴിയായിട്ടാകുന്നുവെന്നും അവിടന്നു പറഞ്ഞുവന്നിരുന്നു.

തന്റെ മേലുള്ള ഈ അവിശ്വാസം അത്ഭുതകരമായ ഏൎപ്പാടുകൾ ആരംഭിക്കാൻ വിശുദ്ധ ത്രേസ്യായെ പ്രേരിപ്പിച്ചു. എന്നാൽ ഇതു വിശുദ്ധ ത്രേസ്യായുടെ എത്രയും സംക്ഷേപമായ ഒരു ജീവചരിത്രം മാത്രമാകയാൽ അവിടത്തെ ചരിത്രകാരന്മാർ വിവരിച്ചിട്ടുള്ള ആ തരം അനേകം മനോഹരങ്ങളായ പ്രവൃത്തികളെ വിട്ടുകളഞ്ഞിട്ടു് അവിടത്തെ പാവനമായ മരണത്തേക്കുറിച്ചു പറകയല്ലാതെ നിവൃത്തിയില്ല.

———(o)———

## പത്താം അദ്ധ്യായം.

വിശുദ്ധ ത്രേസ്യായ്ക്കുണ്ടായ സുഖക്കേടു് - അവിടത്തെ അവസാന നാഴികയും മരണവും - തിരുശ്ശരീരസംസ്കാരം.

പരിശുദ്ധ ത്രേസ്യാ ബൂർഗോസിൽ ഒരു കന്യകാമ

ഠം സ്ഥാപിച്ചുംകൊണ്ട് താൻ മേലദ്ധ്യക്ഷം വഹിച്ചിരുന്ന ആവിലായിലെ മഠത്തിലേയ്ക്ക് മടങ്ങി വരുമ്പോൾ തനിക്കു പതിവായി ഉണ്ടാകാറുള്ള പക്ഷവാതത്തിന്റേയും കഠിനമായ ഛർദ്ദിയുടേയും സുഖക്കേടുകൾ തോന്നിത്തുടങ്ങി. ൧൫൮൨ സെപ്തമ്പർ ൨൦-ാംനു ആൽബദെത്തോർമ്മേസ് എന്ന മഠത്തിൽവച്ച് അവിടത്തേയ്ക്ക് രക്താതിസാരവുമുണ്ടായി. അന്നു ദിവ്യപൂജയിൽ കുർബാന കൈക്കൊണ്ടതിന്റെശേഷം കിടപ്പിലായിട്ട് പിന്നെ ഒരിക്കലും എണീറ്റിട്ടില്ല. പുണ്യവതിയുടെ പ്രത്യേക കൂട്ടുകാരത്തിയായിരുന്ന വിശുദ്ധ ബർത്തലോമ്മായുടെ അന്ന എന്ന സഹോദരി അവിടത്തെ പക്കൽനിന്നു വിട്ടുമാറാതെ നിന്നു.

ഒക്ടോബർ ൩-ാംനു ഏകദേശം രാത്രി മുഴുവനും ജപധ്യാനത്തിൽ കഴിച്ചതിന്റെശേഷം അവിടുന്നു ഠരംശോയുടെ അന്തോനി എന്ന പട്ടക്കാരനോടു പാപസങ്കീർത്തനം ചെയ്തു. അനന്തരമദ്ദേഹം കന്യാസ്ത്രീകളുടെ സാന്നിദ്ധ്യത്തിൽവച്ച് ത്രേസ്യാപുണ്യവതിയെ അവരുടെയിടയിൽ നിന്നു എടുത്തു കളയരുതെന്നു ദൈവത്തോടുപ്രാർത്ഥിപ്പാൻ ആ പുണ്യവതിയോടു താല്പര്യമായിഅപേക്ഷിച്ചു. തന്നെക്കൊണ്ടവർക്കു യാതൊരാവശ്യവുമില്ലെന്നും ലോകത്തിന്നു യാതൊരുപകാരവുമില്ലെന്നുമാണ് ഇതിന്നു അവിടുന്നു മറുപടി പറഞ്ഞത്. അവിടുന്നു കന്യാസ്ത്രീകളോടു വിശേഷമായ ഉപദേശങ്ങൾ ചെയ്തു. ദൈവ സ്നേഹത്തെക്കുറിച്ച് അവരുടെ ക്രമങ്ങളേയും നിയമങ്ങളേയും കഴിയുന്നത്ര ഉത്സാഹത്തോടുകൂടി അനുസരിക്കേണമെന്നും, പാപിയായ ഞാൻ കാണിച്ചിട്ടുള്ള ചീത്ത ദൃഷ്ടാന്തങ്ങളെ ഗൌനിക്കാതെ മാപ്പുകൊടുക്കണമെന്നും അവിടുന്നു

അവരോടു അപേക്ഷിച്ചു. ഒക്ടോബർ ൩-ാംനു- വൈകുന്നേരം താൻ കിടന്നിരുന്ന മുറിയിൽ യാത്രക്കുള്ള വിശുദ്ധ കുറുവാന എഴുന്നെള്ളിച്ചു കൊണ്ടുവന്നപ്പോൾ താൻ നന്നാ ക്ഷീണിച്ചിരുന്ന എന്നവരികിലും, കിടക്കയിൽനിന്നു ചാടി എഴുന്നീറ്റിരുന്നു ഭക്തികരമായ ചില സുകൃത ജപങ്ങൾ ചൊല്ലുന്നതിനിടയിൽ അവിടുന്നു പറഞ്ഞു: "എന്റെ കൎത്താവേ! എന്റെ ആത്മ മണവാളാ! ആഗ്രഹിക്കപ്പെട്ട നാഴിക ഇപ്പോൾ വന്നിരിക്കുന്നു. എനിക്ക് ഇപ്പോൾ ഇവിടെനിന്നും പോകാൻ സമയമായി. നിന്റെ തിരുമനസ്സുപോലെ ഭവിക്കട്ടെ. ഈ വിദേശത്തിൽനിന്നും പോകുവാനുള്ള നാഴിക, കടശി, ഇതാ വന്നിരിക്കുന്നു. എന്റെ ആത്മാവു എത്രയും താല്പൎയ്യമായി കാംക്ഷിച്ചുകൊണ്ടിരുന്നതിനെ നിന്റെ സഹവാസത്തിൽ ഞാൻ അനുഭവിക്കും." അന്നുതന്നെ വൈകുന്നേരം ഒമ്പതു മണിക്കു അവിടത്തെ ആഗ്രഹപ്രകാരം അന്ത്യകൂദാശ നൽകപ്പെട്ടു. തന്നെ സംസ്കരിക്കേണ്ടതു്, ആവിലായിലുള്ള തന്റെ സ്വന്ത ആശ്രമത്തിലല്ലയൊ? എന്നു മേല്പറഞ്ഞ ഈശോയുടെ അന്തോനി എന്ന പട്ടക്കാരൻ ചോദിച്ചു. അതിന്നു അവിടുന്നു ഇങ്ങിനെ മറുപടിപറഞ്ഞു: "എന്റേതായിട്ടു ഈ ലോകത്തിൽ വല്ലതുമുണ്ടോ? അല്ലെങ്കിൽ എനിക്കു കുറച്ചു ഭൂമി അവർ ഇവിടെ തരികയില്ലയൊ?" അവിടുന്നു (മിസരേരെ) "കൎത്താവെ! കൃപ ചെയ്യേണമേ" എന്ന സങ്കീൎത്തനത്തിന്റെ ചില പാദങ്ങൾ—പ്രത്യേകം താഴെ കാണുന്ന വാക്കുകൾ കൂടക്കൂടെ ചൊല്ലിക്കൊണ്ടിരുന്നു: "ഓ! ദൈവമേ, അനുതാപമുള്ളതും വിനയമുള്ളതുമായ ഒരു

ഹൃദയത്തെ നീ തിരസ്കരിക്കയില്ല. നിന്റെ സന്നിധിയിൽനിന്നു എന്നെ തള്ളിക്കളയല്ലെ" സംസാരിക്കാൻ പാടില്ലാതെയാകുന്നതുവരെ ഇതിനെ അവിടന്നു ആവൎത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. അതിന്റെ ശേഷം ഒരു കുരിശുരൂപത്തെ കയ്യിൽ മുറുക്കി പിടിച്ചുകൊണ്ടു പതിനാലു മണിക്കൂറു നേരത്തോളം അവിടന്നു ഒരു മോക്ഷ പാരവശ്യത്തിൽ എന്നപോലെ കിടന്നു. ൧൫൮൨ ഒക്ടോബർ ൪-ാംനു- വൈകുന്നേരം ഒമ്പതു മണിക്കു വിശുദ്ധ ത്രേസ്യാ സമാധാനത്തിൽ മരണം പ്രാപിക്കയും ചെയ്തു. അതിന്റെ പിറെറ ദിവസമാണു അവിടത്തെ തിരുനാളായി ആഘോഷിക്കാൻ നിശ്ചയിക്കപ്പെട്ടതു്. (മേല്പറഞ്ഞ ആണ്ടിൽ പഞ്ചാംഗ പരിഷ്കാരം ചെയ്യപ്പോൾ ൧൦ ദിവസം വ്യത്യാസപ്പെട്ടതിനാൽ പിന്നീടു തിരുനാൾ ഒക്ടോബർ ൧൫-ാംനു- ആഘോഷിക്കപ്പെട്ടുവരുന്നു.)

ത്രേസ്യാ പുണ്യവതി, ൬൭ വത്സരവും ൬ മാസവും ൭ ദിവസവും ജീവിച്ചു. ഇതിൽ ൪൭ വത്സരങ്ങളും കന്യാസ്ത്രീയായിട്ടാണു കഴിച്ചതു്. ഒടുവിലത്തെ ൨൦ കൊല്ലം തന്റെ പരിഷ്കരിക്കപ്പെട്ട നിയമപ്രകാരം ജീവിച്ചു.

അവിടത്തെ തിരുശരീരം ബഹുമാനപൂൎവ്വം ആൽബാ എന്ന സ്ഥലത്താണു സംസ്കരിക്കപ്പെട്ടതു്. അതു ഇന്നും അക്ഷയമായി അവിടെ ഇരിപ്പുണ്ടു്. ൧൬൧൪ ഏപ്രിൽ ൨൪-ാം നു- വിശുദ്ധ ത്രേസ്യാ നിത്യാനന്ദഭാഗ്യം പ്രാപിച്ചവൾ അഥവാ വാഴ്ത്തപ്പെട്ടവൾ എന്നു നാമകരണം ചെയ്യപ്പെട്ടു. ൧൯൧൪- ഒക്ടോബർ ൧൫-ാംനു- മേൽപ്രകാരം ചെയ്തതിന്റെ മൂന്നാം നൂറാണ്ടു പൂൎത്തിയായിരിക്കുന്നതിനാൽ എല്ലായിടത്തും

മഹാ ആഡംബരങ്ങളോടുകൂടി ൩ാം ശതാബ്ദ പൂൎത്തിയെ ആഘോഷിക്കയുംചെയ്തു. ത്രേസ്യാ പുണ്യവതിയെ വിശുദ്ധ എന്ന നാമകരണം ചെയ്തു ൧൬൨൨-ാമാണ്ടിൽ ൧൫-ാം ഗ്രെഗോറി മാൎപ്പാപ്പായാകുന്നു.

# പരിശുദ്ധ പിതാവിൻെറ
# തിരുവെഴുത്ത്.

---

വിശുദ്ധ ത്രേസ്യാ തൻെറ നാനാപ്രകാരത്തിലു ള്ള പ്രവൃത്തികളിൽ, പ്രത്യേകിച്ചു ജപധ്യാനത്തിൽ തനിക്കുണ്ടായ പ്രതിപത്തിയിലും അതിൻെറ അഭ്യാസത്തിലും ആധുനിക ലോകത്തിലെ പുരുഷന്മാൎക്കും സ്ത്രീകൾക്കും കാലോചിതമായ ഒരു പ്രത്യേക സന്ദേശത്തെ സാക്ഷാൽ പ്രദാനം ചെയ്യുന്നു. വിശുദ്ധ ത്രേസ്യായെ പുണ്യവതിയെന്നു നാമകരണം ചെയ്തതിൻെറ മൂന്നാം ശതാബ്ദപൂൎത്തീകരണാവസരത്തിൽ നമ്മുടെ പരിശുദ്ധ പിതാവു് ൧൦-ാം പിയൂസ് മാൎപ്പാപ്പായാൽ എഴുതപ്പെട്ടിട്ടുള്ള തിരുവെഴുത്തു് മുഴുവനും താഴെ ചേൎത്തുകൊള്ളുന്നു.

*പ്രിയപ്പെട്ടമക്കളെ! നിങ്ങൾക്കു ക്ഷേമവും ശ്ലീഹായ്ക്കടുത്ത ആശീൎവ്വാദവും.*

*നാം ഏററവും അയോഗ്യനെങ്കിലും ദൈവത്തിൻെറ മനോഗുണത്താൽ പത്രോസിൻെറ ഉന്നതസ്ഥാനത്തിലേക്കു ഉയൎത്തപ്പെട്ട നാൾമുതൽ ശോഭനമായ പുണ്യങ്ങളാലും വിശിഷ്ടമായ ഉപദേശത്താലും മഹത്തമേറിയ പ്രവൃത്തികളാലും പ്രഖ്യാതന്മാരായി തീൎന്നിട്ടുള്ളവരായ തിരുസ്സഭയുടെ എതെങ്കിലും മക്കളെ ആഘോഷപൂൎവ്വം ബഹുമാനിച്ചു കൊ*

ണ്ടാടുവാനുള്ള അവസരം ലഭിക്കുമ്പോഴെല്ലാം ആ അവസരത്തെ സർവ്വപ്രകാരേണ ഉപകാരപ്രദമാക്കി തീർക്കേണ്ടതു, നമ്മുടെ ശ്ലീഹാക്കൂട്ടത്ത സ്ഥാനത്തിലെ ഒരു മുഖ്യമായ ചുമതലയായി നാം കരുതുകയുണ്ടായി, മനുഷ്യരുടെ മനസ്സു, വാക്കുകളാൽ എന്നതിനെക്കാൾ പ്രവൃത്തികളാൽ പ്രേരിപ്പിക്കപ്പെടുന്നതിനാൽ, മിശിഹായിൽ സമസ്തവും പുതുതാക്കണമെന്നുള്ള നമ്മുടെ ഉദ്ദേശത്തെ പ്രചരിപ്പിച്ചു പ്രബലപ്പെടുത്തുവാൻ, മിശിഹായുടെ അനുകരണം തങ്ങളുടെ നിരന്തരാഭ്യാസമാക്കിതീർത്തു് തന്റെ പരിശുദ്ധതയുടെ ആനുരൂപ്യത്തെ ആത്ഭുതകരമായ വിശ്വസ്തതയോടുകൂടെ തങ്ങളിൽതന്നെ പ്രതിഫലിപ്പിച്ചവരുടെ ദൃഷ്ടാന്തത്തെ കാണിച്ചു കൊടുക്കുന്നതുപോലെ നമ്മുടെ ഗുണദോഷം ഉപകരിക്കുന്നതല്ലെന്നു നമുക്കു നല്ല ബോദ്ധ്യം വന്നിട്ടുണ്ടു. ഇതുഹേതുവാലാണു മഹാനായ ഗ്രെഗോരിയോസിന്റേയും ജാൺ ക്രിസോസ്തോമോസിന്റെയും അവോസ്തായിലെ അൻസേൽമിന്റെയും ശതവർഷോത്സവത്തിങ്കൽ അവരുടെ പുകഴ്ചകളടങ്ങിയ എഴുത്തുകൾ കത്തോലിക്കാ ലോകമൊട്ടുക്കു നാം പ്രസിദ്ധപ്പെടുത്തിയതു. അപ്രകാരം തന്നെയാണല്ലൊ കാർളോസ് ബൊറമേയോസിനെ പുണ്യവാനെന്നു നാമകരണം ചെയ്തതിന്റെ ശതാബ്ദത്രയത്തെ നമ്മൾ ഇതിനിടെ കൊണ്ടാടിയതും.

അതേ തരത്തിലുള്ള ഒരു മഹോത്സവമാണു, പ്രിയപ്പെട്ട മക്കളെ, വിശ്വവിശ്രുതമായ നിങ്ങളുടെ സഭ അടുത്ത ഏപ്രിൽ മാസത്തിൽ കൊണ്ടാടുവാ

ൻ പോകുന്നതു്: എന്നുവച്ചാൽ നിങ്ങളുടെ അമ്മയും നിയമ കാർത്രിയുമായ ത്രേസ്യാമ്മ ഭാഗ്യവതി എന്ന നാമധേയത്തെ കല്പിച്ചു നല്കുന്നതായി നമ്മുടെ മുൻഗാമിയായ ൬-ാം പൌലോസ് പാപ്പാ പുറപ്പെടുവിച്ച കല്പനയുടെ ശതാബ്ദത്രയാഘോഷത്തെ, നമുക്കു അറിവുകിട്ടിയിരിക്കുന്നപ്രകാരം, നിങ്ങൾ ഇതിനിടെ നിങ്ങളുടെ സഭയുടെ ഒരു പൊതുയോഗം കൂടി നിങ്ങളുടെ ആലോചനയുടെ വിഷയമാക്കിയെന്നും ആ ആനന്ദകരമായ സംഭവത്തിന്റെ ശതാബ്ദപൂർത്തിയെ വിശുദ്ധ കർമ്മങ്ങളാൽ കൊണ്ടാടുവാനും നാനാപ്രകാരത്തിൽ നന്ദിപൂർവ്വമായ സ്നേഹാദരങ്ങളുടെ ചിഹ്നങ്ങളെ ആ പുണ്യവതിക്കു കാഴ്ചവെപ്പാനും ഉത്സാഹ ഭരിതമായ ചട്ടവട്ടങ്ങൾ ചെയ്യുവരുന്നു എന്നുമുള്ളതത്രെ. നിങ്ങളുടെ ഈ നല്ല ഉദ്ദേശത്തെ നാം ഹൃദയപൂർവ്വം അംഗീകരിക്ക മാത്രമല്ലാ, നിങ്ങളുടെ ഈ ആഹ്ലാദോത്സവങ്ങളിൽ തിരുസ്സഭ മുഴുവന്റെയും പേരിൽ നാം നിങ്ങളോടു കൂടെ സന്തോഷപൂർവ്വം പങ്കുകൊള്ളുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ ആവിലായിലെ കന്യക കത്തോലിക്കാലോകം മുഴുവന്റെയും ഒരലങ്കാരവും, ദീപവും ആകുന്നു; തന്നെയല്ലാ അതിലെ പ്രബലന്മാരുടെ കൂട്ടത്തിൽ ഒരു പ്രകാരത്തിലും താണ പടിയിൽ പെടുവല്ലാതാനും. "ഈ കന്യകയുടെ പ്രഭ നഭോമണ്ഡലത്തിലെ ഒരു നക്ഷത്രംപോലെ ദൈവത്തിന്റെ ആലയത്തിൽ എന്നും എന്നേന്നേക്കും തിളങ്ങിക്കൊണ്ടിരിക്കാൻ തക്കവണ്ണം കർത്താവു ആ സുകൃതിനിയെ ബോധജ്ഞാനത്തിന്റെയും അറിവി

ന്റേയും അരൂപികൊണ്ടും തന്റെ വരപ്രസാദത്തി ന്റെ നിക്ഷേപങ്ങൾകൊണ്ടും നിറെച്ചു." (Bull of Canoniz). ഇങ്ങിനെയാണ വിശുദ്ധ ത്രേസ്യാ യെപററി ൧൩-ാം ഗ്രെഗോരിയോസ് മാപ്പാപ്പാ പ്രശംസിച്ചിരിക്കുന്നതു. അതു എത്രയൊ യഥാൎത്ഥ വുമായിരിക്കുന്നു! എന്തെന്നാൽ ഈ സ്ത്രീരത്നം നാം മേൽ പ്രസ്താവിച്ചപോലെ തിരുസ്സഭയുടെ ആമ ഹാ പിതാക്കന്മാരെയും വേദപാരഗന്മാരെയും കാ ൾ അധികം താണ പടിയിലല്ല, അഥവാ നിശ്ശേ ഷം താണനിലയിലല്ല ഈ പുണ്യവതിയുടെ നില യെന്നു തോന്നാൻ തക്കവണ്ണം അവിടന്നു ക്രിസ്ത്യ വിശ്വാസികളുടെ രക്ഷയുടെ വഴിയെ പഠിപ്പി ക്കുന്നതിൽ അത്ര അധികം ഉപകരിച്ചിട്ടുണ്ടു്.

എന്തുകൊണ്ടെന്നാൽ പുണ്യവഴിയെ പഠിപ്പി ക്കുന്നതിലുള്ള തന്റെ സ്വൎഗ്ഗീയ ജോലിയിൽ സ്വാഭാവികമായി തന്നെ അവിടന്നു എത്ര സമ ൎത്ഥയായിരുന്നു, എന്നുള്ളതു ആശ്ചൎയ്യകരമാണ്. അ വിടത്തെ അത്ഭുതകരമായ കുശാഗ്രബുദ്ധി, ശ്രേഷ്ഠ വും മഹാത്മ്യമേറിയതുമായ ഹൃദയം, സ്ഥിരമായ ആലോചനാബുദ്ധി, മനുഷ്യരുമായിട്ടുള്ള പെരു മാററത്തിലും എടപാടിലുമുള്ള വിവേകം, ഇവയി ലൊട്ടും പുറകിലല്ലാത്ത അവിടത്തെ മാധുൎയ്യമേ റിയ സ്വഭാവഗുണം, മനോഹരമായ മൎയ്യാദശീ ലം, ഇവയെല്ലാം സകല മനുഷ്യരുടെയും ഹൃദയ ത്തെ അവിടത്തേയ്ക്കധീനമാക്കിയിരുന്നു. എന്നാ ൽ വിശുദ്ധ ത്രേസ്യായുടെ സ്വാഭാവികങ്ങളായ ഗുണങ്ങളെക്കാൾ തനിക്കുണ്ടായിരുന്ന സ്വഭാവ ത്തിന്നു മേലെപ്പെട്ട വരങ്ങൾ എററമധികം വിസ്മയനീ

യങ്ങളായിരിക്കുന്നു. ജീവിത വിശുദ്ധികൊണ്ടും, ദൈവീകകാൎയ്യങ്ങളുടെ അറിവു കൊണ്ടും വളരെ പ്രബലന്മാരായി അതായതു്; ആ കാലം കത്തോലിക്കാ ഇസ്സാന്ന്യയുടെ 'സ്വൎണ്ണ യുഗം എന്നു സാക്ഷാൽ പറയപ്പെടത്തക്കവണ്ണം വളരെ പ്രബലന്മാരായി ഈ പുണ്യവതിയുടെ കാലത്തു അനേകം പേർ ജീവിച്ചിരുന്നു എന്നു വരികിലും ത്രേസ്യാ തന്റെ ആത്മമിത്രങ്ങളും ഉററ സഖികളുമായി എണ്ണിയിരുന്ന സകലരുടെയും പുണ്യങ്ങളും ദാനങ്ങളും തന്നിൽ ഒന്നായി സ്വരൂപിക്കപ്പെട്ടിരുന്നു എന്നു പറയാതിരിക്കാൻ പാടില്ല.

ഠം സ്ത്രീരത്നത്തിൽ വിളങ്ങിയിരുന്ന സമസ്ത ഗുണങ്ങളും വിവരിക്കേണമെന്നു വെച്ചാൽ ഇതു ദീൎഘിച്ചു പോകുമെന്നു മാത്രമല്ലാ അങ്ങനെ ചെയ്യാൻ ഉദ്ദേശവുമില്ല, എന്നു വരികിലും പ്രിയപ്പെട്ട മക്കളേ, അവിടത്തെ സുകൃതങ്ങളെക്കുറിച്ചുള്ള എതാനും ചില നിരൂപണങ്ങളെ നിങ്ങൾക്കു തരുന്നതു ഠം കാലത്തു അത്യന്തം സമയോചിതമായിരിക്കുമെന്നു നാം കരുതുന്നു. ആയതു നിങ്ങൾക്കു ഉപകാരപ്രദമായ ധ്യാന വിഷയവും നിങ്ങൾ മൂലം ക്രീസ്ത്യ ജനത്തിന്നു ഒരു ഗുണദോഷവുമായിരിക്കും.

ഒന്നാമതായി മനുഷ്യന്റെ ബുദ്ധിയുടെ ശക്തിയെ അധികരിക്കുന്നവയും പരിമിതമായ സ്വഭാവത്തിന്നപ്പുറം കിടക്കുന്നവയുമായ കാൎയ്യങ്ങൾ അനേകം പേരാൽ നിസ്സാരമായി ഗണിക്കപ്പെടുകയോ, അതല്ല അയോഗ്യമായി തള്ളപ്പെടുക തന്നെയൊ ചെയ്യുന്നതിനാൽ ത്രേസ്യായുടെ വിശ്വാസം ശക്തിമത്തായതായിരുന്നു എന്നു ചിന്തിക്കുന്നതു ഉ

പകാരപ്രദമായിരിക്കും. "വിശ്വാസം ആശിക്കപ്പെടേണ്ട കാൎയ്യങ്ങളുടെ ഉറപ്പ്" അതായത് ഒരു പ്രകാരത്തിൽ പറഞ്ഞാൽ മനുഷ്യനിൽ ദൈവികവും സ്വൎഗ്ഗീയവുമായ ജീവന്റെ അസ്ഥിവാരവും ക്രിസ്ത്യ പുണ്യപൂൎണ്ണത എന്ന എടുപ്പു മുഴുവന്റെയും അടിസ്ഥാനവുമാകുന്നതിനാൽ, ത്രേസ്യാ തന്റെ സകല ആലോചനകളിലും തന്റെ വാക്കുകളിലും, തന്റെ പ്രവൃത്തികളിലും, എത്രത്തോളം വിശ്വാസത്തിന്റെ പ്രേരണയാൽ ജീവിച്ചിരുന്നു എന്നും എത്രത്തോളം വിശ്വാസത്താൽ മാത്രം നയിക്കപ്പെട്ടിരുന്നു എന്നുമുള്ളത് നമുക്ക് ആശ്ചൎയ്യജനകമായ സംഗതിയാണ്. സത്യത്തിന്റെ നാഥയായ തിരുസ്സഭയെ ഈ പുണ്യവതിയേക്കാൾ അധികം വിശ്വസ്തതയോടെ ആരും അനുസരിച്ചിട്ടില്ല. അതിന്റെ പഠനങ്ങളെ ഏററം സ്ഥിരമായി ഒരുത്തരും വിശ്വസിച്ചിട്ടില്ല. ഇടത്തൂട്ടുകാരുടെ തന്ത്രങ്ങളാലും പിശാചിന്റെ വഞ്ചനകളാലും അവിടത്തേക്കു ഒരു കലുക്കവും തട്ടിയില്ലെന്നു മാത്രമല്ലാ, തിരുസ്സഭയുടെ പഠനത്തിന്നു അനുസരണമല്ലാത്തതായി എന്തെങ്കിലും വിശ്വസിക്കുവാനായി ഒരു മാലാഖയോ സ്വൎഗ്ഗത്തിൽനിന്നു ഒരു സ്വരമോ തന്നോടു പറയുന്നതായാൽ പോലും താൻ ഒരിക്കലും ഒരു പ്രകാരത്തിലും വിശ്വസിക്കുന്നതല്ലായെന്നു ഈ കന്യക എഴുത്തു മൂലം പ്രസ്താവിക്ക കൂടി ചെയ്തിട്ടുണ്ട്. എന്നുമാത്രമല്ല., വിശ്വാസത്തെ പരിപാലിപ്പാൻ വേണ്ടി ആവശ്യമെന്നു കണ്ടാൽ ആയിരം പ്രാവശ്യം മരിക്കാൻ അവിടന്നു സന്നദ്ധയായിരുന്നു എന്നു നമ്മൾ അറി

യുന്നു. എന്തെന്നാൽ യാതൊന്നും ക്രിസ്തീയ വിശ്വാസ പ്രമാണങ്ങളുടെ സത്യത്തെപ്പോലെ ഈ കന്യകക്കു സുസ്പഷ്ടവും തെളിവും ആയിരുന്നില്ല. അവ മനുഷ്യബുദ്ധിക്കു എത്ര അഗ്രാഹ്യങ്ങളായിരിക്കുന്നുവൊ അത്രയധികം ഹൃദയപൂർവ്വകമായിരുന്നു അവയിൽ വിശുദ്ധ ത്രേസ്യാക്കുണ്ടായിരുന്ന വിശ്വാസം.

ആകയാൽ താൻ ആരാധനീയമായ കുർബാന കൈക്കൊണ്ടിരുന്നപ്പോൾ ആ മഹാ രഹസ്യത്തിന്റെ ധ്യാനത്തിൽ അവിടത്തെ ഹൃദയം മുഴുവനും ആനന്ദപരവശത്താൽ ലയിക്കപ്പെട്ടു എന്നു തോന്നുമാറു്, അവിടന്നു അതിൽ അത്ര നിമഗ്നയായി കാണപ്പെട്ടു. നമ്മുടെ മുൻഗാമിയായ പ്രസൂത ഗ്രെഗോരിയൂസ് മാർപ്പാപ്പാ ഇങ്ങനെ പറയുന്നു:— "ശരീര കണ്ണുകൾകൊണ്ടു നമ്മുടെ കർത്താവിനെ കണ്ടിട്ടുള്ളവരോടു തനിക്കു യാതൊരു അസൂയയും തോന്നാനില്ലെന്നു തീർത്തു പറയാൻ തക്കവണ്ണം നമ്മുടെ കർത്താവു ഈശോമിശിഹായുടെ തിരുശ്ശരീരത്തെ ഈ കന്യകയുടെ ആത്മീക കണ്ണുകൾകൊണ്ടു വിശുദ്ധ കുർബാനയിൽ അത്ര സ്പഷ്ടമായി കണ്ടിരുന്നു" (*Bull of Canoniz.*) വിശുദ്ധ ത്രേസ്യായുടെ വിശ്വാസത്തിന്റെ പ്രതിഫലമായി മരണമുള്ള ഈ ജീവിതത്തിൽ മനുഷ്യ ബുദ്ധിക്കു സാധിക്കാവുന്നേടത്തോളം ദൈവത്തിന്റെ രഹസ്യങ്ങളെ ഏററവും അഗാധങ്ങളും മനുഷ്യ ഗ്രാഹ്യശക്തിയിലും അറിവിലും നിന്നു് ഏററം അകന്നവപോലും ധരിക്കുന്നതിന്നും അവയെ ലളിതമായി വ്യാഖ്യാനിച്ചു വിസ്തരിക്കുന്നതിന്നുമുള്ള പ്രാപ്തി അവിടത്തേക്കു നൽകപ്പെട്ടിരുന്നു. ഈ അവസ്ഥയി

ൽ ഠരം സ്ത്രീരത്നത്തെ ദൈവത്തിന്റെ സാന്നിദ്ധ്യവും സംസൎഗ്ഗവും അനുഭവിപ്പാൻ ഭാഗ്യം ലഭിച്ച മൊസസ്സിനോടു താരതമ്യപ്പെടുത്താൻ അവിടത്തെ ആത്മീയ മാൎഗ്ഗദൎശികളായി പെരുമാറിയിരുന്നവൎക്കു ന്യായമായി തോന്നുകയുണ്ടായി.

വിശ്വാസമെന്ന ഠരം ദാനം ലഭിച്ചിട്ടില്ലാത്തവരെ അതിൽ ഭാഗഭാക്കാക്കാൻ അവിടന്നു എത്രമാത്രം എരിവോടെ ആശിച്ചിരുന്നു എന്നു ആരു തന്നെ കേട്ടിട്ടില്ല? ഒരു പൈതലായിരിക്കുമ്പോൾ തന്നെ ആഫ്രിക്കായിലെ കാട്ടുജാതിക്കാൎക്കു "മിശിഹായേയോ" തന്റെ രക്തത്തെയൊ (*Brev. hymn.*) പ്രദാനം ചെയ്യാൻ വേണ്ടി ആ രാജ്യത്തിലേക്കു കടക്കാനുള്ള ഉപായങ്ങളെ ആലോചിച്ചു നിവൎത്തി മാൎഗ്ഗത്തെ തീൎച്ചപ്പെടുത്തി. ത്രേസ്യാപുണ്യവതിയുടെ ഠരം ഉദ്ദേശം സാധിച്ചില്ലെന്നുവന്നപ്പോൾ ദേവപൂജകന്മാരുടെയും ഇടത്തൂട്ടുകാരുടേയും ദയനീയാവസ്ഥയെ കണ്ടു് അവിടന്നു ആജീവനാന്തം പ്രലപിക്കയും മനുഷ്യരെ അബദ്ധത്തിന്റെയും പാപത്തിന്റെയും അന്ധകാരത്തിൽനിന്നു സത്യത്തിന്റെയും വിശുദ്ധിയുടേയും വെളിച്ചത്തിലേക്കു മടക്കിക്കൊണ്ടുവരുന്നവരുടെ നേരെ പരിശുദ്ധമായ അസൂയകൊണ്ടു നിറയുകയും ചെയ്തു. അവിടത്തെ വൎഗ്ഗവും ജീവിത സ്ഥിതിയും അപ്പോസ്തല ജോലിക്കു വിഘ്നമായിരുന്നതിനാൽ അവിടന്നു ഏലിയാസിന്റെ അരൂപിയെ ധരിച്ചു് ജപത്തിന്റെയും അനുതാപത്തിന്റെയും അപ്പോസ്തലത്വം എന്നു പറയപ്പെടുന്ന ജോലിയെ കയ്യേറ്റു. ഠരം ഉദ്ദേശ സാദ്ധ്യാൎത്ഥം

വിശ്വാസ പ്രചാരം വരുത്തുവാനുള്ള വേലയിൽ ചേരുവാൻ തനിക്കു അസാദ്ധ്യമായിരുന്നതിനാൽ തന്റെ ശക്തി ഒക്കെയോടുംകൂടെ സുവിശേഷത്തിന്നടുത്ത ബുദ്ധിയുപദേശങ്ങളെ അഭ്യസിക്കാൻ ഉദ്യമിച്ചു. എന്തെന്നാൽ പുണ്യത്തിൽ താൻ എത്ര അഭിവൃദ്ധി പ്രാപിക്കുമോ, ദൈവത്തിന്നു അത്രത്തോളം പ്രീതികരമായിരിക്കും, ക്രിസ്ത്യ വിശ്വാസ പ്രചാരത്തിന്നും ആത്മാക്കളുടെ രക്ഷയ്ക്കും വേണ്ടിയുള്ള തന്റെ അപേക്ഷകൾ എന്നു അവിടത്തേക്കു നല്ല ബോധ്യമുണ്ടായിരുന്നു. അവസാനമായി ക്രിസ്തീയ ഉപദേശത്തെ പരിപാലിക്കണമെന്നും അതു എങ്ങും അറിയപ്പെടണമെന്നുള്ള തന്റെ ആഗ്രഹം, വേദോപദേശത്തെപററി തനിക്കുണ്ടായിരുന്ന മഹാ മതിപ്പിൽനിന്നു കൂടേയും പ്രത്യക്ഷപ്പെടുന്നതാണ്. വിശുദ്ധ ത്രേസ്യായുടെ പുത്രിമാർ അതുപോലെ കൂടക്കൂടെ എടുത്തു ഉപയോഗപ്പെടുത്തുകയൊ ഉത്സാഹത്തോടെ വായിക്കുകയൊ ചെയ്യേണമെന്നു അവിടന്നു അധികം ആഗ്രഹിച്ചിരുന്നതായി വേറെ ഒരു പുസ്തകമില്ലാ.

ആധുനിക കാലത്തെ അരൂപിക്കു അത്യന്തം വിപരീതവും ത്രേസ്യാപുണ്യവതിയുടെ പ്രധാനമായ പുകഴ്ചകളിൽവെച്ചു പ്രത്യേകം എടുത്തു പറയേണ്ടതുമായ വേറൊന്നു് നമ്മുടെ കർത്താവീശോമിശിഹായുടെ നേരെ അവിടത്തേക്കുണ്ടായിരുന്ന വിശേഷവിധിയായ സ്നേഹമാണ്. ദൈവത്തിങ്കലേക്കു തങ്ങളെ കൊണ്ടുവരുന്നവഴി എതെന്നറിവാൻ അപ്പോസ്തലന്മാർ ചോദിച്ചപ്പോൾ മിശിഹാ അവരോടു അരുളിച്ചെയ്ത മറുപടി മനുഷ്യർ ഓർമ്മയിൽനിന്നു

മായിച്ചു കളഞ്ഞതു ശോചനീയമത്രെ. മിശിഹാ അരുളിച്ചെയ്തതായതു്: "ഞാൻ വഴിയും ജീവനും സത്യവുമാകുന്നു. ഞാൻ മൂലമല്ലാതെ യാതൊരുത്തനും പിതാവിൻെറ പക്കൽ വരുന്നില്ല" (John XIV, 6) 'ക്വിയെത്തിസ്റ്റാ (നിഷ്പ്രവർത്തക ധ്യാന വാദികൾ) എന്നു പറയപ്പെട്ടന്നവരാലും ആ കക്ഷികളിലെ ഏതാനും നവീകരണക്കാരാലും ഇതു എത്രയധികം വിസ്മരിക്കപ്പെട്ടു കളഞ്ഞു! എന്നാൽ അതു ഈ വിശുദ്ധ കന്യകയുടെ മനസ്സിലും ആത്മാവിലും ആഴമായി പതിഞ്ഞിരുന്നു. ആകയാൽ അവിടുന്നു ദൈവത്തിൽനിന്നു എന്തെല്ലാം ഉപകാരങ്ങളെ കൈക്കൊണ്ടുവോ, ആയതുകളെ എല്ലാം മിശിഹായിൽ സംബന്ധിപ്പിച്ചിരുന്നു. താൻ ദൈവത്തിൽനിന്നു ആശിച്ച നന്മകളെ എല്ലാം മിശിഹായിൽനിന്നു ആശിച്ചു. അവിടത്തെ പ്രതിദിന പ്രവൃത്തികളെ ക്രമീകരിക്കാനുള്ള ഏക യജമാനൻ, ദൈവിക ധ്യാനത്തിൻെറ ഉന്നതങ്ങളിലേയ്ക്കുതന്നെ നടത്താനുള്ള ഏക മാർഗ്ഗദർശി മിശിഹാ ആയിരുന്നു. മിശിഹായുടെ നേരെ ഇപ്രകാരമുള്ള വികാരങ്ങളോടു കൂടിയവർ ഭാഗ്യവാന്മാരെന്നും അപ്രകാരമല്ലാത്തവർ വിശ്വാസ വിഹീനത നിമിത്തം ഏററവും നിർഭാഗ്യവാന്മാരെന്നും അവിടുന്നു പറഞ്ഞിരുന്നു. അവിടത്തെ ജീവിത രീതിയാകട്ടെ, തൻെറ ഈ വികാരങ്ങൾക്കു ഏററവും അനുയോജിച്ചുമിരുന്നു. എന്തെന്നാൽ, അവിടത്തെ പ്രയത്നങ്ങളുടെ ഏകോദ്ദേശം, ഈശോമിശിഹായുടെ ദൃഷ്ടാന്തത്തിന്നൊത്തവണ്ണം ജീവിതത്തെ ക്രമപ്പെട്ടു

ത്തുന്നതും മിശിഹായുടെ അനുകരണത്താൽ തന്റെ ഛായയെ ആത്മാവിൽ ഏററമേററം പതിക്കുന്നതും ആയിരുന്നു. അതിനാൽ ഠരം കന്യകയ്ക്കു അപ്പോസ്തോലനോടുകൂടെ ഇങ്ങിനെ സാക്ഷാൽ പറയാൻ കഴിയും; "എനിക്കു ജീവിക്കുന്നതു മിശിഹാ ആകുന്നു: മരിക്കുന്നതു് ലാഭവുമാകുന്നു". (*Phil. I,21*).

വിശുദ്ധ ത്രേസ്യായുടെ ജീവിത രീതിയ്ക്കു ഇപ്രകാരമുള്ള ഒരു ഗുരു ഉണ്ടായിരുന്നതിനാൽ ഭൂലോക വസ്തുക്കളെ ഉന്മേഷത്തോടെ ത്യജിപ്പാനും തന്റെ ആത്മാവിനെ നിസ്സാരമായ മലിനതകളിൽ നിന്നു പോലും ഉത്സാഹത്തോടെ ശുദ്ധീകരിച്ചു അതിനെ പുണ്യംകൊണ്ടലങ്കരിപ്പാനും അവിടന്നു പഠിച്ചു. ഇങ്ങിനെ തന്റെ കത്താവു ഭൂലോകവാസം ചെയ്തിരുന്നപ്പോൾ എന്തെല്ലാം സങ്കടങ്ങളും ചിന്താകുലങ്ങളും ദുഃഖങ്ങളും അനുഭവിച്ചുവോ, അപ്രകാരംതന്നെ കത്താവിന്നു എന്തെല്ലാം സന്തോഷങ്ങളും ആശ്വാസങ്ങളും അനുഭവമായിരുന്നുവോ അതുകളെല്ലാം തന്റെ കത്താവിനോടു തന്നെ എത്രയും ഗാഢമായി ഒന്നിപ്പിച്ചിരുന്ന ആ സ്നേഹത്തിന്റെ ബലംമൂലം അതേപ്രകാരംതന്നെ അനുഭവിക്കത്തക്കവണ്ണം ഠരം പുണ്യവതി തന്റെ കത്താവിന്റെ പ്രതിഛായയെ ക്രമോല്ക്കൃഷ്ടമായി പ്രാപിച്ചു. ആത്മാവിനെ കത്തി ജ്വലിപ്പിക്കുന്ന ആ സമയത്തു തന്നെ ബുദ്ധിയെക്കൂടിയും തീക്ഷ്ണപ്പെടുത്തി പ്രകാശിപ്പിക്കുന്നതു സ്നേഹത്തിന്റെ ഫലമായിരിക്കുന്നതിനാൽ, ത്രേസ്യാ ദൈവത്തിന്റെ വിശേഷ വിധിയായ മനോഗുണത്താൽ മനുഷ്യനായ മിശി

ഹായുടെ സമൃദ്ധിയും പരിപൂൎണ്ണവുമായ സുകൃതത്തെ ദൎശിക്ക മാത്രമല്ലാ, ദൈവ വചനത്തിൻെറ അതിഗഹനങ്ങളായ രഹസ്യങ്ങളിലേക്കുള്ള പ്രവേശം ധ്യാനം മൂലം അവിടത്തേയ്ക്കു നൽകപ്പെടുകയും, വിശേഷിച്ചു സ്തുതിക്കപ്പെട്ട ത്രിത്വത്തെ സംബന്ധിക്കുന്ന പല രഹസ്യങ്ങളുടെ വെളിപ്പാടിന്നും ദൈവത്തിൻെറ പുത്രൻ തന്നോടു അരുളിച്ചെയ്തതായ താഴെ വരുന്ന വചനങ്ങളെ കേൾക്കുന്നതിന്നും യോഗ്യയായി തീരുകയും ചെയ്തു: "ഇതു മുതൽ നീ ഒരു യഥാൎത്ഥമായ പത്നിയെപ്പോലെ എൻെറ ബഹുമാനത്തിൽ ശുഷ്കാന്തിപ്പെടണം; ഇപ്പോൾ ഞാൻ മുഴുവനും നിൻെറതും നീ മുഴുവനും എൻെറതും ആകുന്നു".

ഈ ഉടമ്പടിയുടെ ചുമതലകൾക്കു അവിടന്നു എത്ര വിശ്വസ്തയായിരുന്നു എന്നു പറയേണ്ട ആവശ്യമില്ലാ. ഇതിന്നുമുമ്പു അവിടന്നു സ്വന്താൎത്ഥങ്ങളെ അനാദരിച്ചുകൊണ്ടു മിശിഹായുടെ കാൎയ്യലാഭോദ്ദേശത്തിന്നായി പ്രയത്നിച്ചുകൊണ്ടിരുന്നു. എന്നാൽ ഇതു മുതൽക്കു തൻെറ മരണംവരെ തനിക്കായി ജീവിക്കാതെ മുഴുവനും മിശിഹായ്ക്കുവേണ്ടി മാത്രം ജീവിച്ചിരുന്നു. തൻെറ ദിവ്യമണവാളൻെറ ഏററം വലിയ മഹത്വത്തിൻെറ അഭിവൃദ്ധിക്കായുള്ള ആഗ്രഹം രണ്ടു സംഗതികളിലേക്കു തിരിഞ്ഞിരുന്നു എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഈശോയുടെ അറുതിയില്ലാത്ത സ്നേഹം നിരൂപിച്ചുണ്ടാക്കിയവയും അതിൽ ഒന്നിനെ മനുഷ്യന്നു തൻെറ അവസാന ദാനമായും മറേറതിനെ കുരിശിന്മേൽ തൻെറ അവസാ

നശപ്രാസം വിട്ടപ്പോഴും താൻ സ്ഥാപിച്ചതുനി മിത്തം ഓരോരുത്തന്റെ ഹൃദയത്തിന്നു ഏററവും പ്രിയപ്പെട്ടതായിരിക്കേണ്ടതുമായ എത്രയും മഹാ കാൎയ്യങ്ങളാണവ:—അതായതു; വിശുദ്ധ കുറുവാന യും തിരുസ്സഭയും.

എന്തുകൊണ്ടെന്നാൽ ഈ കൂദാശയെ സ്ഥാപി ച്ചതിൽ ദൈവത്തിന്റെ ബോധജ്ഞാനത്തേയും മനോഗുണത്തേയും ഈ വധൂമണിയേക്കാൾ അധി കം സൂതിച്ചു മഹത്വപ്പെടുത്തീട്ടുള്ളതായി ആരു ണ്ടു്? എന്തെന്നാൽ ഈ കൂദാശയിൽ കൎത്താവു ന മ്മുടെ അല്പതയെ ഉദ്ദേശിച്ചു തന്നെത്തന്നെ അ ത്ഭുതമാംവണ്ണം സൌകൎയ്യപ്പെടുത്തി തന്റെ സ്നേഹ ത്തെ പ്രദൎശിപ്പിക്കയും മനുഷ്യ വൎഗ്ഗത്തെ വീണ്ടു കൊണ്ട ആ പൂജയെ എന്നേക്കും നിലനിൎത്തുവാൻ നിശ്ചയിക്കയും ചെയ്തു. ഇത്ര അത്യാശയോടെ മാലാഖമാരുടെ ഈ അപ്പത്തെ ആർ ആഗ്രഹിച്ചി ട്ടുണ്ടു്? എന്തെന്നാൽ ഭക്തന്മാരായവർ പോലും അത്ര കൂടക്കൂടെ കുറുവാന ഉൾക്കൊള്ളാറില്ലാതി രുന്ന ആ നാളിൽ വിശുദ്ധ ത്രേസ്യാ പ്രതിദിനം കുറുവാന കൈക്കൊണ്ടിരുന്നു. എന്നു മാത്രമല്ലാ, ശുദ്ധ കുറുവാന കൈക്കൊള്ളുന്നതിൽ നിന്നു ആ യുധപാണികൾക്കു പോലും ആ പുണ്യവതിയെ തടു ത്തുകൂടെന്നു തോന്നത്തക്ക വിധം അത്ര അത്യാശ യോടുകൂടിയാണു് അവിടന്നു ഉൾക്കൊണ്ടിരുന്ന തു്. ഈ കൂദാശയുടെ നേരെ മനുഷ്യൎക്കുള്ള അല ക്ഷ്യഭാവവും അനാദരവും കണ്ടു ത്രേസ്യാപുണ്യവതി യേപ്പോലെ അത്ര വളരെ സങ്കടം ആർ അനുഭ വിച്ചിട്ടുണ്ടു്? അളവില്ലാത്ത സ്നേഹത്തിന്റെ ഈ

പരമരഹസ്യത്തോടു ചെയ്തിട്ടുള്ള ദ്രോഹങ്ങളെ പരിഹരിപ്പാൻ ആര് ഇത്ര ശുഷ്കാന്തിപ്പെട്ടിട്ടുണ്ടു? അപ്രകാരം അത്യന്തം എരിവോടു കൂടെ പരിഹാരം ചെയ്യാനായി നിരന്തരമായി തന്റെ പുത്രിമാരോടു അവിടന്നു നിഷ്കർഷിച്ചിരുന്നു. ഒരവസരത്തിൽ, തന്നെ വേദനപ്പെടുത്തിയിരുന്ന ഉപദ്രവത്തിന്റെ ഉഗ്രതയെ സഹിക്ക വഹിയാതെ അവിടന്നു ഒന്നുകിൽ ഠം നന്ദിഹീനന്മാരായ മനുഷ്യരുടെ ലജ്ജകെട്ട ദുഷ്ടതയെ ഉടനെ അവസാനിപ്പിക്കയൊ, അതല്ലെങ്കിൽ ഭൂലോകത്തെ ആസകലം നശിപ്പിച്ചു കളകയൊ ചെയ്യണമെന്നു എരിവോടെ ദൈവത്തോടു പ്രാർത്ഥിച്ചു.

പിന്നെ സകല ക്രിസ്ത്യാനികളുടെയും മാതാവായ തിരുസ്സഭയുടെ നേരെ തനിക്കുണ്ടായിരുന്ന സ്നേഹത്തെ നോക്കുക! മിശിഹായുടെ മഹത്വത്തിനായി ഉള്ളതുപോലെ തന്നെ മിശിഹായുടെ സഭയുടെ പ്രചാരത്തിന്നു കൂടേയും ശുഷ്കാന്തിയില്ലാത്ത യാതൊരുത്തനും ദൈവത്തിന്റെ നേരെ സാക്ഷാലുള്ള സ്നേഹമില്ലെന്നു അവിടന്നു പറയാറുണ്ടായിരുന്നു. തിരുസ്സഭയുടെ നേരെ ഇത്ര പ്രതിപത്തിയുള്ള ഒരു പുത്രി സകല സംഗതികളിലും അതിന്റെ നേരെ എത്ര സ്ഥിരമായ വിശ്വസ്തത പ്രദർശിപ്പിച്ചിരിക്കണം! തിരുസ്സഭയുടെ സ്ഥാപകനായ മിശിഹായാൽ അതിന്നു നൽകപ്പെട്ടിരിക്കുന്ന അധികാരത്തെ എത്ര ധാരാളമായി അവിടന്നു പുകഴ്ത്തുകയുണ്ടായിട്ടുണ്ടു! എന്തെന്നാൽ, വിശുദ്ധ കർമ്മസംബന്ധിതങ്ങളെന്നു പറയപ്പെടുന്ന ദൈവാനുഗ്രഹത്തിന്റെ ആ ഉപകരണങ്ങ

ളെക്കറിച്ചു വിശുദ്ധ ത്രേസ്യാമ്മ — പരിശുദ്ധാത്മാവിയുടെ ദാനങ്ങളാൽ ഇത്ര അലംകൃതയും, ദൈവവുമായി പരിചിതമായ സംസർഗ്ഗാനുഭവസ്ഥയുമായ ഒരു സ്ത്രീരത്നത്തിന്നു— ഉണ്ടായിരുന്ന മഹാ മതിപ്പു വിചാരശൂന്യന്മാർക്കു പക്ഷേ അതിശയോക്തിയായി തോന്നിയേക്കാം. വിശുദ്ധ കർമ്മ സംബന്ധമായ ഒരു ആചാരങ്ങളെ പ്രതി അഥവാ തിരുസ്സഭയിലെ ഏററവും നിസ്സാരമായ ആചാരങ്ങളെപ്രതി താൻ ആയിരം തവണ മരിപ്പാൻ സന്നദ്ധയാണെന്നു അവിടന്നു പറഞ്ഞിരുന്നതു് അത്ഭുതജനകമായിരിക്കുന്നു. വിശേഷിച്ചു് തിരുസ്സഭയുടെ ക്ഷേമവും അനത്ഥവും മിക്കവാറും അതിൻെറ ശുശ്രൂഷകന്മാരുടെ ജീവിത വിശുദ്ധിയെ അവലംബിച്ചിരിക്കുമെന്നും അലക്ഷ്യ ഭാവത്തോടുകൂടിയ വളരെ പട്ടക്കാരെക്കാൾ തൻെറ ഉന്നത സ്ഥാനത്തിൻെറ ചുമതലകളനുസരിച്ചു ജീവിക്കുന്ന ഒരു പട്ടക്കാരന്നു ആത്മാക്കളുടെ രക്ഷക്കു വേണ്ടി വളരെ അധികം നിവർത്തിക്കാൻ സാധിക്കുമെന്നും ഉള്ള സംഗതി ഒരു പുണ്യവതിയുടെ സൂക്ഷ്മാവലോകനത്തിന്നും സച്ഛീയ ജ്ഞാനത്തിന്നും വിഷയീഭവിക്കാതിരുന്നില്ല. ആകയാൽ തിരുസ്സഭ ഉഗ്രമായ കൊടുങ്കാററുകളാൽ അടിക്കപ്പെട്ടു് അനേകം ആത്മാക്കൾ നിത്യനാശത്തിലേക്കു പാഞ്ഞു വീഴുന്നതിനെക്കണ്ടു് അവിടന്നു കണ്ണുനീരു ചിന്തുകയും അതേ സമയത്തു തന്നെ പഠനത്തിലും അവരവരുടെ അന്തസ്സിന്നനുരൂപങ്ങളായ സുകൃതങ്ങളിലും സുശിക്ഷിതരായ അനേകം പട്ടക്കാർ തിരുസ്സഭക്കുണ്ടാകുന്നതിന്നും അവർ മററുള്ള

വരുടെ ആത്മരക്ഷയ്ക്കു വേണ്ടി വേല് ചെയ്യുമ്പോൾ തങ്ങളുടെ സ്വന്ത ആത്മരക്ഷയെ അപകടത്തിലാക്കാതിരിക്കുന്നതിന്നും വേണ്ടി അവിടന്നു തന്റെ തപസ്സിനാലും വിവിധങ്ങളായ ശരീര ദണ്ഡനങ്ങളാലും സ്ഥിരോത്സാഹത്തോടുകൂടിയ എളിയ പ്രാൎത്ഥനയാലും ദൈവത്തിൽ നിന്നു അനുഗ്രഹം ലഭിപ്പാൻ ശ്രമിക്കയും ചെയ്തിരുന്നു.

എങ്കിലും ത്രേസ്യാ പുണ്യവതി ഒരു ഉദ്ദേശസാദ്ധ്യത്തിന്നു ഏകാകിനിയായി വേല ചെയ്യുന്നതിൽ തൃപ്തിപ്പെട്ടില്ല. സ്നേഹത്തിന്റെ സ്വഭാവം, കഴിവുള്ളവരിലേക്കെല്ലാം അതിന്റെ ഗുണശക്തിയെ പ്രചരിപ്പിക്കുന്നതായിരിക്കകൊണ്ടു് തന്റെ സഹായികളും തന്റെ ശുഷ്കാന്തിയുടേയും ജീവിതരീതിയുടെയും അനന്തരാവകാശികളുമായിരിപ്പാൻ വേണ്ടി മറ്റുള്ളവരെ കൂടേയും അവിടന്നു തന്റെ ചുററും വിളിച്ചുകൂട്ടി." ശാശ്വതമായ കന്യകാവ്രതത്താൽ തന്റെ ജഡത്തേയും ആശ്ചര്യജനകമായ എളിമയാൽ ലോകത്തേയും ശ്രേഷ്ഠതരങ്ങളായ അനേകം പുണ്യങ്ങളാൽ പിശാചിന്റെ തന്ത്രങ്ങളേയും അത്ഭുതകരമാംവണ്ണം ജയിച്ചതിന്റെ ശേഷം ഏററം ഉന്നതങ്ങളായ പ്രവൃത്തികളിലേക്കു തന്നെത്തന്നെ പ്രേരിപ്പിക്കയും തന്റെ ഉൽകൃഷ്ടമായ മനശ്ശക്തിയാൽ തന്റെ വൎഗ്ഗത്തിന്റെ ബലഹീനതയെ നീക്കിവെച്ചുംവെച്ചു് ബലംകൊണ്ടു തന്റെ അരകളെ കെട്ടി, തന്റെ ഭുജത്തെ ശക്തിപ്പെടുത്തി, സൎവ്വശക്തനായ ദൈവത്തിന്റെ മന്ദിരത്തിന്നും തന്റെ പ്രമാണത്തിന്നും കല്പനകൾക്കും വേണ്ടി ആത്മികായുധങ്ങളെടുത്തു യുദ്ധം ചെ

യ്യാൻ ഇഷ്ടമുള്ള ധൈര്യശാലികളായവരുടെ ഒരു സൈന്യത്തെ ഒരുക്കുകയും ചെയ്തു" (Bull of Canoniz.) എലിയാസിന്റെ ഇരുമടങ്ങായ അരൂപിയാൽ പ്രേരിപ്പിക്കപ്പെട്ടും നിങ്ങളുടെ പിതാവായ വിശുദ്ധ യോഹന്നാനുമായി ദൈവശുശ്രൂഷാസഖ്യത ചേൎന്നും, താൻ ഒരു അംശമായി ചേൎന്നിരുന്ന വിശ്രുതമായ സഭയെ അതിന്റെ കണിശമായ ആദിമ നടപടിയിലേയ്ക്കു മടക്കി കൊണ്ടുവരുവാനുള്ള ജോലി ൟ കന്യക ഏററു. എന്നാൽ അതു മഹത്തരവും നിവൎത്തിക്കാൻ ദുഷ്കരവുമായ ഒരു പ്രവൃത്തിയായിരുന്നു, എന്നുവരികിലും എല്ലാവരും അറിഞ്ഞിരിക്കുന്നതു പോലെ, അവിടന്നു തന്റെ ഉദ്ദിഷ്ട കാൎയ്യത്തെ വേഗത്തിൽ ശുഭമായി പൎയ്യവസാനിപ്പിച്ചു. ഇങ്ങിനെ, പ്രത്യേകിച്ചു വിശുദ്ധ ത്രേസ്യായുടെ പരിശ്രമം മൂലം, ലോകജീവിതത്തിലുള്ള ക്ഷോഭത്തെ വെടിഞ്ഞു് ദൈവ ശുശ്രൂഷയിൽ പ്രവേശിച്ചു, ഏററം കണിശമായ നിഷ്ഠകളോടുകൂടിയതെങ്കിലും സ്വൎഗ്ഗീയ ധ്യാനത്തിലുള്ള അതി മാധുൎയ്യത്താൽ പതപ്പെടുത്തപ്പെട്ട ഒരു ജീവിതരീതിയാൽ കൎമ്മല മലയിലേയും തെബായിദിലേയും പുരാതന വനവാസികളോടു (വിശുദ്ധമായി) മത്സരിക്കുന്നവരായ അനേകം പേർ ആ നാളിൽ ലോകത്തെ അത്ഭുത പരവശമാക്കിതീൎത്തു. അവരുടെ ധ്യാനനിഷ്ഠാജീവിതം നിത്യായുസ്സിലേക്കു ആത്മാക്കളെ നയിക്കുന്നതിൽ ഉപയോഗയോഗ്യമായ എന്തെല്ലാം അവരെ പഠിപ്പിച്ചോ, അതെല്ലാം അവർ, നാം മേലെ പ്രസ്താവിച്ച അനുതാപത്തിന്റെയും പ്രാൎത്ഥനയുടെയും

അപ്പോസ്തോലതപത്താലൊ വിശുദ്ധ ശുശ്രൂഷയാലൊ ഉത്സാഹഭരിതമായ ജോലിയാലൊ മററുള്ളവരോടുകൂടെ അനുഭവിക്കയും ചെയ്തിരുന്നു.

പ്രിയ മക്കളേ, നിങ്ങളുടെ പൂർവ്വന്മാരിൽ നിന്നു ലഭിച്ചിട്ടുള്ളതും വിശുദ്ധ ത്രേസ്യായുടെ അരൂപിയിൽ നിന്നു അയഞ്ഞിട്ടില്ലാത്തതുമായ ആ ശ്രേഷ്ഠമായ മാതൃകകളെ നിങ്ങൾ ഇപ്പോഴും പരിപാലിച്ചുവരുന്നുണ്ടെന്നു ദീർഘകാലമായി നാം അറിയുന്നു. എന്തെന്നാൽ, വളരെ കാലം മുമ്പു മുതല്ക്കു നമുക്കു നിങ്ങളുടെ സഭയുമായി നേരിട്ടുള്ള അനുഭവവും അടുത്തു പരിചയവുമുണ്ടു. എന്നാൽ ഇപ്പോൾ നിങ്ങളുടെ മഹതിയായ മാതാവിൻെറ പുത്രന്മാരുടെയും അതുപോലെ തന്നെ പുത്രിമാരുടെയും നേക്കു ന്യായമായി നമുക്കുണ്ടായിരിക്കുന്ന നന്മനസ്സിനെ പരസ്യമായി വെളിപ്പെടുത്തുന്നതിന്നു ഒരു അവസരത്തെ നാം അവലംബിച്ചുകൊള്ളുന്നു. ധനത്തിന്നും, യശസ്സിന്നും, ലോക സന്തോഷങ്ങൾക്കും പകരം കുരിശിൻെറ ഭോഷതപത്തെ കൈമാററം ചെയ്കയും വിശുദ്ധവും ഏകാന്തവുമായ മൌന ജീവിതത്തിൽ തങ്ങളെത്തന്നെ ഇട്ടുപൂട്ടി ക്രിസ്തു അനുതാപമാകുന്ന പീഠത്തിന്മേൽ ദൈവത്തിന്നു പ്രീതികരങ്ങളായബലിസാധനങ്ങളായി സ്നേഹാഗ്നിയാൽ ദഹിപ്പിക്കപ്പെടുകയും ചെയ്യുന്ന യൌവ്വന യുക്തകളായ ആ സ്ത്രീകൾ അവലംബിച്ചിരിക്കുന്ന ജീവിതരീതിയെ എത്ര സ്തുതിച്ചാലും മതിയാകുന്നതല്ലാ എന്നതിന്നു സന്ദേഹമില്ല; അവിടെ അവർ രാവും പകലും തങ്ങളെ അറിയാത്ത ലോകത്തിന്നുവേണ്ടി ഇടവിടാതെ മദ്ധ്യസ്ഥ പ്രാ

ത്ഥന ചെയ്യുന്നു. എന്നാൽ ഇതിൽ ഒട്ടും കുറഞ്ഞ മ തിപ്പോടുകൂടിയതല്ല സന്യാസാന്തസ്സിലെ പുരുഷ ന്മാരുടെ ജീവിതം. ഇവർ പ്രവത്ഥന ജീവിതത്തിൽ യാതൊരു പങ്കുംകൊള്ളാത്തവരായി ദൈവ ധ്യാ നത്തിൽ മുഴുവനും എപ്പെട്ടിരിക്കാതെ, രണ്ടും, ക്ര മാനുക്രമമായി ശ്രദ്ധിക്കയും പുണ്യത്തിൽ തങ്ങളെ ത്തന്നെ ആശ്രമത്തിന്നുള്ളിൽ വെച്ചു പരിശീലി പ്പിച്ച് മിശിഹായുടെ നല്ല സൌരഭ്യത്തെ ശേ ഖരിക്കയും അതിനെ മററുള്ളവരുടെ ഗുണത്തിന്നാ യി തങ്ങളുടെ ചുററും വ്യാപിപ്പിക്കയും ചെയ്യുന്നു. ആകയാൽ പ്രിയപ്പെട്ട മക്കളേ, നിങ്ങളുടെ പു രോഗാമികളാൽ കാണിച്ചു തരപ്പെട്ടിട്ടുള്ള ധ്യാ നത്തിന്റെയും പ്രവത്തനത്തിന്റെയും സങ്കലന ത്തെ മുറുകെ പരിപാലിച്ചുകൊള്ളുക മാത്രമല്ല, നിങ്ങളുടെ ഇടയിൽ അതു തഴച്ചു ബലമുള്ളതാ യി വളരുമാറാക്കയും ചെയ്യാൻ പരിശ്രമിപ്പിൻ. എന്തെന്നാൽ, ഈ കാലത്തു മററു കാലങ്ങളെ അ പേക്ഷിച്ചു ദൈവത്തോടുള്ള ഉററ ഐക്യവും മ നുഷ്യരുടെ നേരെ എരിയുന്ന സ്നേഹവുമുള്ള വിശു ദ്ധ ശുശ്രൂഷകന്മാർ— നിങ്ങളുടെ വിശുദ്ധ ശ്രേ ന്യാമ്മ അത്യന്തം ആശയോടെ ആഗ്രഹിച്ച തര ത്തിലുള്ള പട്ടക്കാർ—തിരുസ്സഭയ്ക്കു അവശ്യമുണ്ടു.

അവസാനമായി ഇപ്പോഴത്തെ നാളിൽ ഏററ വും പ്രത്യക്ഷമായി കാണപ്പെടുന്നതായ നവീനത ങ്ങളിലുള്ള ആശ, പുണ്യ സമ്പാദ്യ ശാസ്ത്ര (ascetical theology) ത്തിന്റെയും ദൈവത്തോടുള്ള ഐക്യ ശാസ്ത്ര (mystical theology) ത്തിന്റെ യും സ്ഥാനങ്ങളെ ആക്രമിച്ചിരിക്കകൊണ്ടു ഈ ര

ണ്ട സംഗതികളിലും വിശുദ്ധ ത്രേസ്യായുടെ പഠനത്തെ ഭക്തിപൂർവ്വം പരിപാലിക്കേണ്ടതു എത്ര ആവശ്യമായതാണെന്നു എവക്കും കാണാവുന്നതാണ്. എന്തുകൊണ്ടെന്നാൽ "സർവ്വശക്തനായ ദൈവം ആ പുണ്യവതിയെ ജ്ഞാനത്തിൻെറ അരൂപികൊണ്ട നിറച്ചതിനാൽ അവിടന്നു തൻെറ സൽപ്രവൃത്തികളുടെ ദൃഷ്ടാന്തത്തെ തിരുസ്സഭക്കു അവകാശമായി കൊടുക്ക മാത്രമല്ലാ, തൻെറ ആ ദൃഷ്ടാന്തത്തെ ദൈവത്തോടുള്ള ഐക്യശാസ്ത്രത്തെക്കുറിച്ചും മററു ഭക്തിജനകമായ സംഗതികളെപ്പററിയും എഴുതീട്ടുള്ള പ്രബന്ധങ്ങളിലടങ്ങിയ സ്വർഗ്ഗീയ ബോധജ്ഞാനം കൊണ്ട നനസ്സയും ചെയ്തിരിക്കുന്നു." (Bull of Canoniz) ഇവയെ മാത്രം വായിച്ചാൽ ഒരു വിശുദ്ധ ജീവിതം കഴിക്കാൻ ആഗ്രഹിക്കുന്നവൻ മററൊന്നും ആവശ്യപ്പെടുകയില്ല. എന്തെന്നാൽ, ഇതുകൾമൂലം, ഭക്തിക്കടുത്ത ജീവിതത്തിൻെറ പ്രഖ്യാതയായ അദ്ധ്യാപിക ക്രിസ്ത്യ ജീവിതത്തിൻെറ ഒരു ഭദ്രമായ മാർഗ്ഗത്തെ അതിൻെറ ആരംഭംമുതൽ അതിൻെറ അവസാന പുണ്യ പരിപൂർണ്ണതയിൽ എത്തുംവരെ ചൂണ്ടിക്കാണിക്കുന്നുണ്ട്. ദുർഗ്ഗുണ തഴക്കങ്ങളെ നീക്കി ശരിപ്പെടുത്തുന്നതിന്നും ദുരാശകളെ ശമിപ്പിക്കുന്നതിന്നും പാപ മലിനതകളെ നീക്കികളയുന്നതിന്നും ഉത്തമങ്ങളായ മാർഗ്ഗങ്ങളെ ശരിയായി കാണിച്ചുതരുന്നു; പുണ്യത്തിലേക്കുള്ള സകല പ്രേരണകളും വായനക്കാരൻെറ മുമ്പാകെ വെക്കയും ചെയ്യുന്നു. ഈ വിഷയങ്ങളെയെല്ലാം വിസ്തരിച്ചു പറയുന്നതിൽ ദൈവ കാര്യങ്ങളിൽ ഈ പുണ്യവതിക്കുള്ള അത്ഭുതക

രമായ അറിവിനെ കാണിക്കയും ആത്മാക്കളുടെ സ്വഭാവത്തോടും അതിൻെറ അന്തർഗ്ഗതങ്ങളോടും അന്തർഗ്ഗതങ്ങളായ പ്രവൃത്തികളോടും പുണ്യവതിക്കുള്ള പരിജ്ഞാനത്തെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യുന്നു. മനുഷ്യ ദീനതയുടെ ഈ മഹൽ ജ്ഞാനത്തിലത്രെ—കരുണയിലേക്കും പരോപകാര പ്രവൃത്തികളിലേക്കും ഇത്രയധികമായി പുണ്യവതിയുടെ ഹൃദയത്തെ ചായിച്ച ആ ജ്ഞാനത്തിലത്രെ— മനുഷ്യരുടെ ഹൃദയങ്ങളുടെമേൽ ഇത്ര അതിശയനീയമായി പ്രയോഗിച്ചതായ പുണ്യവതിയുടെ ജപധ്യാനത്തിൻെറയും മാധുൎയ്യമേറിയ പെരുമാററത്തിൻെറയും വിശിഷ്ടമായ ശക്തിയെ അന്വേഷിക്കേണ്ടതു്. ഭാഗ്യസ്മരണയ്ക്കർഹനായ നമ്മുടെ പുരോഗാമി ൧൩-ാം ലെയോ, വിശുദ്ധ ത്രേസ്യായുടെ എഴുത്തുകളെപ്പററി പറകയിൽ ഇങ്ങിനെ ലളിതമായി പ്രസ്താവിക്കുന്നു. "അവയ്ക്കു മനുഷ്യ സംബന്ധിതമായതിനേക്കാൾ സ്വർഗ്ഗീയമായ ഒരു ശക്തിയാണുള്ളതു്. അവ ഏററം സാന്മാർഗ്ഗികമായ ഒരു ജീവിതം കഴിപ്പാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നു. എന്നുവെച്ചാൽ അവയുടെ വായന ആത്മാക്കളെ നടത്തുന്നതിൽ ഉദ്യമിച്ചിരിക്കുന്നവൎക്കും പുണ്യത്തിൻെറ ഉന്നതങ്ങളായ പാഥകളിൽ നടക്കുന്നവൎക്കും മാത്രമല്ല, ക്രിസ്തീയ ജീവിത മുറകളിലും, പുണ്യങ്ങളിലും താല്പൎയ്യമുള്ളവൎക്ക് അതായതു്: തങ്ങളുടെ ആത്മരക്ഷയെക്കുറിച്ചു എതെങ്കിലും പ്രകാരത്തിൽ താല്പൎയ്യമുള്ളവൎക്ക് അത്യന്തം ഉപകരിക്കും". *(Letter to Father Bonix S. J. March 17, 1883.)* ദൈവത്തോടുള്ള ഐക്യ

ശാസ്ത്രത്തെക്കുറിച്ചു പറയുന്നതായാൽ, ഈ കന്യക യുടെ സ്വന്തം സ്ഥാനത്തിലാണെന്നു തോന്നാൻ തക്കവണ്ണം ഉന്നതങ്ങളെന്നു പറയാവുന്ന ആ പ്രദേ ശങ്ങളെക്കുറിച്ചു അവിടന്നു സൈസ്ഥ്യമായി വിസ്തു രിക്കുന്നു. ആ ജീവിതത്തിൽ ഒരു രഹസ്യംപോലും അവിടന്നു വിസ്തരിക്കാത്തതായിട്ടും നമുക്കു വെളി പ്പെടുത്തി തരാത്തതായിട്ടും ഇല്ല. ധ്യാനത്തി ന്റെ എല്ലാ പദവികളിലും കൂടി കടന്ന് ആത്മാ വിന്റെ ദിവ്യങ്ങളായ പക്ഷങ്ങളെ അനുഭവവും പരിചയവും കൊണ്ടറിഞ്ഞിട്ടുള്ളവർക്കല്ലാതെ മററാ ക്കും അസാദ്ധ്യമായതായ അത്യുൽകൃഷ്ടമായ അഗ്രങ്ങ ളിൽ വിശുദ്ധ ത്രേസ്യാ എത്തുന്നു. എന്നിരുന്നാലും കത്തോലിക്കാ ദൈവശാസ്ത്രത്തിന്നു ലേശം എതിരാ യ ഒരു വാക്കുപോലും അവിടന്നു പറയുന്നില്ലാ. എ ന്നുമാത്രമല്ലാ, തിരുസ്സഭയിലെ വേദപാരഗന്മാരാ ൽ അവരുടെ എഴുത്തുകളിൽ അവ്യക്തമായി അവി ടവിടെ പഠിപ്പിക്കപ്പെട്ടിട്ടുള്ള ദൈവത്തോടുള്ള ഐക്യശാസ്ത്രത്തെ ഈ പുണ്യവതി ഒന്നായി ശേഖ രിച്ചു ക്രമപ്പെടുത്തിയിരിക്കുന്നതിനെക്കണ്ട് ആ കാ ലത്തുണ്ടായിരുന്ന അതിപ്രഖ്യാതന്മാരായ ശാസ്ത്രിക ൾക്കു അത്ഭുതം ജനിക്കത്തക്കവണ്ണം ഈ പുണ്യവതി അത്ര ലളിതവും വ്യക്തവുമായി അതിനെപ്പററി പ്രതിപാതിക്കുന്നു. നമ്മേക്കുറിച്ചു തന്നെ പറയു ന്നതായാൽ, ഈ കാലത്തു ഈ സംഗതിയിൽ പ്രബലങ്ങളായിരിക്കുന്ന അബദ്ധങ്ങളെ നാം നിരൂപണം ചെയ്യുന്ന അവസരത്തിൽ വിശുദ്ധ ത്രേസ്യാ ആത്മാവിന്റെ സ്നേഹൈക്യ വികാരങ്ങ ളെ വർണ്ണിച്ചു വിസ്തരിക്കയിൽ മനുഷ്യ സംബന്ധ

മായ അംശവും ദിവ്യാംശവും തമ്മിൽ വ്യത്യാസപ്പെടുത്തി, മനസ്സിന്റെ പ്രവൎത്തനങ്ങളിൽ നിന്നു ബുദ്ധിയുടെ പ്രവൎത്തനങ്ങളെ കൃത്യമായി വിവേചിക്കുന്നതിൽ പുണ്യവതി പ്രദൎശിപ്പിക്കുന്ന സൂക്ഷ്മദൃഷ്ടി മാത്രമല്ലാ, ഈ വികാരങ്ങളെ സകല പുണ്യങ്ങളുടേയും അഭ്യാസത്താൽ അനുഗമിക്കേണ്ടതെത്ര ആവശ്യമാണെന്നുള്ള ആ പുണ്യവതിയുടെ നിഷ്കൎഷ, വളരെ പ്രധാനമായ ഒന്നായി നാം കരുതുന്നു. ൧൦. പുണ്യവതി പഠിപ്പിക്കുന്നതു് ജപധ്യാനത്തിലുള്ള വിവിധ പദവികൾ ക്രിസ്ത്യ പുണ്യപരിപൂൎണ്ണതയിലേക്കുള്ള കയററത്തിൽ അത്ര വളരെ അടികളാണെന്നും ജപധ്യാനത്തിലുള്ള ഒരുവന്റെ അഭിവൃദ്ധി അയാളുടെ മുറകളെ എററം വിശ്വസ്തതയോടെ നിറവേററുന്നതുകൊണ്ടും അയാളുടെ ജീവിതത്തെ ശുദ്ധീകരിക്കുന്നതിലുള്ള വൎദ്ധമാനമായ ശുഷ്കാന്തികൊണ്ടും മുഖ്യമായി വിവേചിക്കപ്പെടുന്നു എന്നും, അവസാനമായി, ഒരുത്തൻ ദൈവത്തോടു സ്നേഹൈക്യത്താൽ എത്ര അധികം യോജിച്ചിരിക്കുമോ മററുള്ളവരുടെ നേരെയുള്ള അയാളുടെ സ്നേഹവും ആത്മാക്കളുടെ രക്ഷയെക്കുറിച്ചുള്ള അയാളുടെ വിചാരവും അത്രയധികം എരിവുള്ളതായി തീരുമെന്നും അത്രെ. വിശുദ്ധ ത്രേസ്യായുടെ ഈ പഠനങ്ങളെക്കുറിച്ചു ആലോചിക്കുന്ന എവരും ഈ ദുർഗ്രഹമായ വിഷയങ്ങളെക്കുറിച്ചു എഴുതീട്ടുള്ളവർ എത്ര ന്യായത്തോടെ ആ പുണ്യവതിയെ ഒരു അദ്ധ്യാപികയായി സമ്മതിച്ചു് അവിടത്തെ മാൎഗ്ഗദൎശനത്തെ അനുഗമിച്ചു എന്നും, എന്നുമാത്രമല്ലാ, തിരുസ്സഭാ വേദപാരഗന്മാൎക്കു ന

ൽകാറുള്ള ബഹുമതികളെ ഈ കന്യകയ്ക്കു എത്ര നീതിയോടെ നൽകുകയും ദൈവാരാധനക്രമത്തിൽ "നമ്മൾ പുണ്യവതിയുടെ സ്വർഗ്ഗീയ ഉപദേശ പഠനമാകുന്ന ആഹാരം കൊണ്ടു പോഷിപ്പിക്കപ്പെടുന്നതിന്നും പുണ്യവതിയുടെ ആർദ്രതരമായ ഭക്തിയുടെ തീക്ഷ്ണതയാൽ പഠിപ്പിക്കപ്പെടുന്നതിന്നും" ദൈവത്തോടു പ്രാർത്ഥിക്കുന്നു എന്നും ഗ്രഹിക്കും. ഈ നാളിൽ നിഗൂഢമായ മനശ്ശാസ്ത്രത്തെ (mystical psychology)കുറിച്ചു എഴുതുന്നവർ ഈ മഹാ അദ്ധ്യാപികയുടെ കാലടികളെ പിൻഗമിക്കാൻ തീർച്ചപ്പെടുത്തിയെങ്കിൽ എത്ര നന്നായിരുന്നു.

പ്രിയപ്പെട്ട മക്കളെ, വിശുദ്ധ ത്രേസ്യായുടെ മഹത്വത്തെ പ്രതിധ്വനിപ്പിക്കുന്നതായ പ്രധാന സംഗതികൾ നിങ്ങൾക്കു ഇവിടെ ഉണ്ട്. നിങ്ങൾ ഇവയെ എല്ലായിടത്തും പ്രസിദ്ധപ്പെടുത്തുന്നതായാൽ അവ ജനങ്ങളുടെ ഇടയിൽ ആ കന്യകയുടെ നേരെയുള്ള ഭക്തി വർദ്ധിപ്പിക്കുന്നതിനു വളരെ ഉപകരിക്കയും നിങ്ങൾ കൊണ്ടാടുവാൻ വിചാരിക്കുന്ന ആഘോഷങ്ങൾക്കു അതൊരു കൂടുതൽ ആഘോഷമായിരിക്കയും ചെയ്യും. എന്തെന്നാൽ വിശുദ്ധ ത്രേസ്യാ നാം മേലെഴുതിയതിൽ നിന്നു തെളിവായിരിക്കുന്നതുപോലെ "കർമ്മല മലയിൽ ഒരു ശോഭയേറിയ നക്ഷത്രത്തെപോലെ പ്രകാശിക്കയും തന്റെ മാലാഖക്കൊത്ത ജീവിതത്തിലെ സുകൃതങ്ങൾ കൊണ്ടും സ്വർഗ്ഗീയ ജ്ഞാനം കൊണ്ട് നിറഞ്ഞ തന്റെ എഴുത്തുകൾ കൊണ്ടും തങ്ങളുടെ മഹാ മാതാവിനാലും അദ്ധ്യാപികയാലും

നൽകപ്പെട്ടിരിക്കുന്ന ദൃഷ്ടാന്തത്തെ ഇത്ര വിശ്വസ്തതയോടെ അനുഗമിക്കുന്ന അനേകം മക്കളെക്കൊണ്ടും തിരുസ്സഭയെ അലങ്കരിക്കയും ചെയ്തിരിക്കുന്നു. (*Letter of Leo XIII to the Bishop of Salamanca*) വിശുദ്ധ ത്രേസ്യാ ഭക്തിയുള്ള സകല ജനങ്ങളുടെ ഇടയിലും അറിയപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യേണ്ടതു എത്രയും ആവശ്യമായിരിക്കുന്നു.

അതിന്നിടയിൽ സ്വർഗ്ഗീയകൃപയുടെയും നമ്മുടെ നന്മനസ്സിന്റെയും അടയാളമായി, പ്രിയപ്പെട്ട മക്കളേ, നിങ്ങൾക്കും വിശുദ്ധ ത്രേസ്യായുടെ സകല മക്കൾക്കും അപ്പോസ്തോല ആശീർവ്വാദത്തെ നാം ഏററവും വാത്സല്യത്തോടെ നൽകുന്നു.

റോമയിൽ വിശുദ്ധ പത്രോസിന്റെ അരമനയിൽ നിന്നു, വിശുദ്ധ തോമാസ് അക്വിനാസിന്റെ പെരുന്നാൾ ദിവസമായ ൧൯൨൩ മാർച്ച് ൭-ാം നു-, നമ്മുടെ ഭരണത്തിന്റെ ൨൨-ാം വർഷം.

൧൧-ാം പീയൂസ് പാപ്പാ.

MARQUES DE SAN JUAN DE PIEDRAS ALBAS

BIBLIOGRAFIA TERESIANA

SECCIÓN III

**Libros escritos exclusivamente sobre Santa Teresa de Jesús**

| | | | | |
|---|---|---|---|---|
| Número.... 3275 | Precio de la obra.... | Ptas. | ............ |
| Estante ...... 96 | Precio de adquisición. | » | ............ |
| Tabla........ 2 | Valoración actual.... | » | ............ |

3

279